FMPB
മിത്രസമാചാർ
(for private circulation only)

വാല്യം 15 ലക്കം 11 നവംബർ 2025

"കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം." മത്തായി. 22:39



# സ്നേഹം

## ക്രിസ്തുവിനെപ്പോലെയുള്ള സ്നേഹത്തിൽ ആഴമായി വളരുന്നു

യോഹ.21:15

# ആമുഖം ...




## സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മൂടുന്നു

ഒരു ഭവനത്തിലെ ഭാര്യാ ഭർത്താക്കന്മാർ തമ്മിൽ പലപ്പോഴും വഴക്കുണ്ടാക്കാറുണ്ടായിരുന്നു. ഒരു ദിവസം അവർ പരസ്പരമുള്ള പരാതികൾ വെവ്വേറെ പേപ്പറുകളിൽ എഴുതുവാൻ തീരുമാനിച്ചു. ഭർത്താവ് എഴുതുവാൻ തുടങ്ങിയപ്പോൾ അയാൾ ഇടയ്ക്കിടെ ഭാര്യയുടെ മുഖത്തേക്കു നോക്കി. ഓരോ തവണ അങ്ങനെ ചെയ്യുമ്പോഴും അയാളുടെ മുഖഭാവം കഠിനമായി. അയാൾ പെട്ടെന്നു പട്ടികയിൽ പുതിയതെന്തെങ്കിലും എഴുതി ചേർക്കും. ഇതു കണ്ട ഭാര്യ കൂടുതൽ അസ്വസ്ഥയാകുകയും കൂടുതൽ നിരാശയോടെ എഴുതുകയും ചെയ്യുന്നു.

എഴുതി തീർന്നയുടനെ അവർ പേപ്പറുകൾ പരസ്പരം കൈമാറി. ഭർത്താവ് തനിക്കെതിരെ ചെയ്ത ഓരോ തെറ്റുകളും ഭാര്യ പട്ടികയിൽ ചേർത്തിരുന്നു. എന്നാൽ ഭർത്താവിന്റെ പേപ്പർ അവളുടെ കൈയ്യിൽ കിട്ടിയപ്പോൾ അവൾ ആശ്ചര്യപ്പെട്ടു. പരാതികളോ കുറ്റപ്പെടുത്തലോ കണ്ടെത്തുന്നതിനു പകരം സ്നേഹം നിറഞ്ഞ വാക്കുകൾ അവൾ വായിച്ചു.

"ഞാൻ നിന്നെ സ്നേഹിക്കുന്നു. എനിക്കു നിന്നോടു ദേഷ്യമുണ്ട് പക്ഷേ ഞാൻ നിന്നെ സ്നേഹിക്കുന്നു. നീ കാരണം എനിക്കു വേദനകൾ ഉണ്ട് പക്ഷേ ഇപ്പോഴും ഞാൻ നിന്നെ സ്നേഹിക്കുന്നു.' ലളിതവും എന്നാൽ ശക്തവുമായ ആ വാക്കുകൾ അവൾ വായിച്ചപ്പോൾ അവളുടെ വേദനയുടെ കണ്ണുനീർ സന്തോഷാശ്രുക്കളായി മാറി. സത്യത്തിൽ എത്ര അതിശയകരമായിട്ടാണ് 1 പത്രോസ് 4:8 പ്രഖ്യാപിക്കുന്നത്, "സകലത്തിനും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ; സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു.'

നമ്മുടെ സംഘടനയുടെ ഒമ്പതാമത്തെ ധർമ്മചിന്തയാകുന്നു **സ്നേഹം** (മത്തായി22:39). ഇത്തരം കാലാതീതമായ വേദപുസ്തക തത്വത്തിലാണ് നമ്മുടെ സംഘടന സ്ഥാപിതമായത്. ഇന്നും അതിൽ തുടർന്നു വരുന്നു. ഭാഷ, വംശം, നിറം, സംസ്കാരം എന്നിവയുടെ അതിർവരമ്പുകൾ മറികടന്ന് യേശു കാണിച്ച സ്നേഹം നാം നമ്മുടെ സഹവാസികളോടു കാണിച്ചു വരുന്നു.

യേശു നമുക്കു തന്ന രണ്ടാമത്തെ വലിയ കല്പനയാണ് കൂട്ടുകാരനെ സ്നേഹിക്കുക എന്നത്. സ്നേഹമില്ലാതെ ആത്മാക്കളെ നേടണമെന്നുള്ള ഭാരം ചുമക്കുന്നത് അസാധ്യമാകുന്നു. ഈ സ്നേഹം പരിപോഷിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഞങ്ങൾ പ്രായ വ്യത്യാസമില്ലാതെ പരസ്പരം സഹോദരാ, സഹോദരി എന്നു വിളിക്കുന്നു. ഞങ്ങൾ പരസ്പരം ക്ഷേമം അന്വേഷിക്കുന്നു, അന്യോന്യം പ്രാർത്ഥിക്കുന്നു. സാധ്യമാകുമ്പോഴെല്ലാം പരസ്പരം സഹായിക്കുന്നു.

പരസ്പരം സ്നേഹിക്കേണ്ടത് നമ്മുടെ കടമയാണെന്നു റോമർ 13:7-10 നമ്മെ ഓർമ്മപ്പെടുത്തുന്നു. സ്നേഹിക്കുന്നതിലൂടെ നാം ന്യായപ്രമാണം നിവർത്തിക്കുന്നു. സഹോദര സ്നേഹത്തിലൂടെ മാത്രമേ ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിനു പൂർണ്ണത വരുത്തുവാൻ കഴികയുള്ളു എന്ന് സ്നേഹത്തിന്റെ അപ്പൊസ്തലൻ എന്നു വിളിക്കുന്ന അപ്പൊസ്തലനായ യോഹന്നാൻ നമ്മെ പഠിപ്പിക്കുന്നു.

ഈ സ്നേഹം വെറും വാക്കുകളിൽ ഒതുങ്ങരുത്. നമ്മുടെ പ്രവർത്തികളിലൂടെ അതു പ്രകടമാക്കണം. മറ്റുള്ളവരുടെ ആവശ്യങ്ങൾ നമ്മുടെ ആവശ്യങ്ങളെക്കാൾ ഉയർത്തിക്കാട്ടിയും സാഹചര്യങ്ങളെ അവരുടെ വീക്ഷണകോണിൽ നോക്കിയും സ്നേഹം പ്രകടമാക്കണം. തന്നെ ഒറ്റുക്കൊടുത്തവരോടും തള്ളിപ്പറഞ്ഞവരോടും ക്രൂശിച്ചവരോടും ക്ഷമിക്കുകയും അവർക്കു രക്ഷ നൽകുകയും ചെയ്ത് യേശുക്രിസ്തു ഈ സ്നേഹം പ്രകടമാക്കി.

നമ്മുടെ കാലഘട്ടത്തിൽ ഭർത്താക്കന്മാരെ കൊലപ്പെടുത്തിയവരോടു പരസ്യമായി ക്ഷമിച്ച ശ്രീമതി ഗ്ലാഡീസ് സ്റ്റെയിൻസ്, ശ്രീമതി എറിക്ക കിർക് എന്നിവരെ പോലെയുള്ള ആളുകളിൽ പ്രതിഫലിക്കുന്ന അതേ ക്രിസ്തു തുല്യമായ സ്നേഹം നാം കാണുന്നു. ആഴത്തിൽ മുറിവേറ്റാലും യഥാർത്ഥ സ്നേഹം ക്ഷമിക്കുമെന്ന് അവരുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു.

അതുകൊണ്ട് നമ്മുടെ അയൽക്കാരോട് - വീട്ടിലായാലും ജോലിസ്ഥലത്തായാലും ശുശ്രൂഷയിലായാലും - യാതൊരു പ്രതിഫലവും പ്രതിക്ഷിക്കാതെ നിരുപാധികമായ സ്നേഹം നാം പ്രകടിപ്പിച്ചാൽ നമ്മുടെ ദേശം സ്നേഹത്തിന്റെ സ്വാർത്ഥതയാൽ, സുവിശേഷത്താൽ തന്നെ കൂടുതൽ എളുപ്പത്തിൽ സ്പർശിക്കപ്പെടും. തീർച്ചയായും സ്നേഹം പാപത്തിന്റെ ബഹുത്വത്തെ മറെക്കുന്നു!

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"സകലത്തിനും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ, സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു."

– 1 പത്രൊസ് 4:8

"നമുക്ക് സ്നേഹത്തിൽ പ്രാർത്ഥിക്കുവാനും വെറുപ്പിൽ ജീവിക്കുവാനും ദൈവത്തെ ആരാധിക്കുന്നുവെന്ന് ചിന്തിക്കുവാനും കഴികയില്ല."

– എ ഡബ്ല്യു ടോസർ

"സഹോദരപ്രീതിയിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ."

– റോമർ 12:10

"നമ്മൾ ക്രിസ്തുവിൽ വസിക്കുന്നുവെന്നതിനു ലോകത്തിനും നമുക്കുമുള്ള തെളിവാണ് നാം മറ്റുള്ളവരെ സ്നേഹിക്കുന്നത്"

– നിക്കോളെ സ്റ്റേൺ


# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.



കേരള സോൺ:-

FMPB, വടവാതൂർ പി ഒ;

കോട്ടയം - 686 010

Mob: 9847 799 031; 9562 750 796

E-mail: abrahamthomas@fmpb.org



*FMPB* യുടെ പ്രതിമാസ സുവനം

ജനറൽ സെക്രട്ടറി

**വിജയ് പ്രസന്ന ഐസക്**

*Publisher & Editor*

**S. ജോൺ ബർലിൻ**


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur, Chennai - 600 053

Tel: +91-44-2657 0404 Fax: 2657 3353

Cell: 9444394342

E-mail: info@fmpb.org

Web site: www.fmpb.co.in



**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



## ദൈവീക ദൗത്യത്തിന്റെ ഹൃദയമിടിപ്പാണ് സ്നേഹം

*''നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു ലോകം അറിയും''* യോഹ.13:35.

### ദൈവ ഹൃദയത്തിന്റെ സ്പന്ദനം

ദൈവത്തിന്റെ പ്രകൃതം, പ്രചോദനം, ദൗത്യം എന്നിവയെ സംഗ്രഹിക്കുന്ന ഒരു വാക്കുണ്ടെങ്കിൽ അതു സ്നേഹമാകുന്നു. സ്നേഹം ദൈവം ചെയ്യുന്ന ഒരു പ്രവൃത്തിയല്ല; അത് ദൈവമാകുന്നു (1.യോഹ.4:8). സൃഷ്ടിക്കു മുമ്പ് ത്രിത്വത്തിന്റെ കൂട്ടായ്മക്കുള്ളിൽ സ്നേഹം ഒഴുകിക്കൊണ്ടിരുന്നു, അതു പിതാവായ ദൈവം പുത്രനെ സ്നേഹിക്കുന്നു, പുത്രൻ പിതാവിനെ സ്നേഹിക്കുന്നു, പരിശുദ്ധാത്മാവ് അവരെ പൂർണ്ണമായ ഐക്യത്തിൽ ബന്ധിപ്പിക്കുന്നു.

ആ നിത്യ സ്നേഹത്തിൽ നിന്നാണ് ദൈവം മനുഷ്യവംശത്തെ സൃഷ്ടിച്ചത്. അതെ സ്നേഹത്തിൽ നിന്നാണ് ലോകത്തെ വീണ്ടെടുക്കുവാൻ സ്വന്ത പുത്രനെ അയച്ചത്. സൃഷ്ടി മുതൽ വീണ്ടെടുപ്പു വരെയുള്ള എല്ലാ ദൈവീക പ്രവൃത്തികളും കുരിശു മുതൽ മഹത്തായ നിയോഗം വരെയുള്ളവയെല്ലാം സ്നേഹത്തിൽ ആരംഭിച്ച് സ്നേഹത്തിൽ അവസാനിക്കുന്നു.

*"സ്നേഹത്തിലുള്ള പ്രവൃത്തിയാണ് ദൗത്യം. ക്രിസ്തുവിനെ കൂടാതെ ലോകം നശിക്കുമ്പോൾ നിശ്ചലമായിരിക്കുവാൻ കഴിയാത്ത സ്നേഹമാണിത്"* (റവ. ഡോ. സാമുവേൽ റ്റികമലേശൻ). സ്നേഹം മങ്ങുമ്പോൾ ദൗത്യം ഒരു ഭാരമായി തീരും. സ്നേഹം ജ്വലിക്കുമ്പോൾ ദൗത്യം ഒരു അനുഗ്രഹമായി തീരും.

### 1. സ്നേഹം: ദൗത്യത്തിന്റെ ഉറവിടവും പ്രചോദനവും

സുവിശേഷത്തിന്റെ കഥ ആരംഭിക്കുന്നത് മനുഷ്യ പ്രയത്നത്തോടെയല്ല, മറിച്ച് ദൈവീക വാത്സല്യത്തോടെയാണ്. *"... ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു"* (യോഹ.3:16),

പിതാവിന്റെ സ്നേഹം പുത്രനെ അയച്ചു. പുത്രന്റെ സ്നേഹം അവനെ ക്രൂശിലേക്കു നയിച്ചു. ആത്മാവിന്റെ സ്നേഹം ലോകത്തിലേക്കു ഇറങ്ങിച്ചെല്ലുവാൻ സഭയെ ശക്തീകരിച്ചു.

എല്ലാ മിഷനറി പ്രസ്ഥാനത്തിന്റെയും ഓരോ കാരുണ്യ പ്രവൃത്തിയുടെയും അനുസരണത്തിനായുള്ള ഓരോ ആഹ്വാനത്തിന്റെയും പിന്നിലെ പ്രചോദനം സ്നേഹമാകുന്നു. ജോൺ സ്റ്റോട്ട് എഴുതി: *"നമ്മിൽ ജ്വലിക്കുന്ന സ്നേഹത്തിന്റെ അഗ്നി ജ്വലിപ്പിക്കുന്ന തീയാണ് കുരിശിൽ ജ്വലിക്കുന്നത്; എന്നാൽ അതിലെ തീപ്പോരികൾ തമ്മിൽ പതിക്കത്തക്കവിധം നാം അതിലേക്കു അടുക്കണം."* സ്നേഹമില്ലാത്ത ദൗത്യം ഒരു പദ്ധതിയാണ്; സ്നേഹത്തോടെ അതു ദൈവത്തിന്റെ ഹൃദയവുമായുള്ള ഒരു പങ്കാളിത്തമായി മാറുന്നു.

അതു കൊണ്ടാണ് പൗലൊസ് **1 കൊരി. 13:1–2** ൽ എഴുതിയത്, *"ഞാൻ മനു*

*ഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ... മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല."* അതുകൊണ്ട് നമ്മുടെ എല്ലാ വാക്ചാതുര്യവും നേട്ടങ്ങളും വിശ്വാസം പോലും സ്നേഹത്താൽ പ്രചോദിതമല്ലെങ്കിൽ അർത്ഥശൂന്യമാകും.

## 2. സ്നേഹം: ശിഷ്യത്വത്തിന്റെ ഭാഷ *(യോഹ.21:15-17)*

പത്രോസിന്റെ പരാജയത്തിനും തള്ളിപ്പറയലിനും ശേഷം യേശു അവനെ ഗലീല കടൽക്കരയിൽ എതിരേറ്റത് കുറ്റ വിധിയോടെയല്ല മറിച്ച് അനുകമ്പയോടെയാണ്.

*"യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?"* (യോഹ.21:15). ഈ ചോദ്യം തികെച്ചും വ്യക്തിപരമായിരുന്നു. "ഇവരിൽ അധികമായി" എന്നത് അർത്ഥമാക്കുന്നത്,

- നിന്റെ വലയെക്കാൾ പടകിനെക്കാൾ അധികമായി, (നിന്റെ ഉപജീവന മാർഗ്ഗം/ തൊഴിൽ/ ഔദ്യോഗിക ജീവിതം)?
- നിന്റെ കൂട്ടാളികളെക്കാൾ (നിങ്ങളുടെ ബന്ധങ്ങൾ/ മുൻഗണന)?
- നിങ്ങളുടെ അഭിമാനത്തെക്കാൾ, നിങ്ങളുടെ ഭൂതകാലത്തെക്കാൾ (നിങ്ങളുടെ സ്വന്ത പ്രതിച്ഛായ)?

യേശു പത്രോസിന്റെ ഹൃദയത്തെ പരിശോധിച്ചത് അവന്റെ അറിവോ, കഴിവോ കൊണ്ടല്ല മറിച്ച് അവന്റെ വാത്സല്യം കൊണ്ടാണ്. അവന്റെ ശുശ്രൂഷ പുനഃസ്ഥാപിക്കുന്നതിനു മുമ്പ് യേശു അവന്റെ സ്നേഹം പുനഃസ്ഥാപിച്ചു. ***കർത്താവേ എനിക്കു നിന്നോടു പ്രീയമുണ്ടെന്നു നീ അറിയുന്നുവല്ലോ*** എന്നു പത്രോസ് ഏറ്റു പറഞ്ഞ ഓരോ തവണയും ***എന്റെ കുഞ്ഞാടുകളെ മേയ്ക്ക... എന്റെ ആടുകളെ പാലിക്ക... എന്റെ ആടുകളെ മേയ്ക്ക*** എന്നു യേശു മറുപടി പറഞ്ഞു. ഈ ക്രമം പ്രാധാന്യമുള്ളതാണ്: ആദ്യം സ്നേഹം, പിന്നെ ശുശ്രൂഷ. സ്നേഹമില്ലാത്ത ശുശ്രൂഷ കൃത്രിമമായി മാറുന്നു. എന്നാൽ സ്നേഹത്തിലുടെയുള്ള സേവനം രൂപാന്തരപ്പെടുത്തുന്നു.

*"നമ്മൾ എത്രമാത്രം ചെയ്യുന്നു എന്നതല്ല നാം ചെയ്യുന്ന പ്രവൃത്തിയിൽ എത്രത്തോളം സ്നേഹം ചെലുത്തുന്നു എന്നതാണ് പ്രാധാന്യം"* (മദർ തെരെസ). യഥാർത്ഥ ശിഷ്യത്വം ആരംഭിക്കുന്നതും പക്വത പ്രാപിക്കുന്നതും സ്നേഹത്തിലൂടെയാണ്. അതുകൊണ്ടാണ് പൗലൊസ് 1 കൊരിന്ത്യർ 13:4-7 ൽ സ്നേഹത്തെ വിശദീകരിച്ചത്: *"ദീർഘമായി ക്ഷമിക്കുന്നു, ദയ കാണിക്കുന്നു, സ്പർദ്ധിക്കുന്നില്ല, നഗിളിക്കുന്നില്ല, ചീർക്കുന്നില്ല... എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു."* ഒരു ശിഷ്യനെ നിലനിർത്തുന്നതും ഒരു നേതാവിനെ രൂപാന്തരപ്പെടുത്തുന്നതും ഒരു മിഷനറിയെ നിർബന്ധിക്കുന്നതുമായ സ്നേഹം ഇത്തരത്തിലുള്ളതാണ്.

## 3. സ്നേഹം: നിലനിൽക്കുന്ന ശക്തി

ദൗത്യം ഒരു ഹൃസ്വദൂര ഓട്ടമല്ല, അതു ഒരു മാരത്തോൺ മത്സരയോട്ടമാണ്. കഷ്ടപ്പാടുകളുടെയും തെറ്റിദ്ധാരണകളുടെയും ക്ഷീണത്തിന്റെയും താഴ്‌വരകളിലൂടെ കടന്നു പോകുന്ന അജീവനാന്ത യാത്ര. മിഷനറിയെ നിലനിർത്തുന്നത് ആസൂത്രണമല്ല മറിച്ച് **സ്നേഹ**മാണ്. *"ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു"* - 2 കൊരി.5:14. നിർബന്ധിക്കുക എന്ന വാക്കിന്റ ഗ്രീക്കു പദം 'സുനെച്ചോ' (sunecho) അർത്ഥമാക്കുന്നത് *"എല്ലാ*

*വശങ്ങളിലും നിന്നുള്ള സമ്മർദ്ദം*" എന്നാണ്. വഴി ദുഷ്കരമാകുമ്പോൾ സ്നേഹം നമ്മെ വലയം ചെയ്യുന്നു, നിലനിർത്തുന്നു, ശക്തിപ്പെടുത്തുന്നു. "*സ്നേഹം യാഥാർത്ഥ്യമാകണമെങ്കിൽ അതിനു വില നൽകണം, അത് വേദനിപ്പിക്കണം, അത് നമ്മുടെ സ്വയത്തെ ശൂന്യമാക്കണം*"

കരഘോഷം മങ്ങുമ്പോഴും ഫലം കാണാത്തതായി തോന്നുമ്പോഴും കണ്ണുനീർ പെരുകുമ്പോഴും ഈ സ്നേഹം നമ്മെ തീർച്ചയായും നില നിർത്തും. ഒരിക്കലും പരാജയപ്പെടാത്തവനിൽ വേരൂന്നിയ സ്നേഹമാകയാൽ അത് എല്ലാം സഹിക്കും (1 കൊരി. 13:8). ഇത്തരത്തിൽ സ്ഥിരോത്സാഹവുമുള്ളതും ക്ഷമിക്കുന്നതും ത്യാഗപൂർണ്ണമായ സ്നേഹത്തെ കാണുന്ന ലോകം യേശുക്രിസ്തുവിനെ തന്നെ കാണുന്നു.

## 4. സ്നേഹം: ദൗത്യത്തിന്റെ ലക്ഷ്യം

മഹത്തായ ദൗത്യം അതിന്റെ ആത്മാവിനെ കണ്ടെത്തുന്നത് മഹത്തായ കല്പനയിലാണ്: "*നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം... കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം*"(മത്തായി 22:37-39). ദൗത്യം എന്നത് വിവരങ്ങൾ പ്രചരിപ്പിക്കുക മാത്രമല്ല, സ്നേഹത്തിലൂടെ രൂപാന്തരീകരണം പങ്കുവെക്കുകയാണ്. നാം ക്രിസ്തുവിനെ സ്നേഹത്തിൽ പ്രഖ്യാപിക്കുമ്പോൾ സുവിശേഷം വിശ്വസനീയമായിത്തീരുന്നു. "*യേശുവിനെപ്പോലെ നമ്മെയും ഈ ലോകത്തിലേക്കു അയച്ചത് സേവിക്കുവാനാണ് ആധിപത്യം സ്ഥാപിക്കാനല്ല; സ്നേഹിക്കുവാനാണ് കുറ്റം വിധിക്കാനല്ല*" (ജോൺ സ്റ്റോട്ട്). എല്ലാ ശുശ്രൂഷയുടെയും അവസാനം, ഓരോ ദൗത്യത്തിന്റെ പൂർത്തീകരണം മാനവരാശിയെ ദിവ്യ സ്നേഹത്തിന്റെ ആലിംഗനത്തിലേക്കു കൊണ്ടുവരിക എന്നതാകുന്നു. വിശ്വാസം ഒരിക്കൽ കാഴ്ചയായി മാറും, പ്രത്യാശ ഒരു ദിവസം പൂർത്തീകരണം കണ്ടെത്തും, എന്നാൽ പൗലൊസ് പ്രഖ്യാപിക്കുന്നതു പോലെ "*സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല*" (1 കൊരി.13:8).

## 5. സ്നേഹം: നവീകരണത്തിനുള്ള ആഹ്വാനം

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ചോദ്യം ഇന്നും നമ്മുടെ ഹൃദയങ്ങളിൽ അലയടിക്കുന്നു: "**നീ ഇവയിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?**" ഈ ചോദ്യം ഓരോ വിശ്വാസിയോടും ഓരോ നേതാവിനോടും ഒരോ മിഷനറിയോടുമുള്ളതാണ്. വിജയം, ആശ്വാസം, കരഘോഷം അല്ലെങ്കിൽ പദവികൾ ഇവയിൽ അധികമായി നാം ക്രിസ്തുവിനെ സ്നേഹിക്കുന്നുവോ? അവൻ അയയ്ക്കുന്നിടത്തേക്കു പോകുവാനും അവൻ ചോദിക്കുന്നതു നൽകുവാനും അംഗീകാരമില്ലാതെ സേവിക്കുവാനും തക്കവണ്ണം നാം യേശുവിനെ സ്നേഹിക്കുന്നുവോ?

ഡോ. കമലേശൻ പലപ്പോഴും പറഞ്ഞതു പോലെ "*സ്നേഹം പ്രചോദിപ്പിക്കുമ്പോൾ ഒരു ത്യാഗവും അമിതമല്ല, സ്നേഹമില്ലെങ്കിൽ ചെറിയ ജോലികൾ പോലും ഭാരമുള്ളതായി തോന്നും.*" ആദ്യ സ്നേഹത്തിന്റെ ലാളിത്യത്തിലേക്കും ആത്മാർത്ഥതയിലേക്കും നാം മടങ്ങുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതായത് യേശു പ്രശംസിച്ച മറിയയുടെ ഭക്തിയിലും പത്രോസിന്റെ ഹൃദയത്തിലും പുനഃസ്ഥാപിക്കപ്പെട്ടതും വെളിപ്പാട് പുസ്തകത്തിൽ സഭയോടു കർത്താവ് ആവശ്യപ്പെട്ടതും ഈ സ്നേഹമാണ്. "**എങ്കിലും നിന്റെ ആദ്യസ്നേഹം നീ വിട്ടുകളഞ്ഞു**" (വെളിപ്പാട് 2:4).

## ഹൃദയത്തോടുള്ള ഒരു വെല്ലുവിളി

നമുക്ക് ഒരു നിമിഷം നിന്ന് അവന്റെ സ്നേഹത്തിൽ അത്ഭുതപ്പെടാം:

അവന്റെ സ്നേഹം അത്ഭുതകരവും സ്ഥിരവുമാണ്. അത് കാലങ്ങൾക്കോ സാഹചര്യങ്ങൾക്കോ അനുസരിച്ച് മാറുകയില്ല. അവന്റെ സ്നേഹം അനന്തവും ആഴമേറിയതുമാണ്. നമ്മുടെ ഹൃദയത്തിന്റെ ഇരുണ്ട മൂലകളിൽ വരെ അത് എത്തിച്ചേരുകയും നിത്യ കൃപയാൽ നമ്മെ ആശ്ലേഷിക്കുകയും ചെയ്യും. അവന്റെ സ്നേഹം ക്ഷമിക്കുന്നതും കൃപയുള്ളതുമാണ്, നാം വീഴുമ്പോൾ നമ്മെ എഴുന്നേൽപ്പിക്കും നാം പരാജയപ്പെടുമ്പോൾ നമ്മെ യഥാസ്ഥാനപ്പെടുത്തും. അവന്റെ സ്നേഹം പവിത്രവും അളക്കുവാൻ കഴിയാത്തതും സത്തയിൽ വിശുദ്ധവും ഗ്രഹിക്കുവാൻ കഴിയാത്തവിധം വിശാലവുമാണ്. നമ്മുടെ ഭക്തിയെപ്രതി അവന്റെ സ്നേഹം അസൂയയുള്ളതാണ്, എന്നാൽ നമ്മുടെ ബലഹീനതയോടെ ദയയും ക്ഷമയും കാണിക്കുന്നു. അവന്റെ സ്നേഹം ശാശ്വതവും അത്ഭുതകരവുമാണ്, ജീവിതത്തിന്റെ കൊടുങ്കാറ്റുകളിൽ ഒരിക്കലും പരാജയപ്പെടുകയില്ല. അവന്റെ സ്നേഹം വീണ്ടെടുപ്പിന് ശക്തിയുള്ളതും കൊടുക്കുന്നതിൽ ത്യാഗമനസ്സും എല്ലാ വാഗ്ദാനങ്ങളും സത്യവുമാകുന്നു. അവന്റെ സ്നേഹം ഉപാധികളില്ലാത്തതും വിലപ്പെട്ടതും അത്ഭുതകരവും ആവേശകരവും തീഷ്ണവും തന്റെ ജനത്തോടുള്ള അഭിനിവേശത്തിൽ സജീവവുമാണ്. തീർച്ചയായും അവന്റെ സ്നേഹം വിവരണങ്ങൾക്ക് ആതീതമാണ്. നമ്മുടെ വിശ്വാസത്തിന്റെ ഏറ്റവും വലിയ രഹസ്യവും അതി മനോഹരവുമായ യാഥാർത്ഥ്യമാകുന്നു.

നമ്മെ വിളിക്കുന്നതും നമ്മെ മാറ്റുന്നതും ഭൂമിയുടെ അറ്റത്തോളം ഈ വെളിച്ചം എത്തിക്കുവാൻ നമ്മെ നിർബന്ധിക്കുന്നതും ഈ സ്നേഹമാകുന്നു. 1 കൊരിന്ത്യർ 13:13 ൽ പൗലൊസ് ഇങ്ങനെ ഉപസംഹരിക്കുന്നു, *"ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു: ഇവയിൽ വലിയതോ സ്നേഹം തന്നേ."* അതുകൊണ്ട് നമ്മുടെ ദൗത്യത്തിൽ സ്നേഹത്തെ നമ്മുടെ ഏറ്റവും ഉയർന്ന ലക്ഷ്യവും ആഴമേറിയ പ്രചോദനവുമാക്കാം.

## 6 കൊച്ചു കുട്ടികളെ സ്വാഗതം ചെയ്യുന്ന സ്നേഹം.

ഈ മാസം നാം ശിശുദിനം ആഘോഷിക്കുമ്പോൾ യേശു പറഞ്ഞ ആർദ്രമായ നിമിഷത്തിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാം. *"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു; ദൈവരാജ്യം ഇങ്ങനെയുള്ളവരുടെതല്ലോ"* (മർക്കൊസ്.10:14). ചെറിയ കുട്ടികളെ അവഗണിക്കുന്ന ഒരു സംസ്കാരത്തിൽ യേശു അവരെ കേന്ദ്രസ്ഥാനത്തേക്കു ഉയർത്തി. അവരെ അനുഗ്രഹിച്ചു. അവരെ അണച്ചു. സത്യ വിശ്വാസത്തിന്റെ മാതൃക അവരാണെന്നു പ്രഖ്യാപിച്ചു. ഓരോ കുട്ടിയും ദൈവത്തിന്റെ സൃഷ്ടിപരമായ സ്നേഹത്തിന്റെയും നമ്മുടെ കരങ്ങളിൽ അർപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തിൻെറയും പ്രതിഫലനമാകുന്നു. കുട്ടികളെ സ്നേഹിക്കുക എന്നാൽ സഭയുടെയും രാജ്യത്തിന്റെയും ഭാവിയെ സ്നേഹിക്കുക എന്നാണ്. *"തന്റെ മക്കളെ സ്നേഹിക്കുവാൻ പരാജയപ്പെടുന്ന സഭ അതിന്റെ ഭാവി കാണുന്നതിൽ പരാജയപ്പെടുന്നു."* ഈ ശിശു ദിനത്തിൽ സ്നേഹത്തിലും സത്യത്തിലും ക്രിസ്തുവിന്റെ സന്തോഷത്തിലും കുട്ടികളെ പരിപോഷിക്കുന്നതിനുള്ള നമ്മുടെ വിളിയെ വീണ്ടും ഉറപ്പിക്കാം. നമ്മുടെ വീടുകളും പള്ളികളും മിഷൻ വയലുകളും യേശു തങ്ങളെ ആഴമായി നിരുപാധികം സ്നേ

ഹിക്കുന്നു എന്ന് കുഞ്ഞു ഹൃദയങ്ങൾ നേരത്തെ മനസ്സിലാക്കുന്ന ഇടങ്ങളായി തീരട്ടെ.

പ്രീയപ്പെട്ട സഹോദരീ സഹോദരന്മാരേ, വെറുപ്പ്, അത്യാഗ്രഹം, നിസ്സംഗത എന്നിവയാൽ തകർന്ന ഒരു ലോകത്ത് നമ്മുടെ ഏറ്റവും വലിയ ക്ഷമാപണം സ്നേഹമായി തുടരുന്നു. **സ്നേഹം** ആകുന്നു നമ്മുടെ സ്വത്വം, സ്നേഹമാണ് നമ്മുടെ വിളി, സ്നേഹമാണ് നമ്മുടെ സാക്ഷി, സ്നേഹമാണ് നമ്മുടെ ദൗത്യം.

യേശുവിനെ കുരിശിലേക്കു നയിച്ചതായ, കടൽക്കരയിൽ പത്രോസിനെ യഥാസ്ഥാനപ്പെടുത്തിയ, പൗലൊസിനെ പ്രസംഗിക്കുന്നതിനു പ്രേരിപ്പിച്ച, തലമുറകളായി മിഷനറിമാരെ ഭൂമിയുടെ അറുതികളിലേക്കു പോകുവാൻ പ്രചോദനം നൽകിയ ഈ ആദ്യ സ്നേഹത്താൽ പരിശുദ്ധാത്മാവ് നമ്മെ പുതുക്കുമാറാകട്ടെ. ***'‘നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ”*** – 1 കൊരിന്ത്യർ 16:14.

**ഒക്ടോബർ നാലിന്** ദൈവരാജ്യത്തിനു വേണ്ടി അക്ഷീണം അദ്ധ്വാനിച്ച ആന്ധ്രപ്രദേശിൽ നിന്നുള്ള ആദ്യ മിഷനറിയായ സജീവ സേവനത്തിൽ നിന്നു വിരമിക്കുന്ന നമ്മുടെ മിഷനറി റവ. പ്രശാന്ത് കുമാർ കാക്കിയുടെ വിശ്വസ്ത സേവനം ഞങ്ങൾ സന്തോഷത്തോടെ ആഘോഷിച്ചു. പതിറ്റാണ്ടുകളുടെ അദ്ദേഹത്തിന്റെ സമർപ്പണവും ത്യാഗപൂർവ്വമായ പ്രവർത്തനവും അചഞ്ചലമായ വിശ്വാസവും ദൈവകൃപയുടെയും ദൈവീക വിശ്വസ്തതയുടെയും സാക്ഷ്യമായി നിലകൊള്ളുന്നു. ഫലകരമായ വിശ്രമ ജീവിതത്തിനും തുടർമാനമായ സാക്ഷ്യത്തിന്റെയും പുതിയ പ്രവർത്തനം കാഴ്ച വെക്കുവാനായി നമുക്കു അദ്ദേഹത്തിനു വേണ്ടി തുടർന്നും പ്രാർത്ഥിക്കാം.

**ഒക്ടോബർ 5** ന് ചെന്നയിലെ കീൽക്കത്തയിൽ വെച്ച് നമ്മുടെ നേതാക്കൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നേതാക്കളുടെ കുടുംബസംഗമം സംഘടിപ്പിച്ചു. ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഭാരങ്ങൾ പങ്കുവെക്കുന്നതിനും ദൈവത്തിന്റെ നന്മയിൽ ഒരുമിച്ചു സന്തോഷിക്കുന്നതിനുമുള്ള നവോന്മേശദായകമായ അവസരമായിരുന്നിത്. പ്രാർത്ഥനയുടെയും പങ്കുവെക്കലിന്റെയും പരസ്പര പ്രോത്സാഹനത്തിന്റെയും നിമിഷങ്ങൾ നേതാക്കളുടെ പിന്നിലുള്ള കുടുംബങ്ങളും ദൗത്യത്തിന്റെ ഭാഗമാണെന്നു നമ്മെ ഓർമ്മിപ്പിച്ചു. റവ. ജെ എസ് ശാന്തരാജ് മൂന്നു മിഷനറിമാരുടെ സമർപ്പണ ശുശ്രൂഷക്കു നേതൃത്വം നൽകി.

ദൈവത്തിന്റെ വലിയ കൃപയാൽ പഞ്ചാബിലെ നമ്മുടെ ശുശ്രൂഷയുടെ സുവർണ്ണ ജൂബിലി ബുധ്‌ലാടയിൽ വെച്ച് ഏറെ ആനന്ദത്തോടും നന്ദിയോടും കൂടി ആഘോഷിച്ചു. 50 വർഷത്തെ ദൈവത്തിന്റെ വിശ്വസ്തതക്കു നന്ദിയും സ്തോത്രവും കരേറ്റുന്നതിനായി 1500 ലധികം ആളുകൾ വന്നു ചേർന്നു. ചണ്ഡീഗഢ് മഹായിടവക ബിഷപ്പ്, പ്രാദേശിക എം എൽ എ, ന്യൂനപക്ഷ കമ്മീഷൻ ജനറൽ സെക്രട്ടറി എന്നിവരുടെ സാന്നിധ്യം ഈ പരിപാടിയുടെ യശസ്സ് ഉയർത്തി. വരും വർഷങ്ങളിൽ മഹത്വകരമായ ദർശനത്തോടെ വലിയ കൊയ്ത്തിനായി ഒരുങ്ങുവാൻ സഭകളെയും മിഷനറിമാരെയും വെല്ലുവിളിച്ചു. ചെന്നയിൽ നിന്നും കോയമ്പത്തൂരിൽ നിന്നുമുള്ള ധാരാളം പ്രാർത്ഥനക്കൂട്ട നേതാക്കന്മാർ ഈ ആഘോഷത്തിൽ പങ്കെടുത്തു.

**ഒക്ടോബർ 14** ന് ഈ മിഷനറിമാരിൽ കുറച്ചു പേരെ കാണുന്നതിനും അവരോടു കൂടെ കൂട്ടായ്മക്കും പ്രാർത്ഥനക്കുമായി സമയം ചിലവിടുന്നതിനുമുള്ള ഭാഗ്യം എനിക്കു ലഭിച്ചു. അവരുടെ അനുഭവസാക്ഷ്യം കേൾക്കുന്നതിനും ബുദ്ധിമുട്ടുകൾക്കിടയിലുള്ള അവരുടെ അചഞ്ചലമായ വിശ്വാസം കാണുന്നതിനും സാധിച്ചത് വലിയൊരനുഗ്രഹമായിരുന്നു. അവരുടെ ദൃഢമായ വിശ്വാസവും ശാന്തമായ ശക്തിയും അചഞ്ചലമായ പ്രത്യാശയും എന്നെ ആഴത്തിൽ സ്പർശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ദൈവത്തിന്റെ പ്രവൃത്തി പലപ്പോഴും നിശബ്ദമായും എന്നാൽ ശക്തമായി ഏറ്റവും കഠിനമായ സ്ഥലങ്ങളിലും തുടരുന്നുവെന്ന ഓർമ്മപ്പെടുത്തലായിരുന്നത്.

നമ്മുടെ നിരവധി മിഷൻ സ്റ്റേഷനുകൾ ഇപ്പോഴും കടുത്ത പ്രതിരോധം നേരിടുന്നു. സാക്ഷ്യത്തിൽ ഉറെച്ചു നിൽക്കുവാൻ ദൈവം നമ്മുടെ മിഷനറിമാർക്കും സുവിശേഷകർക്കും വിശ്വാസികൾക്കും ധൈര്യവും ജ്ഞാനവും കൃപയും നൽകേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം. അവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കട്ടെ, സ്നേഹത്തിൽ ഭയമില്ലാതെ സേവനത്തിൽ ഫലപ്രദമായി തീരട്ടെ. നിങ്ങളുടെ പ്രാർത്ഥനയാണ് അവരുടെ ശക്തി. ക്ഷീണിച്ച ഹൃദയങ്ങളെ അവർ ഉയർത്തുന്നു. വിശ്വസ്ത സാക്ഷ്യം നിലനിർത്തുന്നു. ശത്രുതയുള്ള പ്രദേശത്തു പോലും അവർ ദൈവീക ദൗത്യവുമായി മുന്നേറുന്നു. അവന്റെ മഹത്വത്തെക്കുറിച്ചുള്ള അറിവിൽ ഈ ഭൂമി മുഴുവൻ നിറയുന്നതു വരെ നമുക്കു സ്നേഹത്തിലും മദ്ധ്യസ്ഥതയിലും ഒരുമിച്ചു നിൽക്കാം.

ഈ മാസത്തിന്റെ അവസാനം നടത്തുവാനിരിക്കുന്ന മാനേജ്മെന്റ് കമ്മറ്റി, എക്സിക്യൂട്ടിവ് കമ്മറ്റി എന്നിവക്കായി പ്രാർത്ഥിക്കുക. നമ്മുടെ മിഷന്റെ പുരോഗതിക്കും രാജ്യത്തുടനീളമുള്ള നമ്മുടെ ശുശ്രൂഷകളെ ശക്തിപ്പെടുത്തുന്നതിനുമായി പ്രധാന തീരുമാനങ്ങൾ എടുക്കുമ്പോൾ ദിവ്യ ജ്ഞാനവും ഹൃദയ ഐക്യവും വ്യക്തമായ ദൈവീക മർഗ്ഗനിർദ്ദേശവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

വെല്ലുവിളികൾ നിറഞ്ഞ ഈ നാളുകളിൽ സ്നേഹം വെളിപ്പെടുത്തിയ. മോചനം നൽകിയ ക്രൂശിലേക്കു നമുക്കു തിരികെ പോകാം. നമ്മുടെ ദൗത്യത്തിന്റെ പ്രേരക ശക്തിയും സേവനത്തിന്റെ ശക്തിയും വിജയത്തിന്റെ അളവു കോലും സ്നേഹമായിരിക്കട്ടെ. സ്നേഹം നയിക്കുമ്പോൾ ദൈവരാജ്യം പുരോഗമിക്കും.

നമ്മുടെ ദൗത്യം വിശുദ്ധ സ്നേഹത്താൽ അടയാളപ്പെടുത്തട്ടെ – പ്രാർത്ഥിക്കുകയും നൽകുകയും ക്ഷമിക്കുകയും പോകുകയും ചെയ്യുന്ന സ്നേഹം. ക്രിസ്തു ആദ്യം ലോകത്തെ സ്നേഹിച്ചതിനാൽ സ്നേഹം ലോകത്തെ ആശ്ലേഷം ചെയ്തു.

**“നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ”**
– 1 കൊരിന്ത്യർ 16:14.

കർത്താവിന്റെ ദൗത്യനിർവഹണത്തിൽ



**റവ. വിജയ് പ്രസന്ന ഐസക്ക്**

**സ്നേഹം**
**ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയമിടിപ്പാണ്, അതില്ലാതെ മറ്റെല്ലാം അർത്ഥശൂന്യമാണ്**
**– ചാൾസ് സ്പർജൻ**

# ദൗത്യമെത്ത ചലിപ്പിക്കുന്ന സ്നേഹം

*"നിങ്ങൾക്കു സ്നേഹമില്ലാതെ നൽകുവാൻ കഴിയും പക്ഷേ നിങ്ങൾക്കു നൽകാതെ സ്നേഹിക്കുവാൻ കഴിയുകയില്ല."* – **എമി കാർമൈക്കൽ**

*"ദൈവത്തിനു ഒരു പുത്രനെ ഉണ്ടായിരുന്നുള്ളു. ദൈവം അവനെ മിഷനറിയാക്കി."* – **ഡേവിഡ് ലിവിങ്സ്റ്റൺ**

ഈ ശക്തമായ വാക്കുകൾ മനുഷ്യരാശിക്കു വേണ്ടി ചൊരിയപ്പെട്ട ദിവ്യ സ്നേഹത്തിന്റെ ആഴത്തെ പ്രതിഫലിപ്പിക്കുന്നു – നമ്മെ ദൗത്യത്തിലേക്കു നയിക്കുന്ന ദിവ്യ സ്നേഹം.

**മഹത്തായ കല്പന:** *''യേശു അവനോടു : നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു"* – മത്തായി 22:37–40.

**LOVE എന്ന ഇംഗ്ലീഷ് വാക്കിലെ ആദ്യാക്ഷരങ്ങൾ ചേർത്തു നൽകുന്ന വിശദീകരണം.**

**L – Listen:** ദൈവത്തെയും മറ്റുള്ളവരെയും സഹാനുഭൂതിയോടെ ശ്രദ്ധിക്കുക.

**O – Obey:** ജീവിതത്തിന്റെ സമസ്ത മേഖലയിലും ദൈവത്തെ അനുസരിക്കുക.

**V – Value** ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമുള്ളവരായി മനുഷ്യരെ വിലമതിക്കുക.

**E – Engage:** ദയയും നീതിയും നിറഞ്ഞ പ്രവൃത്തികളിൽ ഏർപ്പെടുക.

ദൈവത്തെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കുക എന്നാൽ നമ്മുടെ മുഴുവൻ ജീവിതത്തെയും അവന്റെ ദൗത്യവുമായി പൊരുത്തപ്പെടുത്തുക എന്നാകുന്നു.

**കല്പന ഗ്രഹിക്കുക:** മത്തായി 22:37 ൽ യേശു നമ്മോടു കല്പിച്ചു, പൂർണ്ണ ഹൃദയത്തോടും ആത്മാവോടും മനസ്സോടും കൂടെ ദൈവത്തെ സ്നേഹിക്കണം.

മർക്കൊസ് 12:30 ൽ യേശു ഈ പട്ടികയോടു കൂടെ **ശക്തിയും** ചേർത്തു. ഈ രണ്ടു ഭാഗങ്ങളും ആവർത്തന പുസ്തകം 6:4–5 ൽ നിന്നും എടുത്തിട്ടുള്ളതാണ്. ഷേമ (Shema) – യിസ്രായേലേ, കേൾക്ക – യുടെ അടിസ്ഥാനം, ഭക്തനായ യഹൂദന്റെ ദൈനം ദിന പ്രാർത്ഥനയാണ്. ഹൃദയം, ആത്മാവ്, മനസ്സ്, ശക്തി എന്നിങ്ങനെ ഒന്നിലധികം പദങ്ങൾ ഉപയോഗിച്ചത് മനുഷ്യന്റെ കഴിവുകളെ വിഭജിക്കാനല്ല മറിച്ച് ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ സമ്പൂർണ്ണതയെ ഊന്നിപ്പറയുവാനാണ്. നമ്മുടെ ആസ്തിത്വത്തിന്റെ എല്ലാ ഭാഗങ്ങളും ഉൾക്കൊള്ളുന്ന ഒരു സ്നേഹം ഇതിനാവശ്യമാകുന്നു.

**ദൈവത്തെ സ്നേഹിക്കുക:** ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന – പൂർണ്ണ ഹൃദയത്തോടുള്ള ഭക്തിയിലേക്കു ഒരു ആഹ്വാനം. ഇതി

നർത്ഥം എല്ലാറ്റിലുപരിയായി ദൈവത്തിനു മുൻഗണന നൽകുകയും ആരാധന, അനുസരണം, വിശ്വസ്ത സേവനം എന്നിവയിലൂടെ ഈ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുക എന്നാണ്. *"നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം"* ആവർത്തനം. 6:5; റോമർ 13:10. യേശു "എല്ലാം" എന്ന പദത്തിനു ഊന്നൽ നൽകുന്നു - ദൈവത്തെ സ്നേഹിക്കുക എന്നത് ഒരു ഭാഗിക പ്രതിബദ്ധതയല്ലെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു.

- **ഹൃദയം:** നമ്മുടെ വികാരങ്ങളുടെയും ഇച്ഛാശക്തിയുടെയും ഇരിപ്പിടം - ദൈവത്തെ തീഷ്ണതയോടെ സ്നേഹിക്കുക.
- **ആത്മാവ്:** നമ്മുടെ ആന്തരിക ആസ്തിത്വം - ദൈവത്തെ ആത്മീകമായും നിത്യമായും സ്നേഹിക്കുക.
- **മനസ്സ്:** നമ്മുടെ ബൗദ്ധിക മേഖല - ദൈവത്തെ ചിന്താപൂർവ്വവും മനപൂർവ്വുമായി സ്നേഹിക്കുക.
- **ശക്തി:** ശാരീരിക ഊർജ്ജം - ദൈവത്തെ സജീവമായും അക്ഷീണമായും സ്നേഹിക്കുക.

ഇത് പൂർണ്ണ ഹൃദത്തോടെ അവിഭക്തമായ ഭക്തിയിലേക്കുള്ള ആഹ്വാനമാണ്. ദൈവത്തിനു എതിരാളികളായി യാതൊന്നും പാടില്ല - വിഗ്രഹങ്ങളോ, സ്വയമോ, ലൗകീക വ്യതിചലനങ്ങളോ ഒന്നും പാടില്ല. ജീവിതത്തിലെ മറ്റെല്ലാറ്റിനും അടിസ്ഥാനം ദൈവത്തെ പരമമായി സ്നേഹിക്കുക എന്നാകുന്നു.

## നമ്മുടെ അയൽക്കാരനെ സ്നേഹിക്കുന്നു

ദൈവത്തോടുള്ള സ്നേഹത്തെ മറ്റുള്ളവരോടുള്ള സ്നേഹവുമായി ദൈവം ബന്ധിപ്പിക്കുന്നു. *"കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കണം"* (ലേവ്യ. 19:18). ഇത് സ്വാർത്ഥതയല്ല മറിച്ച് നമ്മൾ ആഗ്രഹിക്കുന്നതു പോലെ മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള ഒരു ആഹ്വാനമാണ് - സുവർണ്ണ നിയമത്തിന്റെ സാരം. ദൈവത്തോടുള്ള യഥാർത്ഥ സ്നേഹം സ്വഭാവികമായി എല്ലാവരോടുമുള്ള സ്നേഹത്തിലേക്ക് - കുടുംബം, സ്നേഹിതർ, അപരിചിതർ, ശത്രുക്കൾ, പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവരിലേക്കു- കവിഞ്ഞൊഴുകും. ഇത്തരം സ്നേഹം ദൈവത്തിന്റെ ഹൃദയത്തെ പ്രതിഫലിപ്പിക്കുകയും ദയ, ബഹുമാനം, സത്യസന്ധത, കരുതൽ എന്നിവയിലൂടെ സമൂഹത്തെ പരിവർത്തനം ചെയ്യുകയും ചെയ്യുന്നു.

## രണ്ടു കല്പനകളും തമ്മിലുള്ള പരസ്പര ബന്ധം

ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തെ ദൈവം മനപൂർവ്വം ബന്ധിപ്പിച്ചു - ദൈവത്തോടുള്ള യഥാർത്ഥ സ്നേഹം അനുകമ്പ, സേവനം, നീതി എന്നിവയിലൂടെയാണ് പ്രകടമാകുന്നത്. ശരിയായ ശിഷ്യത്വം പ്രായോഗികമാണ്. പ്രവൃത്തിയിലൂടെയും ക്ഷമയിലൂടെയും അനുസരണത്തിലൂടെയും അതു പ്രകടമാണ്. സ്നേഹം ധാർമ്മീകവും നീതിനിഷ്ഠവുമായ തീരുമാനങ്ങൾക്കു അടിത്തറയായി മാറുന്നു. സ്വർഗ്ഗം എന്ന യാഥാർത്ഥ്യത്തെ ഭൂമിയിലേക്കു കൊണ്ടുവരുന്നു.

## ജീവിച്ചു കാണിക്കുക

**1. സേവനത്തിൽ:** നമ്മുടെ ഹൃദയങ്ങൾ ക്രിസ്തുവിനോടുള്ള സ്നേഹത്താൽ നിറഞ്ഞു കവിയുമ്പോൾ നാം മനസ്സോടെ നമ്മെ ത്യജിക്കുവാനും മറ്റുള്ളവരെ സേവിക്കുവാനും തയ്യാറാകും. ചരിത്രത്തിലുടനീളം നമുക്ക് ശക്തമായ ഉദാഹരണങ്ങൾ കാണുവാൻ കഴിയും:

- **മദർ തെരെസ** – കൊൽക്കത്തയിലെ തെരുവുകളിൽ ദരിദ്രരെയും അവഗണിക്കപ്പെട്ടവരെയും സേവിച്ചു.
- **മേരി റീഡ്** – ഇന്ത്യയിലെത്തിയ അമേരിക്കൻ മിഷനറി. 1891 ൽ കുഷ്ഠരോഗിയാണെന്നു കണ്ടെത്തിയെങ്കിലും കുഷ്ഠ രോഗികളെ ശുശ്രൂഷിക്കുന്നതിനായി അവർ തന്റെ ജീവിതത്തെ സമർപ്പിച്ചു.
- **മൊളകായിലെ വിശുദ്ധ ഡാമിയൻ** – ഹാവായിലെ കുഷ്ഠരോഗികളുടെ ഇടയിൽ ശുശ്രൂഷിച്ച ബൽജീയൻ പുരോഹിതൻ, കുഷ്ഠ രോഗം ബാധിച്ച് മരിച്ചു.
- **FMPB മിഷനറിമാർ** – ഇതേ ത്യാഗത്തിന്റെയും സേവനത്തിന്റെയും മനോഭാവം ഉൾക്കൊണ്ടു ഈ പൈതൃകം തുടരുന്നു.

**അവരുടെ സ്നേഹം അവരെ ദൗത്യത്തിലേക്കു നയിച്ചു.**

**2. ക്ഷമിക്കുന്നതിൽ:** ദൈവത്തെ സ്നേഹിക്കുന്നത് നമ്മെ മറ്റുള്ളവരെ സ്നേഹിക്കുന്നതിലേക്ക് നയിക്കുന്നു – ക്ഷമയിലൂടെയും സ്വീകാര്യതയിലൂടെയും അതു പ്രകടമാകുന്നു. *"നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ"* – എഫെ.4:32. (1 യോഹ. 4:20,21; മത്തായി.6:14–15 ഈ വേദഭാഗങ്ങൾ കൂടി വായിക്കുക.)

**3. അനുസരിക്കുന്നതിൽ:** ദൈവത്തോടുള്ള യഥാർത്ഥ സ്നേഹം ദൈവത്തോടുള്ള അനുസരണത്തിലൂടെയാണ് വെളിപ്പെടുന്നത് എന്ന് യേശു പഠിപ്പിച്ചു. *"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും"* – യോഹ.14:15. *"അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം"* –1 യോഹ. 5:3. അനുസരണം എന്നത് നിയമം പാലിക്കുന്നതിനക്കുറിച്ചല്ല മറിച്ച് ദൈവത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്നതിനെക്കുറിച്ചാണ്. നമ്മൾ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ ഭൂമിയിൽ സ്വർഗ്ഗത്തെ പ്രതിഫലിപ്പിക്കുന്നു.

**ഉപസംഹാരം:** നമ്മുടെ വിശ്വാസത്തിന്റെ ഹൃദയമിടിപ്പാണ് സ്നേഹം – ദൗത്യത്തെ മുന്നോട്ടു നയിക്കുന്ന ശക്തി.

അത് പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നതിലൂടെ ആരംഭിച്ച് മറ്റുള്ളവരെ നിസ്വാർത്ഥമായി സ്നേഹിക്കുന്നതിലേക്ക് ഒഴുകുന്നു.

ഇത്തരത്തിലുള്ള സ്നേഹം ഹൃദയങ്ങളെ രൂപാന്തിരപ്പെടുത്തുന്നു, സമൂഹത്തെ സൗഖ്യമാക്കുന്നു, ക്രിസ്തുവിന്റെ ദിവ്യ ദൗത്യം നമ്മിലൂടെ നിറവേറ്റുന്നു.

**നമ്മുടെ പ്രാർത്ഥന ഇപ്രകാരമായിരിക്കട്ടെ.**

കർത്താവേ നിന്റെ സ്നഹത്താൽ എന്നെ നിറയ്ക്കണമേ – അങ്ങനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ അങ്ങയെ സ്നേഹിക്കുവാനും എന്റെ അയൽക്കാരനെ എന്നെപ്പോലെ സ്നേഹിക്കുവാനും എന്നെ പ്രാപ്തനാക്കണമേ. അങ്ങയുടെ സ്നേഹം എന്നെ ദൗത്യത്തിലേക്ക് നയിക്കട്ടെ.

**റവ. എം പി തിമ്മേശ്**
സെക്രട്ടറി, ദക്ഷിണേന്ത്യ സോൺ

# Treasurers Report

**"How good and pleasant it is when God's people live together in unity!"** – Psalm 133:1

Dear members in Christ,

Greetings in the most precious name of our Lord and Saviour Jesus Christ.

I present the **Audited Financial Statements for the year ending 31st March 2025**. It is an opportunity for us to **rejoice in God's faithfulness**, evaluate the stewardship of the resources entrusted to us, and prayerfully plan the ministry's future course.

Let us continue to seek HIS presence and guidance in all our activities that we do as an organization. May we move forward with faith, always trusting that HE who began this good work in us will be faithful to complete it. As we are marching towards fulfilling God's will, seeking divine wisdom in all decisions, may our unity and commitment reflect the love of Christ to all we serve. I thank God for all your sincere prayers.

**Financial Statements for FY 2024-25:**

It is with a heart of gratitude the audited **Annual Financial Statements** of **Friends Missionary Prayer Band** for the year ending **31st March 2025** is presented. The Financial Statement has been prepared in the new format. I thank our Auditor - Mr John Ravindran & his team, FMC, Executive Committee and our own accounting Team in preparing and presenting the financial statements.

The audited Financial Statements, as endorsed by the General Body and Executive Committee, is presented. A brief highlight on the financial statements for the year ending 31st March 2025 is given below:

| Nature of Income | FY 2024-25 (crores) | FY 2023-24 (crores) |
|---|---|---|
| Foreign Currency Receipts* | 2.80 | 3.66 |
| Interest & other income | 2.78 | 2.42 |
| Domestic Receipts* | 77.82 | 74.63 |
| **Total Receipts** | **83.41** | **80.71** |

- Includes Fund Receipts

| | | |
|---|---|---|
| Expenditure during the year | 87.35 | 82.09 |
| Excess of Income Over Expenditure | (3.94) | (1.38) |

| Nature of Income | FY 2024-25 | FY 2023-24 | Change |
|---|---|---|---|
| Total Income | 83.41 Cr | 80.71 Cr | ↑ 3.3% |
| Total Expenses | 87.35 Cr | 82.09 Cr | ↑ 6.4% |
| Surplus/(Deficit) | **(3.94 Cr)** | **(1.38 Cr)** | (Expenses > Income) |
| Total Funds | 88.12 Cr | 91.53 Cr | ↓ 3.7% |
| Total Assets | 91.24 Cr | 95.76 Cr | ↓ 4.7% |
| FCRA Receipts | 2.80 Cr | 3.66 Cr | ↓ 23.5% |

The financials reflect our commitment to stewardship, transparency, and accountability in advancing the mission entrusted to us. We prayerfully seek your approval and guidance as we move forward.

**Changes in the Law:**

Income Tax Act has introduced restrictions on 'cash transactions'. Prayer Group leaders are encouraged to use the mobile app for accounting of the contribution received from our believers. Some of the Banks have introduced restrictions on cash deposit, resulting in challenges.

FRIENDS MISSIONARY PRAYER BAND

**Conclusion:**

I take this opportunity to thank each of you for your unwavering prayers, sacrificial involvement, and steadfast partnership in the ministry of FMPB. May the Lord continue to bless and guide us as we labour together for His glory.

I earnestly request everyone to uphold us in your prayers, that God should guide us to meet the challenges. May God bless you and your families abundantly as we press on toward even greater accomplishments in HIS name.

With gratitude and blessings,

Yours in Christ

**CA. L. Nelson**
Treasurer

## INDEPENDENT AUDITOR'S REPORT ON FINANCIAL STATEMENTS

To
The Members of
**M/S. FRIENDS MISSIONARY PRAYER BAND**

**Report on the Financial Statements:**
We have audited the Financial Statements of M/S. FRIENDS MISSIONARY PRAYER BAND, 29, High School Road, Ambattur, Chennai – 600 053 ("the Society"), which comprise of Balance Sheet as at 31st March 2025, the Income & Expenditure account and the Receipts and Payments account for the year ended 31st March 2025 and the notes to the financial statements consisting of summary of significant accounting policies.

In our opinion and to the best of our information and according to the explanations given to us,

> Subject to our "Observations on Financial Systems and Statements" attached to this Report, these Financial Statements of accounts of **M/S. FRIENDS MISSIONARY PRAYER BAND** give a true and fair view of the financial position of the Society as at 31st March 2025 and of its financial performance for the year then ended in accordance with the Accounting Standards issued by the Institute of Chartered Accountants of India (ICAI).

**Basis for Opinion:**
We have conducted our audit in accordance with Standards on Auditing (SAs) issued by the Institute of Chartered Accountants of India. Our responsibilities under those standards are further described in the *Auditor's Responsibilities for the Audit of the Financial Statement* section of our report. We are independent of the "M/s. Friends Missionary Prayer Band, Chennai" in accordance with the Code of Ethics issued by the ICAI, and have fulfilled our other ethical responsibilities in accordance with the Code of Ethics. We believe that the audit evidence we have obtained is sufficient and appropriate to provide a basis for our opinion.

**Responsibilities of Management and those charged with Governance for the Financial Statement:**
Management is responsible for the preparation and fair presentation of these financial statements that give a true and fair view of the state of affairs and results of operations in accordance with the accounting principles generally accepted in India. This responsibility includes the design, implementation and maintenance of internal control relevant to the preparation and presentation of these Financial Statements that give a true and fair view and are free from material misstatement, whether due to fraud or error.

In preparing the financial statements, management is responsible for assessing the entity's ability to continue as a going concern, disclosing, as applicable, matters related to going concern and using the going concern basis of accounting unless management either intends to liquidate the entity or to cease operations, or has no realistic alternative but to do so.

Those charged with governance are responsible for overseeing the Organization's financial reporting process.

Auditor's Responsibilities for the Audit of the Financial Statement:
Our objectives are to:

1. Obtain reasonable assurance about whether the financial statements as a whole is free from material misstatement, whether due to fraud or error, and to issue an auditor's report that includes our opinion. Reasonable assurance is a high level of assurance, but is not a guarantee that an audit conducted in accordance with Standards on Auditing (SAs) will always detect a material misstatement when it exists. Misstatements can arise from fraud or error and are considered material if, individually or in the aggregate, they could reasonably be expected to influence the economic decisions of users taken on the basis of these financial statements.

   As part of an audit in accordance with SAs, we exercise professional judgment and maintain professional skepticism throughout the audit. Identify and assess the risks of material misstatement of these Financial Statements, whether due to fraud or error, design and perform audit procedures responsive to those risks, and obtain audit evidence that is sufficient and appropriate to provide a basis for our opinion. The risk of not detecting a material misstatement resulting from fraud is higher than for one resulting from error, as fraud may involve collusion, forgery, intentional omissions, misrepresentations, or the override of internal control.

2. Obtain an understanding of internal control relevant to the audit in order to design audit procedures that are appropriate in the circumstances, but not for the purpose of expressing an opinion on the effectiveness of the entity's internal control.

3. Evaluate the appropriateness of accounting policies used and the reasonableness of accounting estimates, if any, and related disclosures made by management.,

4. Evaluate the overall presentation, structure and content of these Financial Statements, including the disclosures, and whether these Financial

Statements represent the underlying transactions and events in a manner that achieves fair presentation.

5. We have communicated with those charged with governance regarding, among other matters, significant audit findings, including any significant deficiencies in internal control that we identified during our audit.

Our responsibility is to express an opinion on these Financial Statements based on our audit. We conducted our audit in accordance with the Standards of Auditing (SA) as prescribed by the Institute of Chartered Accountants of India (ICAI). These Standards require that we comply with ethical requirements and plan and perform the audit to obtain reasonable assurance about whether these financial statements are free from material misstatements.

An audit involves performing procedures to obtain audit evidence about the amounts and disclosures in these Financial Statements. The procedures selected depend on the auditor's judgment, including the assessment of the risks of material misstatement, of these Financial Statements, whether due to fraud or error. In making those risk assessments, the auditor considers the internal control relevant to the entity's preparation and fair presentation of these Financial Statements in order to design audit procedures that are appropriate in the circumstance, but not for the purpose of expressing an opinion on the effectiveness of the entity's internal control. An audit also includes evaluating the appropriateness of the accounting policies used and the reasonableness of the accounting estimates made by the management, as well as evaluating the overall presentation of these financial statements.

We believe that the audit evidence we have obtained is sufficient and appropriate to provide a basis for our audit opinion.

For J S A S & Associates
Chartered Accountants
(FRN. 014859S)

John Ravindran Moses
Partner
(Mem. No. 028566)
UDIN : 25028566BMMAIF2339

Place: Chennai
Date: 20.07.2025

**FRIENDS MISSIONARY PRAYER BAND**

29 High School Road, Ambattur, Chennai - 600053

**BALANCE SHEET AS AT 31ST MARCH 2025**

(Amount in Rs.)

| Particulars | Note | Value as at 31-03-2025 | Value as at 31-03-2024 |
|---|---|---|---|
| **Sources of Funds** | | | |
| **NPO Funds** | 3 | | |
| Unrestricted Funds | | 47,03,10,280 | 50,97,50,339 |
| Restricted Funds | | 41,08,89,339 | 40,55,61,355 |
| | | 88,11,99,619 | 91,53,11,695 |
| **Current liabilities** | | | |
| Other current liabilities | 4 | 3,11,85,630 | 4,22,94,335 |
| | | 3,11,85,630 | 4,22,94,335 |
| **Total** | | **91,23,85,249** | **95,76,06,030** |
| **Application of Funds** | | | |
| **Non-current assets** | | | |
| Property, Plant and Equipment and Intangible assets | 5 | | |
| Property, Plant and Equipment | | 45,63,35,205 | 42,75,93,432 |
| Construction in Progress | | 1,61,94,770 | 2,39,67,357 |
| Non Current Investments | 6 | 23,51,25,992 | 16,67,02,782 |
| | | 70,76,55,967 | 61,82,63,571 |
| **Current assets** | | | |
| Current Investments | | 14,80,42,938 | 24,08,45,222 |
| Cash and bank balances | 7 | 1,06,32,957 | 3,31,55,134 |
| Other current assets | 8 | 4,60,53,388 | 6,53,42,103 |
| | | 20,47,29,283 | 33,93,42,459 |
| **Total** | | **91,23,85,249** | **95,76,06,030** |

The accompanying notes 1 to 15 are an integral part of the financial statements

**For J S A S & ASSOCIATES**
**Chartered Accountants**
**(Firm Registration No. 0148595)**

**John Ravindran Moses**
**Partner**
**(Membership No. 028566)**
UDIN : 25028566BMMAIF8339

Place: Chennai
Date: 20.09.2025

**L.NELSON**
**TREASURER**

**VIJAY PRASANNA ISAAC**
**GENERAL SECRETARY**

**FRIENDS MISSIONARY PRAYER BAND**

29 High School Road, Ambattur, Chennai - 600053

**Income and Expenditure Account for the year ended 31st March 2025**

(Amount in Rs.)

| Particulars | Note | Year ended 31-03-2025 | Year ended 31-03-2024 |
|---|---|---|---|
| **Income** | | | |
| Foreign Contribution Received | 9 | 2,80,34,736 | 3,65,88,512 |
| Domestic Receipts | 10 | 77,82,40,650 | 74,62,71,624 |
| Other Income | 11 | 2,78,28,578 | 2,42,16,353 |
| **Total Income** | | **83,41,03,964** | **80,70,76,490** |
| **Expenses:** | | | |
| Program Expenses | 12 | 65,23,45,564 | 62,23,95,744 |
| Administration Expenses | 13 | 7,59,63,227 | 6,45,63,566 |
| Employee Benefits | 14 | 10,72,92,576 | 9,75,65,615 |
| Depreciation and amortization expense | 15 | 3,79,42,655 | 3,63,82,491 |
| **Total expenses** | | **87,35,44,023** | **82,09,07,416** |
| **Excess of Expenditure over Income** | | 3,94,40,059 | 1,38,30,927 |
| The accompanying notes 1 to 15 are an integral part of the financial statements | | | |

The accompanying notes 1 to 15 are an integral part of the financial statements

**For J S A S & ASSOCIATES**
**Chartered Accountants**
**(Firm Registration No. 014859S)**

**John Ravindran Moses**
**Partner**
**(Membership No. 028566)**
UDIN : 25028566BMMAIF8339

Place: Chennai
Date: 20.09.2025

**L.NELSON**
**TREASURER**

**VIJAY PRASANNA ISAAC**
**GENERAL SECRETARY**

**FRIENDS MISSIONARY PRAYER BAND**

**Notes forming part of the Financial Statements for the year ended, 31st March, 2025**

**5. Property, Plant and Equipment and Intangible Assets (owned assets)** (Amount in Rs.)

| PARTICULARS | W.D.V. AS ON 31 March-2024 | ADDITIONS 2024 - 2025 | Capitalized Amt | DELETIONS 2024 - 2025 | GROSS BLOCK | RATE OF DEPRECIATION | DEPRECIATION AMOUNT | W.D.V. AS ON 31-MAR-2025 |
|---|---|---|---|---|---|---|---|---|
| Bicycle | 11,98,252 | 21,316 | | | 12,19,568 | 10% | 1,21,132 | 10,98,436 |
| Building on Lease Land | 68,384 | - | | | 68,384 | 10% | 6,838 | 61,546 |
| Buildings | 24,95,47,735 | 5,30,92,375 | | | 30,26,40,110 | 10% | 2,79,77,558 | 27,46,62,551 |
| Computer | 4,06,359 | 12,17,864 | | | 16,24,223 | 40% | 4,73,462 | 11,50,761 |
| Equipment | 2,55,46,067 | 52,87,450 | | | 3,08,33,517 | 15% | 42,88,258 | 2,65,45,260 |
| Four/Six Wheelers | 1,14,85,468 | - | | | 1,14,85,468 | 15% | 17,22,820 | 97,62,648 |
| Furniture & Fittings | 19,72,782 | 7,23,665 | | | 26,96,447 | 10% | 2,39,719 | 24,56,728 |
| Generator | 33,88,138 | 21,88,403 | | | 55,76,541 | 15% | 6,77,713 | 48,98,828 |
| Land | 12,03,56,536 | - | | | 12,03,56,536 | 0% | - | 12,03,56,536 |
| Motor Cycle/Scooter | 1,36,23,710 | 42,52,355 | | 99,000 | 1,77,77,065 | 15% | 24,35,154 | 1,53,41,911 |
| **Sub Total** | **42,75,93,432** | **6,67,83,428** | - | **99,000** | **49,42,77,860** | | **3,79,42,655** | **45,63,35,205** |
| **Construction in Progress** | | | | | | | | |
| **INDIAN ACCOUNT** | | | | | | | | |
| Jhansi Home | 16,000 | | 16,000 | | - | 0% | - | - |
| Ambakani Home | 14,04,545 | | | | 14,04,545 | 0% | - | 14,04,545 |
| Poondi Project | 9,02,798 | 30,07,406 | 39,10,204 | | - | 0% | - | - |
| Gangupada Home | 5,00,000 | 21,09,565 | | | 26,09,565 | 0% | - | 26,09,565 |
| Kawant Home | 2,40,122 | | | | 2,40,122 | 0% | - | 2,40,122 |
| Home Sangavi | 12,29,912 | 3,97,205 | 16,27,117 | | - | 0% | - | - |
| Taloda Home | 4,60,115 | 2,46,073 | | | 7,06,188 | 0% | - | 7,06,188 |
| Sarasmal Girls Home | 4,90,401 | 13,00,000 | 17,90,401 | | - | 0% | - | - |
| Netrang Home | 61,570 | 2,92,860 | | | 3,54,430 | 0% | - | 3,54,430 |
| Pandeni Home | 5,00,000 | 14,76,670 | | | 19,76,670 | 0% | - | 19,76,670 |
| Pathalgaon Home | 6,91,200 | | | | 6,91,200 | 0% | - | 6,91,200 |

**FRIENDS MISSIONARY PRAYER BAND**

**Notes forming part of the Financial Statements for the year ended, 31st March, 2025**

**5. Property, Plant and Equipment and Intangible Assets (owned assets)** (Amount in Rs.)

| PARTICULARS | W.D.V. AS ON 31 March-2024 | ADDITIONS 2024 - 2025 | Capitalized Amt | DELETIONS 2024 - 2025 | GROSS BLOCK | RATE OF DEPRECIATION | DEPRECIATION AMOUNT | W.D.V. AS ON 31-MAR-2025 |
|---|---|---|---|---|---|---|---|---|
| Nelli Rehinius Building | 28,61,526 | 36,26,373 | 64,87,899 | | - | 0% | - | - |
| Kustagi | 3,66,067 | | 3,66,067 | | - | 0% | - | - |
| Indur Church | 4,02,642 | | 4,02,642 | | - | 0% | - | - |
| Premnagar Church | 3,00,595 | | 3,00,595 | | - | 0% | - | - |
| Khai Church | 2,05,160 | | 2,05,160 | | - | 0% | - | - |
| Ettiwadi Church | 2,14,727 | | 2,14,727 | | - | 0% | - | - |
| Ishlapuram Church | 89,959 | | 89,959 | | - | 0% | - | - |
| RCPS | | 10,56,845 | | | 10,56,845 | 0% | - | 10,56,845 |
| LTI Periyamalai | | 15,77,900 | | | 15,77,900 | 0% | - | 15,77,900 |
| Home Selemba | | 45,000 | | | 45,000 | 0% | - | 45,000 |
| FCRA ACCOUNT | | | | | | | | |
| Dumka Multi Purpose Hall | 25,60,815 | 4,30,478 | 29,91,293 | | - | 0% | - | - |
| Dhalbumgarh Home | 69,11,544 | 33,72,912 | 1,02,84,456 | | - | 0% | - | - |
| Jhansi Home | 35,57,659 | 69,58,373 | 1,05,16,032 | | - | 0% | - | - |
| Khegam Hostel | | 24,91,784 | 24,91,784 | | - | 0% | - | - |
| Joshipur Home | | 2,35,248 | 2,35,248 | | - | 0% | - | - |
| Home Pipalwada | | 9,89,583 | 9,89,583 | | - | 0% | - | - |
| RCPS | | 1,01,73,208 | 1,01,73,208 | | - | 0% | - | - |
| Home Kawant | | 55,32,305 | | | 55,32,305 | 0% | - | 55,32,305 |
| Sub Total | 2,39,67,357 | 4,53,19,788 | 5,30,92,375 | - | 1,61,94,770 | | - | 1,61,94,770 |
| TOTAL | 45,15,60,789 | 11,21,03,216 | 5,30,92,375 | 99,000 | 51,04,72,630 | | 3,79,42,655 | 47,25,29,975 |

**FRIENDS MISSIONARY PRAYER BAND**

**Notes forming part of the Financial Statements for the year ended, 31st March, 2025**

| Sl. No | Particulars | Year ended 31-03-2025 | Year ended 31-03-2024 |
|---|---|---|---|
| 9 | **Foreign Contribution Received** | | |
| | Donation - Building | 1,92,83,687 | 2,28,41,659 |
| | Donation - Christmas Gift | 93,775 | 8,000 |
| | Donation - Church Expenses | 14,25,125 | 21,94,606 |
| | Donation Community Dev - Camp | - | 11,76,410 |
| | Donation Community Dev - Child Care | - | 7,95,603 |
| | Donation Community Dev - Education | - | 24,26,428 |
| | Donation General | - | 93,219 |
| | Donation HR Study Scholarship | 5,61,371 | - |
| | Donation Medical | 59,13,878 | 37,69,053 |
| | Donation - Monthly Pledge | 5,99,188 | 26,89,797 |
| | Donation Training & Development | 1,57,713 | 5,93,739 |
| | **Total Foreign Contribution Received** | **2,80,34,736** | **3,65,88,512** |
| | | | |
| 10 | **Domestic Receipts** | | |
| | Donation - Annual Meet | 95,93,642 | 61,27,849 |
| | Donation - Adult Literacy | 19,600 | 41,750 |
| | Donation - Building | 1,02,41,965 | 71,89,935 |
| | Donation - Calamity Releif | 1,12,913 | 37,93,392 |
| | Donation - Children Home Maintenance | 7,19,650 | 27,00,346 |
| | Donation - Christmas Gift | 4,20,09,163 | 3,85,48,546 |
| | Donation - Church Construction | 7,06,95,954 | 6,30,15,068 |
| | Donation Community Dev - Camp | 1,38,24,739 | 65,70,994 |
| | Donation Community Dev - Child Care | 16,89,35,695 | 16,05,92,330 |
| | Donation Community Dev - Education | 69,44,236 | 54,57,718 |
| | Donation Community Dev - Health Care | 10,23,140 | 3,89,946 |
| | Donation - Field Equipment | 6,24,860 | 2,15,480 |
| | Donation - General | 4,60,25,172 | 5,15,38,971 |
| | Donation - HR Study Scholarship | 24,04,249 | 15,03,848 |
| | Donation - Linguistic Work | 16,70,150 | 10,41,300 |
| | Donation - Medical | 47,31,481 | 56,92,173 |
| | Donation - Monthly Pledge | 38,55,35,474 | 37,07,49,718 |
| | Donation - Music & Media | 3,11,018 | 3,89,891 |
| | Donation - National Missionaries Conference | 1,30,620 | 54,70,495 |
| | Donation - Pension fund | 1,50,700 | 10,31,403 |
| | Donation - Through Field Congregation | 1,04,482 | 14,51,066 |
| | Donation - Training & Development | 64,13,907 | 48,19,375 |
| | Donation - Vehicle | 59,61,840 | 79,31,880 |
| | Donation - Vocational Training | 56,000 | 8,150 |
| | **Total Domestic Receipts** | **77,82,40,650** | **74,62,71,624** |

**FRIENDS MISSIONARY PRAYER BAND**

**Notes forming part of the Financial Statements for the year ended, 31st March, 2025**

| Sl. No | Particulars | Year ended 31-03-2025 | Year ended 31-03-2024 |
|---|---|---|---|
| 11 | **Other income** | | |
| | Bank Interest- Savings Bank A/c | 10,46,216 | 11,87,759 |
| | Fixed Deposit Interest | 2,64,57,513 | 2,21,64,730 |
| | Interest on Income Tax Refund | 1,89,699 | - |
| | Miscellaneous Income | 1,35,150 | 4,39,364 |
| | Sale of Vehicles | - | 4,24,500 |
| | **Total other income** | **2,78,28,578** | **2,42,16,353** |
| 12 | **Program Expenses** | | |
| | **FOREIGN CONTRIBUTION A/C PAYMENTS** | | |
| | Community Dev Educational Expenses | 6,18,990 | 19,13,951 |
| | Community Dev Child Care Expenses | 1,52,442 | 12,99,167 |
| | Community Dev Project Medical Care | 1,35,484 | 17,78,273 |
| | **DOMESTIC PAYMENTS** | | |
| | Calamity Relief Expenses | 26,09,749 | 8,73,428 |
| | Children Education Expenses | 2,43,79,709 | 2,33,64,884 |
| | Children HR Study Scholarship Expenses | 79,23,222 | 77,22,611 |
| | Christmas Gift | 3,82,07,925 | 3,72,96,538 |
| | Church Expenses Support | 7,28,55,649 | 5,58,35,367 |
| | Community Dev Camp Expenses | | |
| | Training & Development | 82,89,668 | 91,95,688 |
| | Community Dev Camp Exp | 5,82,32,246 | 5,50,70,727 |
| | Linguistic Work | 9,89,036 | 12,87,702 |
| | Community Development Expenses | | |
| | Medical Care Expenses | 37,83,233 | 36,80,851 |
| | Child Care Expenses | 17,52,91,439 | 16,89,50,150 |
| | Educational Expenses | 6,91,971 | 6,83,452 |
| | Vocational Training Expenses | 12,50,000 | 18,75,000 |
| | Adult Literacy | 5,15,421 | 67,961 |
| | General, Hospitality & Maintenance | | |
| | Mission Field | 52,54,507 | 70,02,729 |
| | Others | 6,41,732 | 5,48,987 |
| | Medical Expenses | | |
| | Mission Field | 86,29,299 | 83,94,045 |
| | Meeting Expenses | | |
| | Mission Field | 16,42,872 | 3,93,674 |
| | Annual Meet Expenses | 82,09,923 | 82,45,163 |
| | National Missionaries Conference Exp. | - | 1,70,33,224 |
| | Postage & Courier | | |
| | Mission Field | 1,76,195 | 2,02,359 |
| | Magazine Postage | 27,83,684 | 35,30,101 |

## FRIENDS MISSIONARY PRAYER BAND

### Notes forming part of the Financial Statements for the year ended, 31st March, 2025

| Sl. No | Particulars | Year ended 31-03-2025 | Year ended 31-03-2024 |
|---|---|---|---|
| | Printing & Stationary | | |
| | Mission Field | 6,91,739 | 18,08,710 |
| | Magazine Printing | 97,26,173 | 1,06,47,679 |
| | Promotional Material Expenses | 82,12,061 | 71,77,945 |
| | Rent & Rates | | |
| | Mission Field | 94,26,747 | 96,24,877 |
| | Repairs & Renewals | | |
| | Mission Field | 71,35,052 | 92,91,816 |
| | Salary & Allowances | | |
| | Mission Field | 11,80,58,120 | 10,31,71,756 |
| | Mobilization | 3,82,00,638 | 3,07,78,118 |
| | Staff Higher Study Expenses | 3,16,614 | 2,76,992 |
| | Telephone & Trunk Calls | | |
| | Mission Field | 22,36,340 | 21,90,859 |
| | Travelling Expenses | | |
| | Mission Field | 1,95,83,990 | 1,78,24,587 |
| | Vehicle Maintenance | | |
| | Mission Field | 1,54,93,695 | 1,33,56,374 |
| | **Total Program expense** | **65,23,45,564** | **62,23,95,744** |
| 13 | **Administration Expenses** | | |
| | **FOREIGN CONTRIBUTION A/C PAYMENTS** | | |
| | Bank Charges | 33,303 | 67,892 |
| | General, Hospitality & Maintenance | 98,360 | - |
| | Repairs & Renewals | 1,34,250 | 10,93,750 |
| | Meeting Expenses | - | 42,190 |
| | Travelling Expenses | 3,87,016 | - |
| | **DOMESTIC PAYMENTS** | | |
| | Audit Fees & Other Expenses | 2,41,760 | 2,65,500 |
| | Bank Charges | 3,86,925 | 4,07,834 |
| | FBF Gift | 6,15,455 | 5,32,800 |
| | General, Hospitality & Maintenance | 45,25,459 | 31,68,873 |
| | Legal Fees | 1,56,000 | 24,173 |
| | Meeting Expenses | 70,37,375 | 31,63,623 |
| | Office Maintenance | 42,47,596 | 36,87,186 |
| | Postage & Courier | 30,98,702 | 26,61,376 |
| | Printing & Stationary | 96,83,751 | 91,34,836 |
| | Rent & Rates | 2,88,17,369 | 2,65,88,779 |
| | Repairs & Renewals | 60,94,616 | 43,11,736 |
| | SBF Gift | 2,21,600 | 1,07,821 |
| | Subscription To Other Missions | 50,000 | |

## FRIENDS MISSIONARY PRAYER BAND

### Notes forming part of the Financial Statements for the year ended, 31st March, 2025

| Sl. No | Particulars | Year ended 31-03-2025 | Year ended 31-03-2024 |
|---|---|---|---|
| | Taxes & Insurance | 8,94,597 | 10,16,742 |
| | Taxes & Rates | 5,02,993 | 6,31,069 |
| | Telephone & Trunk Calls | 10,95,467 | 11,65,536 |
| | Travelling Expenses | 53,95,821 | 43,04,587 |
| | Vehicle Maintenance | 22,44,812 | 21,87,263 |
| | **Total Administration Expenses** | **7,59,63,227** | **6,45,63,566** |
| | | | |
| 14 | **Employee Benefits** | | |
| | **FOREIGN CONTRIBUTION A/C PAYMENTS** | | |
| | Staff Medical Expenses | 24,11,380 | 33,70,660 |
| | **DOMESTIC PAYMENTS** | | |
| | Contribution To EPF | 2,00,44,233 | 2,38,57,621 |
| | EPF Damages | 1,63,74,869 | 1,53,60,108 |
| | EPF- Interest | 84,93,788 | 74,11,146 |
| | Medical Expenses | 1,26,75,971 | 86,67,644 |
| | Pension Expenses | 1,45,24,686 | 1,22,04,413 |
| | Gratuity | 86,68,610 | 52,33,295 |
| | Salary & Allowances | 1,63,47,284 | 1,45,28,978 |
| | Staff Welfare | | |
| | Holiday Allowance | 24,48,401 | 21,15,178 |
| | Warm Cloth Allowance | 23,31,300 | 28,26,600 |
| | Staff Welfare - General | 29,72,054 | 19,89,972 |
| | **Total Employee Benefits** | **10,72,92,576** | **9,75,65,615** |
| | | | |
| 15 | **Depreciation and amortization expense** | | |
| | on tangible assets (Refer note 6) | 3,79,42,655 | 3,63,82,491 |
| | **Total Depreciation and amortization expense** | **3,79,42,655** | **3,63,82,491** |

## 1 നവംബർ
ശനി

### ജന്മദിനാശംസകൾ
കൈതിയെൻഗിൻ വയിഷൈ
തങ്ങ്ലാൽ സൗ
മേരി മുർമ്മു ദിനേശ്

## ജമ്മു

### നൗഷേര

**ഷൈക് സുഭാനി & ബാക്യ**

രണ്ടു പുതിയ കുടുംബങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ച സുമിത് ഇപ്പോൾ ആരാധന യോഗത്തിൽ പങ്കെടുക്കുന്നു. കന്നുകാലികളുമായി കാട്ടിൽ നിന്നു മടങ്ങിവരുന്ന വഴിയിൽ വിശ്വാസിയായ മമത കുഴഞ്ഞു വീണ് മയങ്ങിപ്പോയി. ദൈവം അവളെ അത്ഭുതകരമായി വിടുവിച്ചു. അവൾ സ്വയമായി ഉണർന്നു എഴുന്നേറ്റു സുരക്ഷിതയായി ഭവനത്തിൽ വന്നുചേർന്നു. നെഞ്ചു വേദനയാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച സുന്ദരിയെ വിശ്വാസികളുടെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി.

മാറിടത്തിൽ ബാധിച്ച കാൻസറിനാൽ കഷ്ടപ്പെടുന്ന മേഴ്സിയോടു കർത്താവ് കരുണ ചെയ്ത് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തുടർച്ചയായുള്ള വിറയലിനാൽ കഷ്ടപ്പെടുന്ന രമേശിന്റെയും വിട്ടുമാറാത്ത ചുമയാൽ കഷ്ടപ്പെടുന്ന നരേശിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഒരു കാലത്തു തീവ്ര വിശ്വാസിയായിരുന്ന രമേശ് പിന്മാറി മദ്യത്തിനടിമയായി തീർന്നു. ഇയാൾ മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ഭർത്താവിന്റെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന രമാദേവിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. അവളുടെ മക്കൾ അവളുടെ സംരക്ഷണം ഏറ്റെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക, പട്ടാളത്തിൽ ചേരുവാൻ ആഗ്രഹിക്കുന്ന കമലിനായി പ്രാർത്ഥിക്കുക.

### രാംഘട്

**ജോൺ എസങ് & ലിബെനി ജാമി**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഫല്ല ഗ്രാമത്തിൽ സത്സാംഗ് പ്രോഗ്രാം നടത്തി. പഹാടി മാഹ്ലയിൽ അനുധാവന പ്രവർത്തനം നടത്തി. മലയിടിച്ചിലിനാൽ സമീപ ഗ്രാമങ്ങളായ റാംനഗർ, സുനെദാർ, ഉധാക്, സർണി, പ്രെ, താഗാൻ എന്നീ ഗ്രാമങ്ങളിലേക്കുള്ള വഴിയടഞ്ഞു പോയിരുന്നു. സാവകാശം വഴികൾ തുറന്നു കൊണ്ടിരിക്കുന്നു. ആ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തുവാൻ ഇതുവരെ സാധിച്ചില്ല. മിഷനറിയുടെ മക്കളായ കാലേബ് എസങ്, എയ്ഞ്ചൽ എസങ് എന്നിവർക്കു അദ്ധ്യായന വർഷത്തിന്റെ മദ്ധ്യേ സ്കൂളിൽ പ്രവേശനം ലഭിച്ചു.

മലയിടിച്ചിലിൽ ഒറ്റപ്പെട്ടു ഗ്രാമങ്ങളിൽ ആവശ്യ സാധനങ്ങൾ എത്തിക്കുന്നതിനു ഇപ്പോഴും സാധിച്ചിട്ടില്ല. പുനരുദ്ധാരണ പ്രവർത്തനം പൂർണ്ണമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള ജനങ്ങൾ ഉത്തര പൂർവ്വ മേഖലയിൽ നിന്നു വന്ന മിഷനറിമാരെ അംഗീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള ജനങ്ങളിൽ അധിക പങ്കും പൈശാചിക ബന്ധനത്തിലാണ്. അവർ ജീവനുള്ള സത്യ ദൈവത്തിന്റെ പ്രകാശത്താൽ മോചിതരാകേണ്ടതിനായി പ്രാർത്ഥിക്കുക. റാംനഗറിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. സുവിശേഷം ശ്രവിച്ചവർ ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**2** **നവംബർ** **ഞായർ**

## ഹിമാചൽ

### പവൻകുമാർ & പ്രഭാഷിനി ദേവി

നാലു വയസ്സുള്ള സജ്ജൈജയുടെ ഹൃദയതാളം വേഗത്തിലാണ്. ഡോക്ടറന്മാർ ശസ്ത്രക്രീയ ആവശ്യമാണെന്നു നിർദ്ദേശിച്ചു. വിശ്വാസികൾ അവനു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ദൈവം അവനെ സൗഖ്യമാക്കി. അവനെ പരിശോധിച്ച ഡോക്ടറന്മാർ ആശ്ചര്യപ്പെട്ടു. മിഷനറിയുടെ മകൾ പഠനത്തിൽ മികവ് പുലർത്തേണ്ടതിനായി പ്രാർത്ഥിക്കുക. ബസന്ത്പൂർ മിഷൻ വയലിലെ കുട്ടികൾ വിശ്വാസത്തിൽ വളരുന്നു. റീയയ്ക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. സജ്ജീബ് കുമാർ ശുശ്രൂഷയെ ആത്മാർത്ഥമായി സഹായിക്കുന്നു.

പ്രീതിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ബസന്ത്പൂറിൽ ഒരു ചെറിയ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. തന്റെ വസ്തുവിന്റെ ഒരു ഭാഗം ദൈവാലയ നിർമ്മാണത്തിനായി നൽകുവാൻ സജ്ജൈജയുടെ ഹൃദയത്തിൽ മാറ്റം വരുത്തേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന ചില ആളുകൾ നമ്മുടെ പ്രവർത്തനങ്ങളെ നിരീക്ഷിച്ച് ഉപദ്രവിക്കുവാൻ കാരണങ്ങൾ കണ്ടെത്തുവാൻ ശ്രമിക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബസന്ത്പൂർ കൂട്ടായ്മയിൽ പുതുതായി സംബന്ധിക്കുന്നവർ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

## താനെദാർ

### ജപറോസൻ ബി & ഗായത്രി

ശക്തമായ മഴയിൽ സമീപപ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടായപ്പോൾ നമ്മുടെ വിശ്വാസികളെ കഴിഞ്ഞമാസം മുഴുവൻ ദൈവം അത്ഭുതകരമായി പരിപാലിച്ചു. ഭാഗികമായ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. വിശേഷാൽ ബസ് സർവ്വീസ് അരംഭിച്ചതിനു ശേഷം കൂടുതൽ ആളുകൾ ആരാധനയിൽ പങ്കെടുക്കുന്നു നാഗരൗൺ സഭയിലേക്കുള്ള വഴികൾ തകർന്നു കിടക്കുന്നു. പലയിടങ്ങളിലും റോഡ് അടെച്ചിരിക്കുന്നു. സഭയിലേക്കുള്ള ഞങ്ങളുടെ യാത്ര സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ഷേർസിങ് ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. അവൻ വിശ്വാസം ഏറ്റു പറയുവാൻ തയ്യാറാകുന്നു. കിംഗാൽ സഭയിലും തനെദാർ സഭയിലും ഒരോ പുതിയ കുടുംബങ്ങൾ ചേർന്നു. കൃഷ്ണ ആന്റിയുടെ മകന്റെ വിവാഹം അനുഗ്രഹകരമായിരുന്നു.

ശീതൾ, ആദിത്യ എന്നിവരുടെ വിവാഹം ക്രമീകരിക്കപ്പെട്ട ദിവസങ്ങളിൽ നടത്തേണ്ടതിനും ചടങ്ങുകൾ പ്രാർത്ഥനയോടും കൃതജ്ഞത നിർഭരമായും നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. സമീപത്തുള്ള സ്വതന്ത്ര സഭകൾ ദുരുപദേശങ്ങൾ പ്രചരിപ്പിച്ച് വിശ്വാസികളെ വഴിതെറ്റിക്കുവാൻ ശ്രമിക്കുമ്പോൾ ദൈവസഭയെ കർത്താവ് പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു കാലത്ത് വിശ്വാസിയായിരുന്ന പ്രതാപ് ഇപ്പോൾ ദൈവത്തെ നിരസിക്കുന്നു. ഇവന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അവന്റെ സഹോദരി ദുരുപദേശകരുടെ വലയിൽ കുടുങ്ങിയിരിക്കുന്നു. കിമിയുടെ കൈയ്യിലെ പൊട്ടൽ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 3 നവംബർ
### തിങ്കൾ

**ജന്മദിനാശംസകൾ**

മാർഗരറ്റ് ജോതിമണി എ

## പഞ്ചാബ്

### ബുധ്‌ലാട

**പ്രതാപ് രഹാങ് & രാസ്മി പ്രവ**

മന്തിരിബേട, തൽവാടി, മുനാക് എന്നീ ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം നടത്തി. മൂന്നു ഗ്രാമങ്ങളിൽ സ്ത്രീകൾക്കായി പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. സുലാർ, കനകവാൽ, രാംകർ പട്ടാൽ എന്നീ ഗ്രാമങ്ങളിലുള്ളവർ താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു. കഠിനമായ ഉദരവേദനയാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച രാജി മസിഹിനെ കർത്താവ് സൗഖ്യമാക്കി. അമൻദീപ് സിങിനു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. സന്നദ്ധ സുവിശേഷകനായ ദശ്പാൽ സിങിന്റെ വിവാഹം അതിശയകരമാം വിധം നടത്തപ്പെട്ടു. ദൈവനാമം മഹിമപ്പെട്ടു.

തൽവാടി, ബുധ്‌ലാട, ബറോട്ട എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ പരിശീലന ക്യാമ്പ്, യുവജന സമ്മേളനം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വിക്രാക് ജീത്, വിക്കി സിങ്, ഷീതൾ, കാജൽ എന്നി കുടുംബങ്ങൾ പ്രാർത്ഥനയോടെ തലമുറകൾക്കായി കാത്തിരിക്കുന്നു. വിശ്വാസികളുടെ സാമ്പത്തിക നില മെച്ചപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മാർത്ഥതയോടെ കർത്താവിന്റെ വേല ചെയ്യുന്ന റാംസിങ്, സുദർശിനി, ജസ്പാൽ സിങ് എന്നിവരുടെ അനുഗ്രഹത്തിനും സുരക്ഷിതത്വത്തിനുമായി പ്രാർത്ഥിക്കുക.

### മാൻസ

**ദെബോർത്ത വിശ്വാസ് & മന്ന സിങ്**

മാക്ക, റായ്പൂർ, ബുർജ് ബാലൈക, അലേക് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പുതിയ വിശ്വാസിയായ റായ്സിങിന്റെ പ്രാർത്ഥന കേട്ട ദൈവം അവനു പുതിയൊരു കട ആരംഭിക്കുന്നതിനു സഹായം ചെയ്തു. ദാരിദ്ര്യത്തിൽ നിന്നും കരകയറുവാൻ ഹർഷദീപ് കൗറിനു നല്ല ഒരു ജോലി നൽകി ദൈവം അനുഗ്രഹിച്ചു. ഭവനത്തിൽ നിന്നു ഇറങ്ങിപ്പോയ യൗവ്വനക്കാരൻ സുജിത സിങ് ദൈവീക സ്പർശനത്താൽ അനുതപിച്ച് സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു.

ഈയടുത്ത നാളിൽ ഇവിടെ ചുറ്റിയടിച്ച കൊടുങ്കാറ്റിൽ ബീര സിങ്, ബൽദീപ് സിങ്, കുൽദീപ് സിങ്, ഗിരി സിങ്, പല്ലാ സിങ് എന്നിവരുടെ വീടുകൾ തകർന്നു പോയി. അത് പുനരുദ്ധരിക്കുന്നതിനാവശ്യമായ സാമ്പത്തികം നൽകി ദൈവം അവരെ അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്ത്യാനികളായ യൗവ്വനക്കാർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണതിനായി പ്രാർത്ഥിക്കുക. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. കർത്താവിന്റെ വേലയിൽ പങ്കാളികളാകുവാൻ വിശ്വസ്തരായ അനേക യൗവ്വനക്കാരെ കർത്താവ് എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**4** **നവംബർ** **ചൊവ്വ**

## ജന്മദിനാശംസകൾ

മുത്ത രത്ന കുമാരി സതീഷ്

## നിഹാൽസിങ് വാല/ ബാഗപുരാണ

**ശിവ ശങ്കരൻ & മേഴ്സി എലിസബേത്ത്**

കീടനാശിനി വീണു കണ്ണിൽ പ്രയാസമുണ്ടായ കബീർ സിങിനെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. കിടക്ക മുറിയിൽ വിഷപാമ്പുമായി എറ്റുമുട്ടിയ പത്തു വയസ്സുകാരൻ പ്രഭജോതിനു ദൈവം ദിവ്യ സംരക്ഷണം നൽകി പരിപാലിച്ചു. അഞ്ജലി കൈയ്യിലുണ്ടായ നിർവീക്കത്തിൽ നിന്നും കഠിനമായ ഉദര വേദനയിൽ നിന്നും വിടുതൽ പ്രാപിച്ചു.

ബേബി, രോഷിനി, മാർഗരറ്റ്, യേശുവ എന്നിവർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമൻഗീതിനു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്ത്യാനികളായ യൗവ്വനക്കാർക്ക് അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ ബന്ധനത്തിൽ നിന്ന് മങ്കൽ, ഷരൈ, ഗുരുപ്രീത്, രേഷം, ബീന്ത് സിങ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അമൃത്സർ

**ചിത്തരഞ്ജൻ താണി & തേജസ്വിത**

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവർക്കായി ദൈവത്തിനു സ്തോത്രം. ദൈവത്തിന്റെ കൃപയാൽ പുതിയ ഗ്രാമത്തിലെ 410 വ്യക്തികളോടും സുവിശേഷം പങ്കുവെച്ചു. സുച്ചാ സിങ്, സുമൻ കൗർ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ബല്ല, ബാൽ കാലൻ എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കുവാൻ ദൈവം കൃപ നൽകി. ജഗദേവ്, കലൻ, തോളാങ്കൽ, ബഗ്ഗക്കാലൻ എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണത്തിലൂടെ ലഭിച്ച പുതിയ സ്നേഹിതർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. വിശ്വാസിയായ ആരതി കൗറിനു നല്ലൊരു ജീവിത പങ്കാളിയെ ലഭിച്ചു. പുതിയ സ്നേഹിതനായ കുൽദീപ് കൗറിനു പ്രാർത്ഥനയാൽ നല്ലൊരു ജോലി ലഭിച്ചതു ആശ്വാസവും സന്തോഷകരവുമാകുന്നു. ജനത്തെ ക്രിസ്തുവിങ്കലേക്കു നയിക്കുന്ന വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

പുതിയ സ്നേഹിതരായ ലാവ് സിങ്, മിന്ദർ ഗുരുപ്രീത്, വിജയ, അമർജിത്, കുൽദീപ് കൗർ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ മുഖത്തും കാലിലും കയ്യിലും ഗുരുതരമായ പരുക്കു പറ്റിയ വിശ്വാസി ലഖിന്ദർ കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ബന്ധനത്തിൽ നിന്നും പുതിയ സ്നേഹിതരായ സുച്ച സിങ്, മൻജിത് സിങ്, മാണി സിങ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. മൂത്രാശയത്തിൽ ട്യൂമറും കല്ലുമുള്ള സിമറാൻജീത് കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബല്ല, ബാൽ കാലൻ എന്നീ ഗ്രാമങ്ങളിൽ പുതുതായി ആരംഭിച്ച ആരാധനക്കൂട്ടത്തിൽ ധാരാളം പേർ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 5 നവംബർ
ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

ജയശ്രീ. എസ്

## ഉത്തർഖാണ്ഡ്

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് എസ് & കോകാനി സുമിത്രബെൻ**

ഗോരുഗാവിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. പന്നക്കാട ഗ്രാമത്തിൽ ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായുള്ള പരിശീലന പ്രോഗ്രാം അനുഗ്രഹകരമായി സംഘടിപ്പിച്ചു. കൃഷ്ണ, ജോതി എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. വിഷാദ രോഗത്താൽ കഷ്ടപ്പെട്ട സുഖ്വീന്ദർ കൗറിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. അവരുടെ ഭവനത്തിൽ സമാധാനം സ്ഥാപിതമായി. വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി കരിപുര ഗ്രാമത്തിലെ പരംജിത് കൗർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. അനേക നാളുകളായി നല്ലൊരു ജോലിക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന ലളിത് കുമാറിന് ദൈവകൃപയാൽ നല്ലൊരു ജോലി ലഭിച്ചു.

ഗർഭപാത്ര കാൻസറിനാൽ കഷ്ടപ്പെടുന്ന 26 വയസ്സുള്ള അൻഷികയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസിയായ ധർമ്മവതിയുടെ മൂന്നു മക്കളും മദ്യത്തിനടിമകളാണ്. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. രാജേന്ദ്രന്റെ കുടുംബത്തിലെ ഉപജീവന മാർഗ്ഗമായ എരുമയുടെ കഴുത്തിലുണ്ടായ ട്യൂമർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ശസ്ത്രക്രിയയെ തുടർന്നു ശക്തമായ കാലു വേദനയാൽ ശയ്യാവലംബയായ സുന്ധ ദേവിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിച്ച് മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു കൊണ്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക.

### ദിനേശ്പൂർ

**ശിവകുമാർ & സുശീല മാരാക്**

ധർമ്മപാലിന്റെ ഭാര്യ അദ്ദേഹത്തിന്റെ മേൽ എണ്ണ പൂശി പ്രാർത്ഥിച്ചപ്പോൾ ദൈവം അവന്റെ രക്തത്തിലെ അണുബാധയും ശരീരത്തിലെ ചൊറിച്ചിലും സൗഖ്യമാക്കി. ശാന്തിനി, രാജകുമാരി എന്നിവർ കുടുംബമായി ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്നു. മസ്തിഷ്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെട്ട കർണൽ സിങിനെ കർത്താവ് സൗഖ്യമാക്കി.

സുവിശേഷം ശ്രവിച്ച യൗവ്വനക്കാരായ കപിൽ, ജോഗേഷ്, ആയുഷ്, പ്രീയ, അന്നു, ലക്ഷ്മി, പ്രീയങ്ക എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഗർഭപാത്രത്തിൽ ട്യൂമർ ബാധിച്ച 18 വയസ്സുള്ള പ്രീയങ്കയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തോടു മല്ലടിക്കുന്ന പത്തു വയസ്സുള്ള പ്രഭുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ സുരജ്, കൽപന, കൗസല്യ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**6** നവംബർ

വ്യാഴം

## മാൽധചൗർ

**ശിശുപാൽ & അനിത**

ദാരി ഗ്രാമത്തിൽ ആരാധന യോഗം നടക്കുന്ന വേളയിൽ സുവിശേഷ വിരോധികൾ ബലമായി അകത്തു പ്രവേശിച്ച് ആരാധന നിർത്തിവെപ്പിച്ചു. സ്തോത്രകാഴ്ച പണവും മൊബൈൽ ഫോണും വേദപുസ്തകവും അപഹരിച്ചു കൊണ്ടു പോയി. വിശ്വാസികളിൽ ഒരാളുടെ മകളെ അവർ ആക്രമിച്ചു. ഈ പ്രതിസന്ധികളിൽ പ്രാദേശിക പോലിസ് സ്റ്റേഷനിൽ ഒരു കേസ് ഫയൽ ചെയ്യുന്നതിനു ദൈവം ബലം നൽകി. പ്രാദേശിക സുവിശേഷകൻ പരുക്കുകളേൽക്കാതെ ഭവനത്തിൽ തിരികെ വന്നു. മായുർ കൗറിനെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു.

നേഹ, സ്വാതി, സോണിയ, കീത്തു എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. എതിർപ്പു നേരിടുന്ന വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്രാശയ സംബന്ധമായ രോഗത്താൽ വലയുന്ന മിഷനറിയുടെ ഭാര്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ തന്ത്രങ്ങളിൽ നിന്നും പദ്ധതികളിൽ നിന്നും നമ്മുടെ മിഷനറിമാർക്കും വിശ്വാസികൾക്കും സുവിശേഷകർക്കും സന്നദ്ധ സുവിശേഷകർക്കും സുരക്ഷിതത്വം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# ഹരിയാന

## ഫത്തേബാദ്

**ഡേവിഡ് എസ് & ജപ ഗ്രേസ്**

അനേക വർഷങ്ങളായി മാനസിക രോഗത്താൽ വലഞ്ഞ തേജ്പാൽ പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. ഇയാളുടെ സൗഖ്യം ഗ്രാമത്തിലുള്ളവർക്കു ഒരു സാക്ഷ്യമായി തീർന്നു. ഈ അത്ഭുത പ്രവർത്തിയിലൂടെ ദൈവത്തിന്റെ ശക്തി അവർ ഗ്രഹിച്ചു. ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ശാസ്ത്രി നഗറിൽ ഒരു ചെറിയ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും സുഭാഷിനെ കർത്താവ് സൗഖ്യമാക്കി.

താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ച ഹനുമാൻസിങ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈയടുത്ത നാളിൽ സുവിശേഷം പ്രഘോഷിച്ച ഹിജ്രാവൻ, അശോക് നഗർ എന്നിവിടങ്ങളിൽ ഫലകരമായ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്രാശയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന 22 വയസ്സുകാരൻ രാജേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രമോദ്, ശിവ, സുനിത എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു വർഷമായി കാണാതെ പോയ സന്ദേശ് സുരക്ഷിതനായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പത്തിയ കോളനി, കസുമ്പി, ജൻസാൽ, ഹിർജാവൻ കാലൻ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ദൈവം കൃപ നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

## 7 നവംബർ
### വെള്ളി

### ജന്മദിനാശംസകൾ

ബാലസുബ്രമണ്യൻ @ സൈമൺ പീറ്റർ

#### തോഷാം

**അജയ് ബർദെ &**
**ഷായുതുൾ ഗെഹോൾഡ്**

ഈയടുത്ത നാളിൽ നടത്തിയ യുവജന സമ്മേളനത്തിലും മുഴു രാത്രി പ്രാർത്ഥനയിലും അനേക യൗവ്വനക്കാർ പങ്കെടുത്തു ദൈവീക അനുഗ്രഹം പ്രാപിച്ചു. നേത്ര സംബന്ധമായ രോഗത്തിൽ നിന്നും സുമിത്ര ദേവിയുടെ മകൻ ഓഷിക് സൗഖ്യം പ്രാപിച്ചു. കഠിനമായ തലവേദനയിൽ നിന്നും ഭാവൻ സൗഖ്യം പ്രാപിച്ചു.

സുമിത്രയുടെ ഭവനത്തിൽ ദിവ്യ സമാധാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ വലയുന്ന ദോനിയായുടെ വിടുതലിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും വിജയ്, മുകേഷ് എന്നിവർ വിടുതൽ പ്രാപക്കേണ്ടതിനായി പ്രാർത്ഥിക്കുക.

#### ബർവാല

**മിന്തു കുതും & സുബ്രബാഗ്**

ഈയടുത്ത നാളിൽ നടത്തിയ യുവജന സമ്മേളനത്തിൽ അനേക യൗവ്വനക്കാർ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. വിശ്വാസിയുടെ മകളായ അനു പ്രാർത്ഥനയാൽ പനിയിൽ നിന്നും രക്തത്തിലുണ്ടായ അണുബാധയിൽ നിന്നും വിടുതൽ പ്രാപിച്ചു. അപകടത്തിൽ പെട്ട മാൻദീപ് വിഷാദ രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. സഭ ശ്രദ്ധയോടു കൂടെ പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്കു ദിവ്യ സൗഖ്യം നൽകി.

ശ്വസന സംബന്ധമായ പ്രയാസത്താലും ശാരിരിക ബലഹീനതയാലും കഷ്ടപ്പെടുന്ന മൂർത്തി, കാലുവേദനയും ക്ഷീണവും അനുഭവിക്കുന്ന അങ്കരാജ്, ഞരമ്പു സംബന്ധമായ പ്രായാത്താൽ കാലുകൾ വീർത്ത നരേശ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയതായി കണ്ടെത്തിയ സ്നേഹിതൻ രജ്ജിത് സിങ് പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൈവകൃപയാൽ യഥാസ്ഥാനപ്പെട്ടു

മഹാരാഷ്ട്രയിൽ വത്സ റീജിയനിലുള്ള സഹോദരൻ ജിത്തിൻ ഒരിക്കൽ ക്രിസ്തുവിനോടു ചേർന്നു നടന്നിരുന്നു. എന്നാൽ ദൈമില്ലാത്തവരുടെ കൂട്ടുകെട്ടിന്റെ സ്വാധീനത്തിൽ കൃപയിൽ നിന്നു അകന്നു പോയി. മദ്യത്തിലും പാപത്തിലും അകപ്പെട്ടു പോയ അവന്റെ സമാധാനവും ദൈവീകാനുഗ്രഹങ്ങളും നഷ്ടപ്പെട്ടു. അവൻ രോഗിയായി തീർന്നു. ഡോക്ടറന്മാർക്കും മന്ത്രവാദികൾക്കും അവനു സൗഖ്യം നൽകുവാൻ കഴിഞ്ഞില്ല. നൈരാശ്യം പിടിപെട്ട അവൻ രണ്ടു പ്രാവശ്യം ആത്മഹത്യക്കു ശ്രമിച്ചു. കരുണാമയനായ ദൈവം അവന്റെ ജീവൻ നിലനിർത്തി. ദൈവീക സമയത്തു നമ്മുടെ സ്വദ്ദേശ സുവിശേഷകൻ അവനെ കണ്ടു അവനോടു സുവിശേഷം പങ്കുവെച്ചു വേണ്ട ആലോചനകൾ നൽകി പ്രാർത്ഥിച്ചു. ആ രാത്രിയിൽ സ്വപ്നത്തിൽ ദൈവം അവനു പ്രത്യക്ഷപ്പെട്ടു അവനെ വീണ്ടെടുത്തു സൗഖ്യം നൽകാമെന്ന വാഗ്ദത്തം നൽകി. അടുത്ത ദിവസം ജിത്തിൻ ആത്മാവിലും ശരീരത്തിലും സൗഖ്യം പ്രാപിച്ചു. ഈ അത്ഭുത പ്രവർത്തിയിലൂടെ മുഴു കുടുംബവും യേശുവിൽ വിശ്വാസം അർപ്പിക്കുകയും സഭാരാധനയിൽ സന്തോഷത്തോടെ പങ്കെടുക്കുകയും ചെയ്യുന്നു. എല്ലാ മഹത്വവും കർത്താവിനു മാത്രം!

**8**
**നവംബർ**
**ശനി**

### ജീവൻ നഗർ

**ഏലിയാക്കിം ജന & ദീപിക രേഖ**

അപകടത്തിൽ നിസ്സാരപരുക്കുകളോടു രക്ഷപ്പെട്ട വിശ്വാസിയായ എഞ്ചിനിയർ സുധീർ കുമാറിനെ ദൈവം ദിവ്യ സംരക്ഷണം നൽകി അനുഗ്രഹിച്ചു. നമ്മുടെ മിഷനറിയുടെ ഭാര്യയുടെ ശരീര ഭാരം പെട്ടെന്നു കുറഞ്ഞു. തക്കതായ ചികിത്സ ലഭിച്ചതിനാൽ പൂർണ്ണ ആരോഗ്യം വീണ്ടെടുത്തു. സിർഷ, തവാലി എന്നിവിടങ്ങളിലെ പ്രാർത്ഥനക്കൂട്ടങ്ങളിൽ സംബന്ധിക്കുന്ന വിശ്വാസികൾ ആത്മീക പക്വത പ്രാപിച്ചു വിശ്വാസത്തിൽ വളരുന്നു. കഴിഞ്ഞ വർഷം വിശ്വാസത്തിൽ നിന്നു പിന്മാറിപോയ ബിട്ടു സിങ്ങും കുടുംബവും അനുതപിച്ച് വിശ്വാസത്തിലേക്കു മടങ്ങിവന്നു ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കുന്നു. മിഷനറി ദീപികയുടെ സഹോദരി മീനകുമാരിയും ഭർത്താവും രണ്ടു മക്കളും സുവിശേഷം നിമിത്തം കരാഗൃഹത്തിലായി. ദൈവകൃപയുടെ ശരിയായ സാക്ഷ്യമായി അവരെ ജയിൽ ദൈവം മോചിതരാക്കി.

അധരത്തിൽ കാൻസർ ബാധിച്ച ജാഷയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുവാൻ സമർപ്പണമുള്ള പ്രവർത്തകരെ ദൈവം എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തിനെതിരെ പീഡനം വർദ്ധിച്ചു വരുന്ന ഈ കാലയളവിൽ ദൈവദാസന്മാരുടെ പ്രയത്നങ്ങളെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറി ദീപിക പൂർണ്ണ ആരോഗ്യം വീണ്ടെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർ പ്രദേശ്

### പൊക്കറായൻ

**ശാന്ത കുമാർ ജെ & ജിൻസി**

വേദപഠന ക്ലാസ്സ് നേതാക്കന്മാർക്കും സഭാ മൂപ്പന്മാർക്കുമായി നടത്തിയ പരിശീലന പ്രോഗ്രാമിൽ 100 പേർ പങ്കെടുത്തു. 20 പേർ തങ്ങളുടെ ഗ്രാമത്തിൽ പുതിയ വേദപഠന ക്ലാസ്സ് തുടങ്ങാമെന്നു സമർപ്പിച്ചു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സംഘടിപ്പിച്ച പ്രത്യേക യോഗത്തിൽ പങ്കെടുക്കുന്നതിനെ ഗ്രാമ പഞ്ചായത്തധികൃതർ വിലക്കി. മൂസനഗറിലെ വിശ്വാസികൾ ഐക്യത്തിലും വിശ്വാസത്തിലും വളരുന്നു. ഈ ഗ്രാമത്തിൽ നടത്തുന്ന ശിശു ദിനപരിപാലന കേന്ദ്രത്തിൽ 53 കുട്ടികൾ സംബന്ധിക്കുന്നു. സ്ത്രീകൾക്കായി നടത്തിയ പരിശീലന പ്രോഗ്രാമിൽ 95 സ്ത്രീകൾ പങ്കെടുത്തു.

രണ്ടു ദിവസത്തെ യുവജന പരിശീലന ക്യാമ്പും വിശ്വാസികൾക്കായി സംഘടിപ്പിച്ച നിയമ ഉപദേശ പരിശീലന ക്യാമ്പും ഏറെ അനുഗ്രഹകരമായിരുന്നു. ഗ്രാമത്തിലെ സമുദായ നേതാക്കന്മാരായ ബൽവാൻ സിങ്, വീരു ലാൽ, മുകുന്ത ലാല, ആനന്ദ് റാം, അജാബ് സിങ് എന്നിവർ വിശ്വാസികളാണെങ്കിലും സമൂഹത്തെ ഭയന്നു വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറാകുന്നില്ല. അവർ ധൈര്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാച്ച, പൊക്കറായൻ എന്നിവിടങ്ങളിലുള്ള ദിനപരിപാലന കേന്ദ്രത്തിന്റെ അറ്റുകുറ്റ പണി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 9 നവംബർ ഞായർ

### ജന്മദിനാശംസകൾ

ചെല്ലദുരൈ ജെ
ജറാൾഡ് സേവ്യർ

### ബസ്തി

**ശ്രീനിവാസൻ ജെ & ഷീബ ജി**

പദിയാപാർ ഗ്രാമത്തിലെ നന്ദിനി, രാമുവർപൂർ ഗ്രാമത്തിലെ രാഗിണി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. TWR സംഘടിപ്പിച്ച ബൈബിൾ ക്വിസിൽ ബടെബാൻ, ദേവപാർ എന്നീ ഗ്രാമങ്ങളിൽ നിന്ന് 20 പേര് സംബന്ധിച്ചു. എതിർപ്പുകളുടെ മദ്ധ്യത്തിലും വിശ്വാസികൾ ചെറു പ്രാർത്ഥനക്കൂട്ടങ്ങളായി വിശ്വസ്തരായി പ്രാർത്ഥിക്കുന്നു.

മഹസോണിലെ സംഗീതയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. അമിതമായ രക്തസ്രാവത്തിൽ നിന്നും മാധുരി അമരേശ് സുഖം പ്രാപിച്ചു. മൂംബയിൽ ജീവിക്കുന്ന അനിത, തെനുവ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭരണം നടത്തുന്ന പാർട്ടി ബസ്തിയിലെ പ്രശ്ന പരിഹാരത്തിനായി 11 അംഗ സംഘത്തെ നിയമിച്ചിരിക്കുന്നു. ഇവർ ദൈവത്തിന്റെ പരമാധികാരത്തിൽ കീഴിൽ പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗോണ്ട ബാല ഭവനം

**ഓം പ്രകാശ് ഗുപ്ത & ട്രമ്പ് ചൗദരി**

നട് സമുദായത്തിൽ നിന്നും അനേക വ്യക്തികൾ കർത്താവിനോടു അടുത്തു വന്നു യേശുവിൽ വിശ്വസിക്കുന്നു. ചിലർ തങ്ങളുടെ ബന്ധുക്കളെ വിശ്വാസികളുമായുള്ള കൂട്ടായ്മയിലേക്കു വിളിച്ചു കൊണ്ടു വരുന്നു. ദൈവത്തിന്റെ കൃപയാൽ നമ്മുടെ പ്രവർത്തകരെയും കുടുംബത്തെയും ബാലഭവനത്തിലെ കുട്ടികളെയും ആപത്തോ രോഗമോ വരാതെ ദൈവം കാത്തു പരിപാലിച്ചു. പ്രമോഷണൽ സെക്രട്ടറിയുടെ കൂടെ അനേക സഭാ നേതാക്കന്മാരെ സന്ദർശിച്ചു നമ്മുടെ പ്രവർത്തനത്തിനു സഹായം അഭ്യർത്ഥിച്ചു. ഇവിടുത്തെ മൊബലൈസേഷൻ പ്രവർത്തനത്തിനു അടിസ്ഥാനമിട്ടു. സുവിശേഷം ശ്രവിച്ചവർ യേശുവിനോടു ചേർന്നു വിശ്വാസ യാത്ര ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വെല്ലുവിളികൾ നിറഞ്ഞ ചുറ്റുപാടിൽ ചിലർ രഹസ്യമായി വിശ്വാസ ജീവിതം നയിക്കുന്നു.

ഗോണ്ടയിൽ നടന്നു കൊണ്ടിരിക്കുന്ന വസ്തു തർക്ക കേസ് നിലനിൽക്കില്ലെന്നു പറഞ്ഞു കോടതി തളളിക്കളഞ്ഞു. നമ്മുടെ വക്കീൽ വീണ്ടും വാദം കേൾക്കുവാൻ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതുവരെ തീയതി നിശ്ചയിച്ചിട്ടില്ല. ദൈവഹിതം പൂർണ്ണമായി നടപ്പിലാകേണ്ടതിനായി പ്രാർത്ഥിക്കുക. നട് സമുദായത്തിലെ 7 കുടുംബങ്ങൾ പുതുതായി വിശ്വാസത്തിലേക്കു വന്നു. അവരുടെ ആത്മീക വളർച്ചക്കും പീഢനത്തിൽ അവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഗോണ്ടയിലുള്ള ജനങ്ങൾ വരും നാളുകളിൽ FMPB യുടെ പ്രവർത്തനത്തെ പ്രാർത്ഥനയിലൂടെ സഹായിക്കുകയും മിഷനറിമാരെയും കുട്ടികളെയും സ്പോൺസർ ചെയ്യേണ്ടതിനുമായി പ്രാർത്ഥിക്കുക. മിഷനറിയുടെ ഭാര്യ വൃക്ക സംബന്ധമായ രോഗത്താൽ വലയുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**10**
**നവംബർ**
**തിങ്കൾ**

## ബർത്താന

### രാജൻ എസ് & ജപ മലർ എസ്

ഈയടുത്ത കാലത്തു സംഘടിപ്പിച്ച യുവജന യോഗത്തിൽ 21 യൗവ്വനക്കാർ സംബന്ധിച്ചു സമൃദ്ധിയായ അനുഗ്രഹം പ്രാപിച്ചു. ദൈവകൃപയാൽ ഓൺലൈനിലുള്ള വേദപഠന ക്ലാസ്സ് വിഘ്നമില്ലാതെ തുടരുന്നു. ഈയടുത്ത നാളിൽ നടത്തിയ വേദപുസ്തക പരീക്ഷയിൽ 20 വ്യക്തികൾ സംബന്ധിച്ചു. അധരത്തിൽ ബാധിച്ച കാൻസർ രോഗത്തിൽ നിന്നും ഷൈലേന്ദ്ര കുമാർ സൗഖ്യം പ്രാപിച്ചു.

മേഘന, പൈസോലി എന്നീ ഗ്രാമങ്ങളിലെ ദൈവാലയം വേഗത്തിൽ വീണ്ടും തുറക്കേണ്ടതിനും തടസ്സങ്ങളില്ലാതെ ആരാധന യോഗങ്ങൾ നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. സുവിറാമിന്റെ ഭാര്യ, ബാൽസിങ്, അയാളുടെ മകൾ ജാൻവി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവം മമതക്കു ഒരു പൈതലിനെ നൽകി അനുഗ്രഹിക്കേണ്ടതി നായി പ്രാർത്ഥിക്കുക.

## ജിനജക്

### പുംസോൻചിൻ & ലുൻചിങ് എൻ

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു എതിർപ്പുകളില്ലാതെ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പടവാൽ ദൈവാലയത്തിലെ ആരാധന യോഗം പുനരാരംഭിക്കേണ്ടതിനും തടസ്സമില്ലാതെ ആരാധന നടക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പൊലൻഗാര സഭയിൽ സ്ത്രീകളുടെ ആത്മീക പരിശീലന യോഗം അനുഗ്രഹകരമായി നടത്തി. ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്നവരുടെ കരങ്ങളിൽ നിന്ന് ദൈവം നമ്മുടെ മിഷനറിമാർക്കും സുവിശേഷകർക്കും സുരക്ഷതത്വം നൽകി പരിപാലിച്ചു.

പദുവാൽ ദൈവാലയത്തിന്റെ അറ്റകുറ്റ പണി ചെയ്യുന്നതിനു ആവശ്യമായ വിഭവങ്ങൾ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റുറ സഭയിൽ വൈദ്യുത കണക്ഷൻ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജേഷ് ബാബുവിന്റെ ഭാര്യ ഗർഭപാത്ര സംബന്ധമായ ഓപ്പറേഷനു ശേഷം മുറിവ് കരിയാതെ അതിൽ നിന്നു രക്തം വന്നു കൊണ്ടിരിക്കുന്നു. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## റാണിയ

### അനിൽകുമാർ & കവിത

വൈറൽ പനിയാൽ കഷ്ടപ്പെട്ട ഗുലാബിന്റെ കുടുംബത്തെ പ്രാർത്ഥനയുടെ ഫലമായി കർത്താവ് സൗഖ്യമാക്കി. ദയയുടെ കുടുംബം ഒരു വർഷത്തിനു ശേഷം വീണ്ടും ആരാധന യോഗത്തിൽ കടന്നു വരുന്നു. നമ്മുടെ മിഷനറിയെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തിയ ദിലീപ് ദൈവകൃപയാൽ മാനസാന്തരപ്പെട്ടു ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

പൈശാചിക ബന്ധനത്തിൽ നിന്നും സുമിത്ര, സുനിത, റീന എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങളുടെ രോഗം നിമിത്തം നിരാശിതരായ ഉർമ്മിളയുടെ കുടുംബാംഗങ്ങളെ കർത്താവ് ശക്തികരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹെർനാമിന്റെ കുടുംബം മുഴു ഹൃദയത്തോടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

## 11 നവംബർ ചൊവ്വ

### ജന്മദിനാശംസകൾ

പ്രേമലത സുരേഷ് മാൾട്ടോ
ജോയ് ബല്ല ഇവാഞ്ചലിൻ സുനിൽ പ്രസാദ്
എയ്ഞ്ചൽ രാജ് ആൽബർട്ട്

### സിക്കന്ദ്ര

**പച്ചിയ ഭായ് & സവിതബെൻ**

അലിയാപൂർ ഗ്രാമത്തിൽ രാത്രിയോഗവും മൂന്നു ഗ്രാമങ്ങളിൽ സ്ത്രീകളുടെ യോഗവും കുറാഡായ്, നിനോഹാര എന്നീ ഗ്രാമങ്ങളിൽ വിശ്വാസികളുടെ യോഗവും അനുഗ്രഹകരമായി നടത്തി. സിക്കന്ദ്ര, പാലക്രമോ എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗങ്ങളിൽ പുതിയ വ്യക്തികൾ സംബന്ധിക്കുന്നു. പൂജ, ലക്ഷ്മി, ശാന്തി എന്നിവർ താൽപര്യപൂർവ്വം സുവിശേഷം ശ്രവിക്കുന്നു. അഞ്ചാം പനിയിൽ നിന്നും കാജൽ സൗഖ്യം പ്രാപിച്ചു.

രാജേഷ്, രാംനാഥ, പൂനം എന്നിവരുടെ മാനസാന്തരത്തിനയി പ്രാർത്ഥിക്കുക. നിനോഹാര, കോജാപുൾ, സിക്കാരിയ എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ ആത്മീക പക്വതയിലേക്കു വളരേണ്ടതിനായും അവർ സാക്ഷ്യമുള്ള ജീവിതം നയിച്ച് അനേകരെ വിശ്വാസത്തിലേക്കു കൊണ്ടുവരേണ്ടതിനായും പ്രാർത്ഥിക്കുക. റീയ, രാഗവി എന്നിവരുടെ വിവാഹം തടസ്സമില്ലാതെ വേഗത്തിൽ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന രാത്രി യോഗങ്ങൾ, സുവിശേഷ യോഗങ്ങൾ, വിശ്വാസികളുടെ പരിശീലന പ്രോഗ്രാമുകൾ എന്നിവകൾ ഭംഗിയായി നടത്തേണ്ടതിനും നിലനിൽക്കുന്ന ഫലങ്ങൾ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനങ്ങളിൽ വിശ്വാസികൾ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജാലൗൻ

**ഗവിത് രാകേഷ് രത്തിലാൽ & രേഷ്മ മാരുതി**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.. കരംകാലം ഗ്രാമത്തിലെ പൂജാരി താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ആസാഗി വിടുതൽ പ്രാപിച്ചു. ഉമേഷ്, മുനേഷ് എന്നിവർ രോഗങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ചു. ദൈവകൃപയാൽ നാലു സ്ഥലത്തു വിശ്വാസികളുടെ ക്യാമ്പും അന്വേഷക ക്യാമ്പും വിജയകരമായി നടത്തി.

നാലു വർഷമായി ഒരു പൈതലിനു വേണ്ടി നിലവിളിക്കുന്ന ഹേമലതയെയും പതിനഞ്ചു വർഷമായി ഒരു കുഞ്ഞിനു വേണ്ടി കാത്തിരിക്കുന്ന ദിനേശിനോടും ദൈവം കരുണ കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന ബഹദൂർ, കരൾ സംബന്ധമായ രോഗത്താൽ വലയുന്ന കുട്ടി, മൂത്രാശയ സംബന്ധമായി പ്രയാസപ്പെടുന്ന നേഹ, കാൻസർ രോഗിയായ പ്രീതി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗുനിയമ്പാര, തുസൈബാര, ജാഗമ്പൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിന്റെ വാതിൽ തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**12 നവംബർ ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ശങ്കർ പി

**കൈമഗഞ്ച് : സ്റ്റീഫൻ ഹൻസ്ത & സുഭാഷിനി മുർമ്മു**

സുവിശേഷം നിമിത്തം ജയിലിൽ അടയ്ക്കപ്പെട്ട വിജയ് സിങ് മൂന്നു മാസത്തിനു ശേഷം ജയിൽ മോചിതനായി പുറത്തു വന്നു. വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി മഹാവീറിനു 115 ദിവസത്തിനു ശേഷം ജാമ്യം ലഭിച്ചു. നമ്മുടെ വിശ്വാസിയുടെ മകൾ ആഷാദ ടൈഫോയ്ഡിൽ നിന്നും സുഖം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും നമ്മുടെ വിശ്വാസിയുടെ ഭാര്യ പ്രാർത്ഥനയുടെ ഫലമായി വിടുവിക്കപ്പെട്ടു.

ക്രിസ്തീയ വിശ്വാസത്തിനെതിരായി ഉയർന്നു വരുന്ന പീഡനത്തിൽ വിശ്വാസികളെ കർത്താവ് ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസം നിമിത്തം കഴിഞ്ഞ മൂന്നു മാസമായി ജയിൽ വാസം അനുഭവിക്കുന്ന ധരംവീർ, സാർവാൻ സിങ് എന്നിവർക്കു ജാമ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവരുടെ കുടുംബത്തിൽ ദൈവസാന്നിധ്യം നൽകി ആശ്വസിപ്പിക്കേണ്ടതിനും ഇവർ ദൈവീക കരുതൽ അനുഭവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

**ഗുണ: സതീഷ് ടി & ശർമ്മിള എ**

മക്കൾ ജനിക്കാത്തതിന്റെ പേരിൽ ഭർത്തൃ വിട്ടുകാരുടെ നിന്ദെക്കു പാത്രരായ വിശ്വാസിയായ സീമക്കു വേണ്ടി വിശ്വാസികൾ നിരന്തരം പ്രാർത്ഥിച്ചു. ദൈവം അവളോടു കരുണ കാണിച്ചു അവൾ ഗർഭിണിയായി. ശരീരം മുഴുവൻ നീർ വീക്കമുണ്ടായ രമാ ഭായിക്കുവേണ്ടി സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചു ദൈവം അവളെ സൗഖ്യമാക്കി. ആഭിചാര ദോഷത്തിൽ നിന്നും നിഷഭായ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പനിയാലും കാലിലുണ്ടായ നീരിനാലും കഷ്ടപ്പെട്ട സ്വദേശ സുവിശേഷകന്റെ മകളെ കർത്താവ് സൗഖ്യമാക്കി. വിശ്വസ്തയായി ദൈവാലയത്തിലെ ആരാധനയിൽ സംബന്ധിക്കുകയും ദൈവത്തെ അന്വേഷിക്കുകയും ചെയ്യുന്ന റീമ ഭായിക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

വിശ്വാസികളെ എതിർക്കുകയും തടയുകയും ചെയ്യുന്ന ഗ്രാമത്തിലെ പൂജാരിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അടിവയറ്റിൽ നീർ വീക്കമുണ്ടായ കമലഭായ്, ക്ഷയരോഗിയായ രാധാ ഭായ്, തലയിൽ ട്യൂമർ ബാധിച്ച ഒമ്പതു വയസ്സുകാരൻ നിമേഷ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകന്റെ മകൾ പ്രിയ കാലുവേദന നിമിത്തം നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഠിനമായ പുറം വേദനയനുഭവിക്കുന്ന മിഷനറി സതീഷ്, അപസ്മാര രോഗത്താലും ഹൃദയ സംബന്ധമായ രോഗത്താലും വലയുന്ന മിഷനറിയുടെ ഭാര്യ ശർമ്മിള ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബിലാല ജാതികളുടെ മദ്ധ്യെ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇക്കോടിയ ഗ്രാമത്തിലെ ആരാധന അലങ്കോലപ്പെടുത്തുവാൻ ശ്രമിക്കുന്ന ലക്ഷ്മണൻ, സിനലാൽ പുര എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**13** നവംബർ
വ്യാഴം

## ജന്മദിനാശംസകൾ

അനിൽ ബായ് ഗൻവിത്

### ധാർ

### സന്തു മാറാണ്ടി & രാഖി മാർദി

ദൈവീക കരുതലിന്റെ അടയാളമായി വിശ്വാസികളുടെ വയലുകളിൽ സമൃദ്ധിയായ വിളവ് ലഭിച്ചു. ദൈവകൃപയാൽ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കരൾ സംബന്ധമായ രോഗത്താൽ കഷ്ടപ്പെട്ട കാലി ഒസാരിക്കു വേണ്ടി സഭ നിരന്തരമായി പ്രാർത്ഥിച്ചു. വിജയകരമായ ശസ്ത്രക്രീയയിലൂടെ അദ്ദേഹം പൂർണ്ണ സൗഖ്യം പ്രാപിച്ചു. മഴക്കാലത്തു പടർന്നു പിടിക്കുന്ന രോഗങ്ങളിൽ നിന്നും നമ്മുടെ പ്രാദേശിക സുവിശേഷകന്റെ ഭവനത്തെയും കൂട്ടു വിശ്വാസികളുടെ കുടുംബങ്ങളെ ദൈവം സുരക്ഷിതമായി കാത്തു പരിപാലിച്ചതിനാൽ ദൈവത്തെ സ്തുതിക്കുന്നു.

താൽപര്യപൂർവ്വം സുവിശേഷം ശ്രവിക്കുന്ന കൈലാഷ്, താക്കൂർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.കഴിഞ്ഞ എട്ടു മാസമായി തൊണ്ടക്കു ഉണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്ന ജിത്തെന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ചൗധാന്റെ പിതാവ് ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് മറ്റുള്ളവരെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പദ്ധതിയിട്ടിരിക്കുന്ന ജീപ്പ് ടീമിന്റെ പ്രവർത്തനം, ജീസസ് ഫിലിം പ്രദർശനം, അന്വേഷക ക്യാമ്പ് എന്നിവയുടെ അനുഗ്രഹത്തിനായും ഇതിലൂടെ അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### ദാബ്ര : സതികാന്ത പരിച്ച & സാഗരിക പ്രധാൻ

വിശ്വാസികളായ അരവിന്ദനും ഭാര്യക്കും വിഷ പാമ്പിന്റെ ദംശനമേറ്റെങ്കിലും യാതൊരു ദോഷവും ഭവിക്കാതെ ദൈവം അവർക്കു ദിവ്യ പരിപാലനം നൽകി. പ്രസവ സമയത്തു പ്രയാസങ്ങൾ ഉണ്ടായെങ്കിലും വിശ്വാസികകളുടെ പ്രാർത്ഥനയാൽ ഹസിനക്കു സുരക്ഷിത പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. റോഡപകടത്തിൽ ദൈവം കരുണ ചെയ്തു ബാബു സിങ്ങിനെയും മകനെയും ദോഷം ഭവിക്കാതെ പരിപാലിച്ചു. അനേക മാസങ്ങൾക്കു ശേഷം കിത്കാണ്ട ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിച്ചു. വർദ്ധിച്ചു വരുന്ന എതിർപ്പുകളുടെ മദ്ധ്യത്തിൽ ഞായറാഴ്ച ആരാധന തടസ്സമില്ലാതെ നടത്തുവാൻ ദൈവം കരുണ ചെയ്യുന്നു.

ജീപ്പ് ടീമിൽ സമർപ്പണവും കഴിവുമുള്ള ഒരു ഡ്രൈവറെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വർദ്ധിച്ചു വരുന്ന പീഢനത്തിന്റെ മദ്ധ്യത്തിൽ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനു വിശ്വാസികൾക്കു ആവശ്യമായ ബലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ടൈഫോയ്ഡിൽ നിന്നു നാൻസി സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാമ്പത്തീക കടഭാരത്തിൽ നിന്നു സുരേഷ് വിടുതൽ പ്രാപിക്കേണതിനായി പ്രാർത്ഥിക്കുക. പുകയില ഉപയോഗത്തിൽ നിന്നും നികിലും ആകാശും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പഴകിയ പുറം വേദനയിൽ നിന്നു മിഷനറി സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 14 നവംബർ
### വെള്ളി

### ജന്മദിനാശംസകൾ

രജ്ജിത് ജയിംസ്
ജോൺ സി എച്ച്, ജലീൻ ശങ്കർ
മഹേശ്വരി റിബേക്ക വി
വാൽവി ദിന ധന

### ഉദൈനഗർ

**ഡി വിൽസൺ & രാസ്മിത**

സിഘോർ ജില്ലയിലെ ഇച്ഛാവറിൽ ഒരു പുതിയ ഇടത്താവളം ആരംഭിച്ചു. ബാഗ്ലി മിഷനിൽ ഉയർന്നു വന്ന പീഡനത്തിൽ വിശ്വാസികളെ ദൈവം സുരക്ഷിതമായി പരിപാലിച്ചു. മദ്ധ്യപ്രദേശിൽ കർത്താവ് നമുക്കു പത്ത് മിഷൻ വയലും 22 ആരാധനക്കൂട്ടങ്ങളും 24 പ്രാദേശിക സുവിശേഷകരെയും നൽകിയനുഗ്രഹിച്ചു. സുവിശേഷത്തിനായി 88 ദിവസം ജയിൽവാസം അനുഭവിച്ച വിശ്വാസികളെ ദൈവം ശക്തീകരിച്ചു.

പിന്മാറ്റ ജീവിതം നയിക്കുന്ന വിശ്വാസികൾ അനുതപിച്ച് പൂർണ്ണ മനസ്സോടെ ക്രിസ്തീയ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. പ്രതികൂല സാഹചര്യത്തിൽ ഉറച്ചു നിൽക്കുവാൻ സഭാമൂപ്പന്മാരെ പരിശുദ്ധാത്മാവ് ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോടതിയിൽ വ്യാജമായ കേസ് അഭിമുഖീകരിക്കുന്ന പ്രാദേശിക സുവിശേഷകരായ ദീപക്, ദിനേശ്, ഹരി, ജീവൻ, ജഗറാം ബാബ, ഹർജുൻ, സച്ചിൻ, മെയ്ദ കിരൺ, മജ്ജു എന്നിവർക്കു നീതി ലഭിക്കേണ്ടതിനും കേസ് തള്ളക്കളയേണ്ടതിനുമായി പ്രാർത്ഥിക്കുക. ബിലാല, ഗോണ്ട്, ബരേല എന്നീ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യെ ശക്തമായ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. മത പരിവർത്തന നിരോധിത ബില്ലിന്റെ പേരിൽ ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെടുന്നു. ഈ നിയമത്തിന്റെ ദുരുപയോഗം തടയേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ രാജ്യത്തും നേതാക്കന്മാരിലും ദൈവം തന്റെ പരമാധികാരം വെളിപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### പാൽ

**മഹേന്ദ്രൻ എ & പുഷ്പം**

വിഷ പാമ്പിന്റെ ദംശനമേറ്റ മേത്തിയഖേദി ഗ്രാമത്തിലെ റിങ്കു അബോധാവസ്ഥയിലായി. നമ്മുടെ വിശ്വാസി ദരിയ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം പൂർണ്ണ സൗഖ്യം നൽകി. പത്തു വർഷമായി വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ കനിഷ്കയെയും അടിക്കടി മൂക്കിലൂടെ രക്തം വരുന്ന സരിശിനെയും കർത്താവ് സൗഖ്യമാക്കി. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

മാനസിക വിഭ്രാന്തിയാൽ കഷ്ടപ്പെടുന്ന പത്‌ലിബായിയുടെ വിടുതലനായി പ്രാർത്ഥിക്കുക. ബലിറാം, രാധ, ഗായത്രി ഭായ് എന്നിവർ യേശുവനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവർ ആത്മീക ജീവിതത്തിൽ ശക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു നഷ്ടങ്ങൾക്കു പിന്നാലെ മൂന്നു ദിവസം കഴിഞ്ഞപ്പോൾ അവരുടെ പൈതൽ നഷ്ടപ്പെട്ട നിർമ്മല കൈലാഷിന്റെ കുടുംബത്തെ ദൈവം ആശ്വസിപ്പിക്കേണതിനും അനുഗ്രഹിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വീണു അബോധാവസ്ഥയിൽ ശയ്യാവലംബയിലായിരിക്കുന്ന ജാമൽഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മാസത്തെ പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

# 15 നവംബർ
## ശനി

### ജന്മദിനാശംസകൾ

ആലീസ് അനിൽ കുമാർ വിസോയി
വസാവ സവിതബൻ പച്ചിയ ബായി

## അസം

### ഗോഗഗ്മുക്ക് / ധാക്കുവാകാന

**ഡെൻസിങ് ആർ & ജാസ്മിൻ കവിത**

ഗ്രേഡ് 11 ലെ സാമോനി പക്ഷാഘാതത്തിൽ നിന്നും ഒയ്പുലി കഠിനമായ തലവേദന, രക്തസമ്മർദ്ദ കുറവ് എന്നിവയിൽ നിന്നും ദീഷ്കു വൃക്കസംബന്ധമായ രോഗത്തിൽ നിന്നും ജോൺമനി കരൾ സംബന്ധമായ രോഗം ശ്വാസ തടസ്സം എന്നിവയിൽ നിന്നും നോറ ഉദര സംബന്ധമായ രോഗം അപസ്മാരം എന്നിവയിൽ നിന്നും വിടുതൽ പ്രാപിച്ചു. ഇവർ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. നമ്മുടെ മിഷനറിയുടെ മകൾ ഷീലക്കു നല്ല ആരോഗ്യം നൽകി ദൈവം അനുഗ്രഹിച്ചു. പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ നടത്തി.

ഈ മിഷൻ വയലിൽ നിലനിൽക്കുന്ന എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്കസംബന്ധമായ രോഗത്തിൽ നിന്നും മരക്കാതിങ് സെന്ധെ, കരൾ സംബന്ധമായ രോഗത്താലും മഞ്ഞപിത്തത്താലും ആശുപത്രിയിൽ പ്രവേശിപ്പിച്ച മേരി പെഗു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഡോർജി, ബോഗാം, ഒവ്ഗുരി. ദരോങ്, ഡെഗരഗുര, ഉരിയാംഗുരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ മൂന്നു വർഷമായി ഡെബാൻ ബയാങ് ത്വക്കു രോഗത്താൽ കഷ്ടപ്പെടുന്നു. ഒരു ചികിത്സയും ഫലിക്കുന്നില്ല. ദൈവീക സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വാതരോഗത്തിൽ നിന്നും രശ്മിയുടെ പൈതൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവളുടെ ഭർത്താവിന്റെ കുടുംബാംഗങ്ങൾക്കെല്ലാം ഈ രോഗലക്ഷണങ്ങൾ ഉണ്ട്. കുടുംബത്തിലുള്ള എല്ലാവരും ഈ ബലഹീനതയിൽ നിന്നും പരമ്പരാഗത രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദെമാജ്ഹി

**പ്രവീൺ ദാസ് & മാർഗരറ്റ് സിങ്**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ആറു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ലുടാസെറ്റ് ഗ്രാമത്തിൽ സംഘടിപ്പിച്ച വിശ്വാസികളുടെ ക്യാമ്പിൽ അനേകർ സംബന്ധിച്ചു ആത്മീകാനുഗ്രഹം പ്രാപിച്ചു. രണ്ടു ഗ്രാമങ്ങളിൽ സംഘടിപ്പിച്ചു സുവിശേഷീകരണ യത്നത്തിൽ ഇവരെല്ലാവരും ആത്മാർത്ഥമായി പങ്കെടുത്തു ലഘുലേഖകൾ വിതരണം ചെയ്തു.

ഇവിടുത്തെ ശുശ്രൂഷക്കു സമർപ്പണവും പ്രതിബദ്ധതയുമുള്ള സന്നദ്ധപ്രവർത്തകരെ ദൈവം എഴുന്നേല്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിസ്സിങ് ജനവിഭാഗത്തിലെ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നടക്കുവാൻ കഴിയാത്ത പതിനൊന്നു വയസ്സുകാരൻ ജൊക്ല, രണ്ടു കാലിലും നീരു ബാധിച്ച മെയ്ന ബില്ലി, വിഷാദ രോഗത്താൽ ഉറക്കമില്ലാതെ കഷ്ടപ്പെടുന്ന കോമൾ ബാങ്കിൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**16** **നവംബർ**
**ഞായർ**

## ജന്മദിനാശംസകൾ

ഏബ്രഹാം തോമസ്

## ബീഹാർ

### ഈസ്റ്റേൺ ഗാഞ്ചറ്റിക് റീജിയൻ

**ബാബു പുഷ്പരാജ് & റെയ്ച്ചൽ ജോയ്സ്**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കുറച്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ചികിത്സക്കു വിധേയനായ സൃഷ്ടികുമാറിന്റെ ആരോഗ്യം പുരോഗമിക്കുന്നു. പത്തു വർഷത്തിനു ശേഷം പ്രാർത്ഥനയുടെ ഫലമായി റീനു ദേവി അവളുടെ ഭർത്താവിനോടു ചേർന്നു ജീവിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും സുകുന്നി കുമാർ വിടുതൽ പ്രാപിച്ചു. രവി ശങ്കറിനു പോലാസ് സേനയിൽ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മധുബനി ഗ്രാമത്തിൽ സുവിശേഷം നിമിത്തം പീഡനം അനുഭവിക്കുന്നവരെ കർത്താവ് ബലപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. ശിവനഗറിലുള്ള വിശ്വാസികളെ ദുരുപദേശത്തിൽ നിന്നും സംരക്ഷിച്ച് ദൈവീക പരിജ്ഞാനത്താൽ പ്രകാശിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഗങ്ങളിൽ നിന്നും ധരെൻസാദ, ഡെൽച്ചാന്ദ എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകരായ സുമർ കുമാർ, പാപ്പു റിഷി ദേവ് എന്നിവർ ആവേശത്തോടെ തങ്ങളുടെ വേല തുടരേണ്ടതിനായി പ്രാർത്ഥിക്കുക. കാജോൾ ഗ്രാമത്തിലെ അനുധാവന പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. തമുവ ഗ്രാമത്തിലെ എതിർപ്പ് ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

### ജാമ

**മുന്ന മൊഹന്തിയാർ & സുമിത ദാസ്**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദൈവീക പ്രവർത്തനത്തിന്റെ അത്ഭുത സാക്ഷ്യം നിമിത്തം ചിലർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിശ്വാസികളുടെയും സഭാമൂപ്പന്മാരുടെയും യുവജനങ്ങളുടെയും ക്യാമ്പുകൾ വിജയകരമായി സംഘടിപ്പിച്ചു. പങ്കെടുത്തവർ ആത്മീക വർദ്ധനവ് പ്രാപിച്ച് ഉത്സാഹിതരായി തീർന്നു. മിഷനറിമാരെയും പ്രാദേശിക സുവിശേഷകരെയും അപകടങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും ദൈവം അതിശയകരമായി വിടുവിച്ചു.

നമ്മുടെ ബാലഭവനത്തിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും ഉള്ളിൽ സുവിശേഷം പ്രഘോഷിക്കണമെന്ന തീവ്രമായ ആഗ്രഹം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്ത്യാനികളായ യുവജനങ്ങൾ ക്രിസ്തുവിന്റെ സ്നേഹവും പ്രകൃതവും പ്രത്യക്ഷമാകത്തക്കവണ്ണമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാരം, പക്ഷഘാതം, ക്ഷയം, വിഷാദം എന്നീ രോഗങ്ങളാൽ കഷ്ടപ്പെടുന്ന വിശ്വാസികളുടെ ആശ്വാസത്തിനും സൗഖ്യത്തിനുമായി പ്രാർത്ഥിക്കുക. മിഷനറിയുടെ സഹോദരൻ മസ്തിഷ്കത്തിൽ രക്തം കട്ടപിടിച്ച് ഗുരുതരാവസ്ഥയിലായിരിക്കുന്നു അയാളുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 17 നവംബർ
തിങ്കൾ

### ജന്മദിനാശംസകൾ

ഹേമലത ഏബ്രഹാം

### പതാർഗാമ

**ക്രിഷൻ കുമാർ & ശാന്തി ലാൽ**

ചോട്ടു രവിദാസിന്റെ സംസാര ശേഷി നഷ്ടപ്പെട്ടു 15 ദിവസം കഴിഞ്ഞപ്പോൾ പ്രാർത്ഥനയാൽ ദൈവം അത്ഭുതകരമാം വിധം സൗഖ്യമാക്കി. ശാന്തോ ദേവി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിശ്വാസികൾ താൽപര്യപൂർവ്വം ആവേശത്തോടെ സുവിശേഷീകരണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു. ആഴമായ സമർപ്പണത്തോടും വിശ്വസ്തതയോടും കൂടി അവർ ദൈവവേല ചെയ്യുന്നു.

സുഷമ ദേവി, ലക്ഷ്മി ദേവി എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. വൃക്കസംബന്ധമായ രോഗത്താലും ഉദരവീക്കത്താലും കഷ്ടപ്പെടുന്ന അഞ്ചു വയസ്സുകാരന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദൈവരാജ്യത്തിന്റെ വിസ്തൃതിക്കായി സമർപ്പണമുള്ള സ്വദേശ സുവിശേഷകനെയും സന്നദ്ധ സുവിശേഷകരെയും കർത്താവ് എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൈറസ് ബാധയാൽ കഷ്ടപ്പെടുന്ന അഭിഷേക്, ജിത്തേന്ദ്ര, രവിദാസ്, സുരേന്ദ്ര രവിദാസ്, മോത്തിലാൽ എന്നിവരുടെ സൗഖ്യത്തിനും ആരോഗ്യത്തിനുമായി പ്രാർത്ഥിക്കുക.

### ബർഹർവ

**മല്ല വിദ്യാസാഗർ & ദീപിക റാണി**

മാർത്ത മാൽ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാൽ സമുദായം പാർക്കുന്ന റാണിപൂർ, സിന്ധുപൂർ എന്നീ മേഖലകളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. കുഞ്ഞുങ്ങളെ ദൈവവചനത്താൽ പരിപോഷിപ്പിക്കുന്നതിനു മൂന്നു ഗ്രാമങ്ങളിൽ ബൈബിൾ ക്ലബുകൾ ആരംഭിച്ചു. വിശ്വാസികളായ സിന്ധു രവിദാസ്, ശാന്തി ദേവി, കഞ്ചൻ ദേവി, തുലാരി എന്നിവരെ റോഡപകടത്തിൽ ദൈവം കരുണയോടെ പരിപാലിച്ചു.

കാൻസർ രോഗത്തോടു മല്ലടിക്കുന്ന പുതിയ വിശ്വാസി പാർത്ത മാലിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബേബി കുമാരി, മാനെ കുമാരി, പ്രമീള എന്നിവർക്കു സർക്കാർ അനുവദിച്ച സൗജന്യ വീട് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലക്ഷ്മി ദേവി അത്തികാരി, കാമാലി, പായാൽ, കങ്ഗിയ എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. നാരായണൻ മാലിനു നല്ലൊരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം സ്വന്ത ഗ്രാമത്തിൽ നിന്നും എതിർപ്പു നേരിടുന്ന നമ്മുടെ സഭാ മൂപ്പൻ കൊബാൻ മാലിന്റെ സംരക്ഷണത്തിനും ശക്തിക്കുമായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസികൾ ഭീഷണിയിലും ഉപദ്രവത്തിലും തളരാതെ ദൈവകൃപയിൽ ശക്തിപ്പെട്ടു സാക്ഷ്യമുള്ള ജീവിതം നയിച്ച് അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 18 നവംബർ
### ചൊവ്വ

### ജന്മദിനാശംസകൾ

ജാക്കുലിൻ ബഞ്ചമിൻ

താംങ്സെ സംങ്തം

### ചന്ദോപാനി

**ജ്ഞാനപണ്ഡിതൻ & ശാന്തി**

പുതിയ വിശ്വാസികളായ സേമ ദേബിയുടെ മകൾ കരീന കുമാരി, മോഹൻ റായ് എന്നിവരെ ടൈഫോയ്ഡിൽ നിന്നും ദൈവം സൗഖ്യമാക്കി. സിക്ര ഗ്രാമത്തിലെ സിൽവാൽ റായ് താൽപര്യപൂർവ്വം സുവിശേഷം ശ്രവിക്കുന്നു. ആറു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. അനേക പ്രദേശങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം പതിവു പോലെ നടത്തി. മാൽ ബഹത്തിയ ജനവിഭാഗങ്ങളുടെ മധ്യത്തിലെ ശുശ്രൂഷയിൽ നമ്മുടെ മിഷനറിയെ ദൈവം ശക്തിയോടെ ഉപയോഗിക്കുന്നു. സുവിശേഷ സത്യത്തിലേക്കു അനേകർ ആകർഷിക്കപ്പെടുന്നു.

ബജേക്കോണ ഗ്രാമത്തിലെ യുവജനങ്ങൾ എതിർപ്പ് ഉപേക്ഷിക്കേണ്ടതിനും വിശ്വാസികൾ ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നതിനെ തടസ്സപ്പെടുത്താതിരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. താൽപര്യപൂർവ്വം സുവിശേഷം ശ്രവിക്കുന്ന ബന്ധാൻ ബഹാരി, സിക്ക്ദ, ഹരിപൂർ, കരംപുര, ജിക്പൂർ, ഉദൈ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിരൻജയ്, കോരി ദെബി, കിരൺ ദെബി എന്നിവർ നേരിടുന്ന വെല്ലുവിളികളെ അതിജീവിച്ച് യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ വിശ്വാസിയായ പ്രേം ജയ്ക്കു ഒരു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തുവിന്റെ സ്നേഹവും പ്രകാശവും പ്രതിഫലിപ്പിക്കുന്ന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മോഹുൽപാടി : ഹമുവേൽ ലിമ്മ & റിത്താഞ്ജലി കർദ**

സഭാ മൂപ്പന്മാരുടെയും പ്രാദേശിക സുവിശേഷകരുടെ പരിശീലനം പ്രോഗ്രാം അനുഗ്രഹകരമായിരുന്നു. പൊക്കിളിൽ അണുബാധയുണ്ടായ പൈതൽ സുനിത ദൗഹരിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ മിഷനറിയെ വിളിച്ചു, പ്രാർത്ഥിച്ചപ്പോൾ ദൈവം പൈതലിനെ സൗഖ്യമാക്കി. എതിർപ്പിനെ തുടർന്നു നിർത്തി വെച്ചിരുന്ന സോൽബോന സഭയിലെ ചെറു പ്രാർത്ഥനക്കൂട്ടം പുനാരാരംഭിച്ചു. അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന ബസുദേവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രണ്ടു മേഖലകളിൽ നടത്തിയ സ്ത്രീകളുടെ യോഗം അനുഗ്രഹകരമായിരുന്നു.

വിഷാദ രോഗത്താൽ വലയുന്ന മംഗള ദേവഹരി ആരോഗ്യം വീണ്ടെടുത്തു ദൈവത്തിങ്കൽ നിന്നു സമ്പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്താൽ വലയുന്ന രശ്മി കുമാരിയെ സംരക്ഷിക്കുവാൻ മാതാപിതാക്കൾക്കു കഴിയുന്നില്ല. അവളെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. അരിവാൾ രോഗത്താൽ വലയുന്ന യാക്കൂബ് ദെഹരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പഴകിയ ഉദരവേദനയാൽ കഷ്ടപ്പെടുന്ന സപ്പാടിയ ഗ്രാമത്തിലെ ഏക വിശ്വാസിയായ സോണിയ ദൗഹാരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**19** **നവംബർ**
**ബുധൻ**
ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

എലിസബത്ത് സ്വർണ്ണ ദുരൈരാജ്
ബസന്തി ബസുദേവ മാൾട്ടോ

### നഗർ ഉന്താരി

**ബിബിൻ ബിഹാരി & ജാറണ പരിച്ച**

അൽക്കാർ, തുളസിധമാർ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവകൃപയാൽ ദൈവാലയ നിർമ്മാണത്തിനാവശ്യമായ വിഭവങ്ങൾ വിശ്വാസികൾ ആവേശത്തോടു ദാനം നൽകുന്നു. തുളസിതാമർ ഗ്രാമത്തിൽ വിശ്വാസികൾ ഉപവസിച്ചു പ്രാർത്ഥിച്ചപ്പോൾ ഭക്ഷണം കഴിക്കുന്നതിനോ ഉറങ്ങുന്നതിനോ കഴിയാതിരുന്ന ബികാസ് കാശിയെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. ഇവിടെ നടത്തിയ കുട്ടികളുടെ പ്രത്യേക സമ്മേളനത്തിൽ 100 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

സുവിശേഷത്തിൽ വിശ്വസിക്കുന്ന ബികാസ് കാശിയുടെ കുടുംബം ധൈര്യപൂർവ്വം യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉത്തർപ്രദേശിന്റെയും ജാർഖണ്ഡിന്റെയും അതിർത്തിയിലുള്ള നഗർ ഉന്ധാരി മിഷൻ വയലിൽ എതിർപ്പുകൾ വർദ്ധിച്ചു വരുന്നു. ഈ വെല്ലുവിളികൾ നിറഞ്ഞ ചുറ്റുപാടിൽ മിഷനറിമാർക്കും വിശ്വാസികൾക്കും ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിൽ പാർക്കുന്ന കുട്ടികൾക്കു ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായയും നല്ല ആരോഗ്യത്തോടിരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പദ്ധതിയിട്ടിരിക്കുന്ന പദ്ധതികൾ ദൈവീക നടത്തിപ്പിലും കരുതലിലും നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### ബാലുർഘാട്

**ദീപാർത്ഥന & മിത്തേഷ്**

സഭാമുപ്പന്മാരുടെ രണ്ടു ദിവസത്തെ ക്യാമ്പ് വിജയകരമായിരുന്നു. അതിനോടു ചേർന്ന് രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. താരപാട ഗ്രാമത്തിൽ സംഘടിപ്പിച്ച മുഴു രാത്രി പ്രാർത്ഥനയിൽ മിന്ധി ഹെബ്രത്തിന്റെ രണ്ടു പുത്രിമാർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരായി. ഡാൻവി ഗ്രാമത്തിലെ പ്രാർത്ഥന യോഗത്തിൽ ശിവലാൽ മുർമ്മു ഭയത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ജടായ് ഗ്രാമത്തിലെ ഡോള സൊറൻ പൈശാചിക ബന്ധനത്തിൽ നിന്നു പ്രാർത്ഥനയാൽ മോചനം പ്രാപിച്ചു. 15 വർഷമായി വൃക്കയിലുണ്ടായ കല്ലിനാൽ കഷ്ടപ്പെട്ട ബബ്ലൂ ഹൻസ്തയെ പ്രാർത്ഥനയുടെ ഫലമായി ശസ്ത്രക്രിയയിലൂടെ സൗഖ്യം ലഭിച്ചു.

പാദർപൂർ, ഡങ്കി, ദാദുഗി ഡോള, താരജ്പൂർ, പാലിദങ്ക എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ശ്രമങ്ങൾ വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും വിശ്വാസികളും ആത്മീക പക്വത പ്രാപിച്ച് സുവിശേഷ വേലയിൽ സജീവമാകേണ്ടതിനായി പ്രാർത്ഥിക്കുക. ബാജി ഹൻസ്ത, ബിസു കിസ്കു എന്നിവർ ആത്മാർത്ഥതയോടും തീഷ്ണതയോടും കൂടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സിബു സൊറൻ, ബൊർക്കാന മുർമ്മു, ബോലിൽ മുർമ്മു, ബഗത് ഹൻസ്ത, നായൻ ദുദുയന്ത്, ബുധൻ ടുഡു എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 20 നവംബർ
### വ്യാഴം

**താപാൻ**

**ഹരമോഹൻ പ്രഭുദാസ് നായക് & കുമാരി സുസമ പാനി**

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞവർക്കായി ദൈവത്തെ സ്തുതിക്കാം. പിന്മാറ്റ ജീവിതം നയിച്ച സുനിൽ മുർമ്മു വിശ്വാസത്തിലേക്കു തിരികെ വന്നു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സോബൻ മുർമ്മു യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനെ തുടർന്നു മാനസിക രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ദൈവ കൃപയുടെയും ശക്തിയുടെയും സാക്ഷ്യമായി സലബാരി പൂർണ്ണ സൗഖ്യം പ്രാപിച്ചു.

ഞായറാഴ്ച ആരാധന നടക്കുന്ന എല്ലാ ഗ്രാമങ്ങളിലും ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ രോഗത്താൽ വലയുന്ന അജയ് കുമാർ, കാൻസർ രോഗിയായ ലോഗൻ മാർദി, പ്രമേഹ രോഗിയായ അരോദി മുർമ്മു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ ദൈവവചനം ഗ്രഹിച്ച് ആത്മീക വളർച്ച പ്രാപിച്ച് വിശ്വാസികളെ ആത്മീക ദർശനത്തോടും കാഴ്ചപ്പോടും കൂടെ നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകൻ രാജേഷ് മുർമ്മുവിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. എക്താല, ഡങ്കരടോള, ടെക്കി എന്നീ ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തുന്നതിനു അനുവാദം ലഭിച്ചു. സുവിശേഷത്തെ എതിർക്കുന്ന ബബ്ലു സൊറൻ, സപ്താൻ മുർമൗന്ദ് ഒക്കിൽ മുർമ്മു എന്നിവർ സുവിശേഷ വേലയെ എതിർക്കുന്നു. രൂപാന്തരപ്പെടുത്തുന്ന കർത്താവിന്റെ സ്നേഹത്താൽ അവർ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. വേദപഠനക്ലാസ്സുകളും ചെറുപ്രാർത്ഥന ക്കൂട്ടങ്ങളും തടസ്സങ്ങളില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്

**തപ്കാര / ലുടെഗ് ബാലഭവനം**

**അരുൺ കുമാർ ജി & സാരതി എ**

മഹാദേവമുട ദൈവാലയത്തിന്റെ അറ്റകുറ്റപണി പൂർത്തീകരിച്ചു. ദൈവകൃപയാൽ ഇവിടെ ആരാധന പുനരാരംഭിച്ചു. കുമൻസുയ ഗ്രാമത്തിൽ നടത്തിയ വിശ്വാസികളുടെ യോഗത്തിൽ സംബന്ധിച്ചവർ വിശ്വാസത്തിൽ ബലപ്പെടുകയും ആത്മീക അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. കുടുംബ സംഗമത്തിൽ 40 വ്യക്തികൾ പങ്കെടുത്തു ആഴമായ അനുഗ്രഹം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും രാധിക വിടുതൽ പ്രാപിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജന സമ്മേളനത്തിൽ അനേകർ സംബന്ധിക്കേണ്ടതിനും അവർ യേശുക്രിസ്തുവിന്റെ രക്ഷണ്യ കൃപ പ്രാപിക്കേണ്ടതിനും ദൈവവേലക്കായി തങ്ങളെ സമർപ്പിക്കേണ്ടതിനായുമായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു പത്തു വർഷത്തിനു ശേഷം അനുരഞ്ജന്റെ ഭാര്യ ഗർഭിണിയായി. അവളുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

# 21 നവംബർ വെള്ളി

### ജന്മദിനാശംസകൾ

ജഹാലിൻ ജമി ജയശേഖർ
മൻപ്രിത് കൗർ

### ഝാർഗോഡ

**കിങ്സ്ലി ഐസക് ജോൺസൺ & മീന ആർ**

സ്തോത്ര പ്രാർത്ഥന അനുഗ്രഹകരമായി നടത്തി. എട്ടു സ്ഥലത്തു സത്സാംഗ് പ്രോഗ്രാം നടത്തി. ഈ മിഷൻ വയലിൽ സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിൽ അനേകർ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. യുവജനങ്ങളുടെയും സന്നദ്ധ സുവിശേഷകരുടെയും ആത്മീക പരിപോഷണത്തിനായി വേദപഠന ക്ലാസ്സുകൾ ക്രമീകരിച്ചു നടത്തുന്നു. 14 രാത്രി യോഗങ്ങൾ നടത്തി. മെഡിക്കൽ ക്യാമ്പിലൂടെ സുവിശേഷം പ്രഘോഷിച്ചു. പ്രാദേശികരായ അനേകർക്കു അനുഗ്രഹകരമായി തീർന്നു.

തമ്നാർ താലൂക്കിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പിന്റെയും പീഢനത്തിന്റെയും മദ്ധ്യത്തിൽ ശുശ്രൂഷ തുടരേണ്ടതിനായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകരെയും വിശ്വാസികളെയും ഫലപ്രദമായി സുവിശേഷ വേല ചെയ്യുവാൻ പരിശുദ്ധാത്മാവ് ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഛത്തീസ് ഘട്ടിൽ സുവിശേഷത്തിനും സുവിശേഷ പ്രവർത്തകർക്കും എതിരായി നിലനിൽക്കുന്ന എതിർപ്പിലും പീഡനത്തിലും കർത്താവ് ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ നടത്തുവാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒഡിഷ

### റിമൂലി

**അരവിന്ദ് കുമാർ & ഹെലൻ മറിയാം**

നമ്മുടെ മിഷനറിമാർ അവധി കഴിഞ്ഞ് മടങ്ങിവരുന്ന യാത്രയിൽ ഉണ്ടായ മലയിടിച്ചിലിൽ ദൈവം മിഷനറിമാരെ അത്ഭുതകരമായി പരിപാലിച്ചു. മസൂരിയന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ബന്ധുവിന്റെ വീട്ടിലേക്കു പശുക്കളെ കൊണ്ടു പോകുന്ന വേളയിൽ നമ്മുടെ വിശ്വാസിയെ സുവിശേഷ വിരോധികൾ പിടിക്കുകയും വാഹനം പോലീസിനു കൈമാറുകയും ചെയ്തു. ഒരാഴ്ചത്തെ അന്വേഷണത്തിനൊടുവിൽ ദൈവകൃപയാൽ വാഹനം കാർത്തിക്കിനു തിരികെ നൽകി.

തലയിലുണ്ടായ പരു നിമിത്തം വേദനയനുഭവിക്കുന്ന സാമുമുണ്ടയുടെയും നെഞ്ചു വേദനയാലും ക്ഷിണതയാലും കഷ്ടപ്പെടുന്ന സുനിയമുണ്ടയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഠിനമായ തലവേദനയനുഭവിക്കുന്ന ജോഹാത്തിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ മിഷൻ വയലിലേക്കു പോകുവാൻ മിഷനറിമാർ തയ്യാറെടുക്കുന്നു. അവർ പുതുതായി പ്രവർത്തിക്കുവാൻ പോകുന്ന മേഖലയിൽ ദൈവം അവരെ ശക്തമായി എടുത്തുപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലേക്കു കടന്നു വരുന്ന മിഷനറിയുടെ പ്രവർത്തന വിജയത്തിനായും ഇവിടുത്തെ സാചര്യവുമായി ഇണങ്ങേണ്ടതിനായും പ്രാർത്ഥിക്കുക.

**22** നവംബർ
ശനി

# ഗുജറാത്ത്

## ജാവട – സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ & ബാലഭവനം

**ഹരിബാബു & പങ്കജം എസ്; പൊൻ അഗസ്റ്റിൻ & ജോയ്സ് ശോഭന; സതീഷ് & ക്രിസ്റ്റി ജയന്തി; തങ്ബിയാകമുവാൻ**

ബാലഭവനത്തിൽ ഏകദിന സമ്മേളനം നടത്തി. ശ്യാമിന്റെ മാതാവിനു വിഷ പാമ്പിന്റെ കടിയേറ്റെങ്കിലും അവർ നിരന്തരം ദൈവത്തോടു പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അവരെ സൗഖ്യമാക്കി. കഴിഞ്ഞ മാസം കുട്ടികൾ ആത്മാർത്ഥമായി വിവിധ പ്രോഗ്രാമുകളിൽ പങ്കെടുത്തു. ബാലഭവനത്തിലെ കുട്ടികളെയും പ്രവർത്തകരെയും ദൈവം ആരോഗ്യത്തോടെ പരിപാലിച്ചു.

ഈ ബാലഭവനത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളും യേശുവിനെ കണ്ടുമുട്ടേണ്ടതിനും ദൈവ സ്നേഹം രുചിച്ചറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. 30 കുട്ടികൾ പത്താം ക്ലാസ്സിലെ പരീക്ഷക്കും 14 കുട്ടികൾ പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷയ്ക്കും തയ്യാറെടുക്കുന്നു. ഇവരുടെ വിജയത്തിനായി പ്രാർത്ഥിക്കുക. സ്കൂളിനു നേതൃത്വം നൽകുന്ന മിഷനറിമാർ ദൈവീക പരിജ്ഞാനത്താൽ തുടർന്നും നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികൾക്കു കളിക്കുവാൻ ഒരു കളിസ്ഥലത്തിനുള്ള സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മാൻസ

**ചെല്ലദുരൈ ജെ & കനകനേശം**

കർത്താവിന്റെ കൃപയാൽ കാബാജി ബായിയുടെ ഭവനം സർക്കാർ പദ്ധതിയിൽ വൈദ്യുതികരിച്ചു. ഹീന ബന്നിന്റെ വിവാഹം ഭംഗിയായി നടത്തപ്പെട്ടു. രാഹുൽ ബായിയുടെ വിവാഹത്തിനാവശ്യമായ സാമ്പത്തീകം നല്കി ദൈവം അനുഗ്രഹിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ തരുൺ ഭായിയെ കർത്താവ് സംരക്ഷിച്ചു. പർമാർ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള അവസരങ്ങൾ വർദ്ധിച്ചു വരുന്നു.

വർക്കാകി ജാതിക്കൂട്ടം അതിദാരിദ്ര്യത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. കടഭാരത്താലും പാപഭാരത്താലും വലയുന്ന അവർ ക്രിസ്തു യേശുവിലുള്ള സ്വാതന്ത്ര്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പശ്ചിമ ഗുജറാത്തിലുള്ള ബാല വേലയുടെ അപകടകരമായ നിരക്ക് കുറയേണ്ടതിനും ഈ കുഞ്ഞുങ്ങൾക്കു അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വർഷ, വിതൽ ബൻ, സുമൻ ബൻ, ഭാരതി ബൻ, പാർവതി ബൻ, സപ്ന ബൻ, സോനാൽ ബൻ, പാൽഗുനി ബൻ എന്നിവർക്കു തലമുറകളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ യൗവ്വനക്കാർക്കു ദൈവഭയമുള്ള ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു ഒരു പ്രാദേശിക സുവിശേഷകനെയും രണ്ടു സന്നദ്ധ സുവിശേഷകരെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 23 നവംബർ
### ഞായർ

### ജന്മദിനാശംസകൾ

ജോഷ്വ കെ എസ്
ജോൺ പോൾ ഹാരിസ്

### ചോരാമ്പ

**പുഷ്പരാജ് & ജോതി നിർമ്മല**

ആറു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിഹാൻ, പൽസോദ്, കാസവ്, ജറിമോറ എന്നീ ഗ്രാമങ്ങളിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 124 സ്ത്രീകൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. വിഷപാമ്പിന്റെ ദംശനമേറ്റ സുരേഷിനെ ദൈവകൃപയാൽ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും കിരൺ സ്വന്തമാതാവിന്റെ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിന്റെ വിജയത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ വിശ്വസ്തരായി സഭയെ ആത്മീകമായി വഴി നടത്തുന്നതിനു ഉത്സാഹിതരായി.

യുവജന ക്യാമ്പിൽ പങ്കെടുത്ത യൗവ്വനക്കാർ തങ്ങളുടെ പാപങ്ങൾ ഏറ്റു പറഞ്ഞ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രീയങ്ക, ജെശുബൻ, ഹെബുബൻ എന്നിവരോടു കൂടെ 17 യൗവ്വനക്കാർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. പൈശാചിക ബന്ധനത്താൽ വലയുന്ന കവിത ബന്നിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. മാസു, സജ്ജു എന്നിവർ ദൈവവേലക്കായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു. യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### സർഗണ

**മയിൽസ്വാമി & യേശുമണി**

ബാവേര, സർക്കാന എന്നീ മിഷൻ വയലുകളിൽ സഭാമൂപ്പന്മാരുടെ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. ഉപവസിച്ചു പ്രാർത്ഥിച്ച നവി ബന്നിനെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. രണ്ടു പുതിയ കുടുംബം പ്രാർത്ഥനക്കൂട്ടത്തിൽ കടന്നുവന്നു ദൈവസഭയിലെ അംഗങ്ങളായി. നാലു വർഷമായി അടിവയറ്റിൽ വേദനയനുഭവിച്ച സൈത്തർ ബൻ ദൈവസന്നിധിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചതിനെ തുടർന്നു കർത്താവ് സൗഖ്യമാക്കി. ബോരിപാട ഗ്രാമത്തിലെ പ്രാർത്ഥന യോഗങ്ങൾ തടസ്സമില്ലാതെ ക്രമമായി നടക്കുന്നു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ആത്മീക യോഗങ്ങൾ തടസ്സങ്ങളില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള സ്വദേശ സുവിശേഷകനെയും സന്നദ്ധസേവകരെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഗണേശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വാണി, ബർഗാവ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനും അനേകർ യേശുവിങ്കലേക്കു കടന്നുവരേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികളെ ഭീഷണിപ്പെടുത്തുന്ന ബല്ലുൻ ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായും അവർ ദൈവസ്നേഹം രുചിച്ചറിയേണ്ടതിനുമായി പ്രാർത്ഥിക്കുക

## 24 നവംബർ
### തിങ്കൾ

## ജന്മദിനാശംസകൾ

ബ്യൂല ഹെൻട്രി
കിരൺ ബങ്കര ലൗലിൻ

### ജവഹർ

**വിജയ് ബാബു & ദേവ കൃപൈ**

ആറു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.. 12 ഗ്രാമങ്ങളിൽ ഉപവാസ പ്രാർത്ഥനകൾ സംഘടിപ്പിച്ചു. ജെയ്തൻ ഭായ് പൈശാചിക ബന്ധനത്തിൽ നിന്നും രോഗങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ചു. രണ്ടു വർഷമായി നടക്കുവാൻ കഴിയാത്ത ഗിർജി ബന്നിനെ പ്രാർത്ഥനയാൽ സൗഖ്യമാക്കി. പിന്മാറ്റ ജീവിതം നയിക്കുന്ന രണ്ടു പേർ അനുതപിച്ചു വിശ്വാസത്തിലേക്കു തിരികെവന്നു.

വിക്രം ഗാട്ട്, പശ്ചിമ താലുക്ക് എന്നിവിടങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ ഉണ്ടായ ഭയത്തിന്റെ ആത്മാവിൽ നിന്നു അജ്ഞനബൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മീന ബന്നിന്റെ സുഖപ്രസവത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും പ്രമീള ബൻ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ വയലുകളിൽ എലിയുടെ ശല്യം വർദ്ധിച്ചു വരുന്നു. കർത്താവ് വിശ്വാസികളുടെ വിളകളെ സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങൾ ആവേശത്തോടെ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനും വേദപഠന ക്ലാസ്സിൽ സജീവമായി പങ്കെടുക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. അനേകർ പിന്മാറിപ്പോകുന്ന സക്കെതരി, മുദോപാട, വദുപാട, നവപാട, ബോപ്താരി, കിരിമിക, കസോന്ത്, കത്തുവിഹിക എന്നീ ഗ്രാമങ്ങളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

### മാന്ദൻ / പാൻസെമാൾ

**ഗോദിസെല പ്രവീൺ &**
**ഇദിഗിനല മൗനിക**

രണ്ടു ഗ്രാമങ്ങളിൽ പ്രദർശിപ്പിച്ച ജീസസ് ഫിലിം അനേക ഹൃദയങ്ങളെ സ്പർശിച്ചു. 12 വയസ്സുള്ള ക്രിനയുടെ കൈകാലുകളുടെ ചലനശേഷി പെട്ടെന്നു നഷ്ടപ്പെട്ടു. മന്ത്രവാദികൾക്കൊന്നും അവളെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. നമ്മുടെ പ്രാദേശിക സുവിശേഷകരും വിശ്വാസികളും അവൾക്കു വേണ്ടി പ്രാർത്ഥിച്ചു ദൈവം അവളെ സൗഖ്യമാക്കി. വിഷ പാമ്പിൽ നിന്നും നമ്മുടെ വിശ്വാസികളെ ദൈവം പരിപാലിച്ചു. വാലിബ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. കുടുംബ പ്രശ്നങ്ങളാലും മദ്യാസക്തിയാലും ഭാരപ്പെടുന്ന ഹേമരാജിന്റെ കുടുംബം ദൈവകൃപയാൽ അതിൽ നിന്നും മോചനം പ്രാപിച്ചു.

വൃക്കയുടെ പ്രവർത്തനം നിലച്ച ഗുലാബ് പട്ടേലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ആരാധനയോഗത്തിൽ സജീവമായി പങ്കെടുത്തിരുന്ന പുതിയ സ്നേഹിതൻ പക്ഷാഘാതത്താൽ ഭാരപ്പെടുന്നു. ദൈവീക സൗഖ്യം അനുഭവമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്ര ശസ്ത്രക്രീയയ്ക്കു ശേഷം സൊനാബായ് പൂർണ്ണ ആരോഗ്യം വീണ്ടെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു എട്ടു വർഷമായിട്ടും മക്കൾ ജനിക്കാത്ത സുരേഷ്, ദിവാൻ എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 25 നവംബർ
### ചൊവ്വ

### ജന്മദിനാശംസകൾ

മിറില സോപ്രമേരി
ദേബരതോ വിശ്വാസ്
വസാവ അരുണബൻ ദാമനിയബായ്

### പെയിന്റ് റീജിയൻ

**വിനു എം & സുബില എൽ**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പ്രാദേശിക സുവിശേഷകരുടെ പരിശീലന പ്രോഗ്രാം അതിന്റെ ലക്ഷ്യം നേടി. വൈദ്യുതി പ്രവഹിക്കുന്ന കമ്പിയിൽ ചവിട്ടിയ നീരു ബന്നിനെ കർത്താവ് അത്ഭുതകരമായി വിടുവിച്ചു. കഴിഞ്ഞ ഒമ്പതു മാസമായി ഗർഭപാത്ര സംബന്ധമായ പ്രശ്നങ്ങളാൽ കഷ്ടപ്പെട്ട പ്രമീള ബന്നിനെ കർത്താവ് സൗഖ്യമാക്കി. ശുശ്രൂഷ കഴിഞ്ഞ് ഭവനത്തിലേക്കു മടങ്ങി വരുന്ന വേളയിൽ നമ്മുടെ സ്വദേശ സുവിശേഷകൻ കടുവയുടെ മുമ്പിൽ അകപ്പെട്ടു. ദൈവം യാതൊരു ദോഷവും ഭവിക്കാതെ തന്റെ ദാസനെ പരിപാലിച്ചു.

മൂന്നു സ്ഥലത്തു സംഘടിപ്പിച്ച ക്യാമ്പിൽ പങ്കെടുത്ത യൗവ്വനക്കാരുടെ മദ്ധ്യത്തിൽ ശക്തമായ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. വയോജന വിദ്യാഭ്യാസ പദ്ധതിയിൽ 600 പേർ ചേർന്നു. ഇവർക്കു ക്ലാസ്സുകൾ എടുക്കുവാൻ സമർപ്പിതരായ സന്നദ്ധ പ്രവർത്തകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൽവെരി ഗ്രാമത്തിലെ മുന്നു ക്രൈസ്തവ കുടുംബങ്ങളെ സുവിശേഷ വിരോധികൾ ഭീഷണിപ്പെടുത്തിയിരിക്കുന്നു. ഇവരുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. കപൂർണിയ, തങ്കപാട എന്നീ ഗ്രാമങ്ങളിൽ സെമിത്തേരിക്കു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ പ്രവർത്തിക്കുന്ന എല്ലാ സഭകളും സർക്കാരിൽ രജിസ്റ്റർ ചെയ്യുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾക്കു ഉദ്യോഗസ്ഥരിൽ നിന്ന് അനുകൂല നിലപാട് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖാന്തബാര/ നവാപൂർ

**തിമ്മന & മമത**

വഞ്ചാല ഗ്രാമത്തിലെ രാംലാലിനെ പൈശാചിക ബന്ധനത്തിൽ നിന്നും രോഗപീഡകളിൽ നിന്നും ദൈവം പ്രാർത്ഥനയാൽ വിടുവിച്ചു. ന്യുമോണിയ നിമത്തവും രക്തത്തിലെ ശ്വേത രക്താണുക്കളുടെ കുറവു നിമിത്തവും കഷ്ടപ്പെട്ട വന്ദനയെ കർത്താവ് സൗഖ്യമാക്കി. നാലു വ്യക്തികൾ ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്നു. ഇവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

കഴിഞ്ഞ നാലു മാസമായി തലകറക്കം, പനി, മൂത്രതടസ്സം എന്നിവയാൽ കഷ്ടപ്പെടുന്ന ശങ്കറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുഷ്ഠ രോഗിയായ മേലബായ്, അരിവാൾ രോഗത്താൽ വലയുന്ന രുപേഷ്, തുളസി ജഗദീഷ്, വൃക്കസംബന്ധമായ രോഗത്തോടു മല്ലടിക്കുന്ന പ്രതാപ്, ഹേമ, വിഷാദ രോഗിയായ സുഭാഷ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജന ക്യാമ്പ്, സഭാമൂപ്പന്മാരുടെ പരിശീലനെ പ്രോഗ്രാം വിശ്വാസികളുടെ യോഗം എന്നിവയിൽ സംബന്ധിക്കുന്നവരുടെ ജീവിതങ്ങളിൽ ശക്തമായ ആത്മീക പ്രതിഫലനം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 26 നവംബർ
ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

മനശ്ശെ ദാനിയേൽ

**ചാലീസ്ഗൗൺ**

**യേശു പ്രകാശ് ജെ & സുനന്ദ ബല്ലി**

രണ്ടു വർഷത്തിലധികമായി തലയിലുണ്ടായ ട്യൂമറിനാൽ ഒമ്പതു വയസ്സുള്ള ആരാധന കഷ്ടപ്പെടുകയായിരുന്നു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി നിരസിക്കുവാൻ കഴിയാത്ത അത്ഭുതത്താൽ ദൈവം അവൾക്കു പരിപൂർണ്ണ സൗഖ്യം നൽകി. ഭവനത്തിൽ നിന്നും 45 ദിവസമായി കാണാതെ പോയ ശ്യാം റാവു പ്രാർത്ഥനയുടെ ഫലമായി തിരികെ വന്നതു നിമിത്തം അവരുടെ വിശ്വാസം വർദ്ധിച്ചു. മിന്സികവൻ, പൻപ്രൂട്, മുൽദൊഗ്രി, മഗുൻബാർ, നാഗെഗാൻ, സത്നെഗർ എന്നീ ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

വൃക്ക സംബന്ധമായ രോഗം നിമിത്തം ശിവറാമിന്റെ ഹൃദയത്തിനു വീക്കമുണ്ടായിരിക്കുന്നു. ദൈവീക സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ വലയുന്ന ഹാരീഷ് പാകദോവ്, ക്ഷയരോഗത്താൽ കഷ്ടപ്പെടുന്ന സോനു ഭാവ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. യേശുക്രിസ്തുവിന്റെ സുവിശേഷം ശ്രവിച്ചവരും രോഗശാന്തി പ്രാപിച്ചവരും യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ക്രിസ്തുവിന്റെ ജീവനുള്ള സാക്ഷികളായി തീരേണ്ടതിനായി പ്രാർത്ഥിക്കുക.

**ഗാഡ്ചന്ദുർ/ പാന്ദർകാവ്ട**

**പോൾ ആൽബർട്ട് &**
**റാണി ജസിലറ്റ്**

മൂന്നു മാസം പ്രായമുള്ള പൈതൽ ശ്വാസിക്കുവാൻ കഴിയാതെ ബുദ്ധിമുട്ടിയപ്പോൾ വിശ്വാസികൾ ചേർന്നു പ്രാർത്ഥിച്ചു. കർത്താവ് കൃപ നൽകി പൈതലിനെ രക്ഷിച്ചു. കുഞ്ഞിന്റെ മാതാപിതാക്കൾ യേശുവിൽ വിശ്വാസം അർപ്പിച്ചു. അനേക നാളുകളായി മദ്യത്തിനടിമയായി കഴിഞ്ഞ അനിലിനെ കർത്താവ് പ്രാർത്ഥനയാൽ വിടുവിച്ചു. തത്ഫലം അവന്റെ കുടുംബം മുഴുവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ നിർമ്മല ഭായിയെ കർത്താവ് അത്ഭുതകരമായി പരിപാലിച്ചു. ദവ്ലിബിർ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. പക്ഷാഘാതത്താൽ കഷ്ടപ്പെട്ട രേശ്മ ഭായ് ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങയതിനെ തുടർന്നു സൗഖ്യം പ്രാപിച്ചു.

കണ്ണിൽ ട്യൂമർ ബാധിച്ച സുനിത ഭായിയുടെ സമ്പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹെർണിയ നിമിത്തം കഷ്ടപ്പെടുന്ന സങ്കരാം, അടിവയറ്റിൽ കഠിന വേദനയനുഭവിക്കുന്ന ബേബിഭായ്, കൈയിൽ വേദനിക്കുന്ന പരുവിനാൽ കഷ്ടപ്പെടുന്ന സച്ചിൻ, പ്രമേഹ രോഗിയായ അങ്കുഷ്, അമിത രക്തസ്രാവത്താൽ വലയുന്ന റെയിനു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തലമുറകൾക്കു വേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുന്ന സെവന്തി ഭായ്, രവിന്ത ഭായ്, ദുർഗവതി ഭായ്, മീനാക്ഷി, കിരണിന്റെ ഭാര്യ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പോകുന്ന സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## 27 നവംബർ
### വ്യാഴം

**ജന്മദിനാശംസകൾ**

ലിങ്ങ്തിൻകിം ഹയോകിപ്

## കർണ്ണാടക

### ഹലിയാൽ & ഖാനാപുർ

**തങ്ങ്ലാൽ സൗർ & നെംസാവാഹ്**

ഒരു പൈതലിനു വേണ്ടി പ്രാർത്ഥനയോടെ ഏഴു വർഷമായി കാത്തിരിക്കുന്ന റീനക്കു ദൈവകൃപയൽ ഒരു കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. രക്തത്തിലെ കൗണ്ട് കുറയുന്നതിനാൽ ഭാരപ്പെട്ട എല്ലപ്പയെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. ഹൃദയ സംബന്ധമായ രോഗത്താലും ശ്വാസകോശ അണുബാധയാലും ആശുപത്രിയിൽ പ്രവേശിപ്പിച്ച ബാസപ്പയെ കർത്താവ് സൗഖ്യമാക്കി. അടുത്ത നാളിൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച സ്വർണ്ണ, ഭർത്താവിന്റെ എതിർപ്പിന്റെയും ഉപദ്രവത്തിന്റെയും മദ്ധ്യേ വിശ്വാസത്തിൽ നിലനിൽക്കുന്നു.

ഉഷ, രോണുക, ശാന്ത എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. 12 വർഷമായി പഞ്ചായത്തിൽ ജോലി ചെയ്യുന്ന എല്ലപ്പ സ്ഥിരമാകേണ്ടതിനായി പ്രാർത്ഥിക്കുക. രുധ്രേഷ്, ബെമ്മപ്പ എന്നിവർ മദ്യത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ത്വക്കു രോഗത്താൽ വലയുന്ന രുദ്രയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന ഉത്തപ്പ, ലക്ഷ്മണൻ, നാഗേഷ്, എല്ലപ്പ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നൻങ്കോട്ട് ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മുന്ദുഗോഡ്: കൊങ്ക ഗിരി ബാബു & ലൂർദ്ദു മേരി ആർ**

സുവിശേഷം പങ്കുവെച്ച സിദ്ദി ഗ്രാമത്തിൽ അനേക യുവജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. മൂന്നു കുടുംബത്തിലുള്ളവർ ആഴ്ച തോറുമുള്ള ഭവനപ്രാർത്ഥനക്കായി വിളിക്കുന്നു. ഈ മാസം സ്ത്രീകൾക്കായി സംഘടിപ്പിച്ച പരിശീലന പ്രോഗ്രാമിൽ 25 പേർ പങ്കെടുത്തു. ഇതിന്റെ എല്ലാ ചിലവുകളും പ്രദേശിക വിശ്വാസികൾ വഹിച്ചു. നാലു അന്വേഷകർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. കൃപയുടെ സഹോദരി, പൈതലിന്റെ വേർപാടിൽ വളരെയധികം കഷ്ടപ്പെട്ടു. ഇപ്പോൾ അവൾ ആറു മാസ ഗർഭിണിയാകുന്നു. ഇന്ദ്രനഗർ കോളനിയിലെ ഞായറാഴ്ച ആരാധനയിൽ മാണി, ലക്ഷ്മി എന്നീ പുതിയ കുടുംബങ്ങൾ പങ്കെടുക്കുന്നു.

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന നാരായണയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാതാപിതാക്കളുടെ ഉപദേശത്തെ എതിർത്തു അലസനായി കഴിയുന്ന ദിനേശിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഗണേഷ്, പരശുറാം എന്നിവർ മദ്യപാന സ്വഭാവം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവരുടെ മാതാവ് വിശ്വാസിയാകുന്നു. അനേക വർഷങ്ങളായി തലമുറക്കു വേണ്ടി ആകാംഷയോടെ കാത്തിരിക്കുന്ന ഷിവു, റേഷമ്മ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്കയുടെ പ്രവർത്തനം നിലെച്ച നാരായണപ്പയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 28 നവംബർ
### വെള്ളി

## ആന്ധ്രപ്രദേശ്

**ഡാമലച്ചെരുവ്**

**ജോൺ ഡേവിഡ് രാജ് (റിട്ട) & ജ്ഞാനശേഖരി**

ഏഴു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി വിശ്വാസിയായ സുവാർത്ത രത്തനമ്മയുടെ വൃക്ക സംബന്ധമായ രോഗം ശസ്ത്രക്രീയ ഇല്ലാതെ സൗഖ്യമായി. വിശ്വാസികൾ ചേർന്നു പ്രാർത്ഥിച്ചപ്പോൾ രാത്രി കാലങ്ങളിൽ നരേന്ദ്രയെ ഉപദ്രവിച്ചിരുന്ന പൈശാചിക ബന്ധനത്തിൽ നിന്നും പരിപൂർണ്ണ മോചനം ലഭിച്ചു. ഇതു നിമിത്തം ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പക്ഷാഘാതത്താൽ വലയുന്ന റെയ്ച്ചൽ ലക്ഷ്മിക്കു പെട്ടെന്നു കഠിനമായ തലവേദന വന്നു വിശ്വാസികൾ എണ്ണ പൂശി പ്രാർത്ഥിച്ചതിനെ തുടർന്നു അവൾ അത്ഭുത സൗഖ്യം പ്രാപിച്ചു. ബുദ്ധി വളർച്ചിയില്ലാത്ത സാക്ക എന്ന ചെറുപ്പക്കാരൻ ഭവനത്തിൽ നിന്നും കാണാതെ പോയി. പ്രാർത്ഥനയുടെ ഫലമായി അവൻ സുരക്ഷിതനായി മടങ്ങിവന്നു.

പരസഹായമില്ലാതെ ഗോവിന്ദമ്മക്കു മാസം തോറും സർക്കാരിൽ നിന്നു ലഭിക്കുന്ന സഹായം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും രമ്യ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തയിൽ നിന്നും വെങ്കിടമുനി, രാമമുർത്തി, ചന്ദ്ര, ജോൺ നഗജ് എന്നിവരുടെ മോചനത്തിനായി പ്രാർത്ഥിക്കുക. നന്ദിനിയുടെ ഗർഭസ്ഥ ശിശുവിന്റെ വളർച്ചക്കും ആരോഗ്യത്തിനുമായി പ്രാർത്ഥിക്കുക. ഗർഭാവസ്ഥയിൽ ശിശുക്കൾ അവർത്തിച്ചു നഷ്ടപ്പെടുന്ന ഗ്രാന പ്രിസ്കില്ല, റിബേക്ക എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്രത്തിൽ ട്യൂമർ ബാധിച്ച ദെബോരയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഭർത്താവും മകനും മരുമകളും റോഡപകടത്തിൽ മരിച്ചു പോയതിന്റെ വേദനയിൽ കഴിയുന്ന സുധയുടെ ആശ്വാസത്തിനും ബലത്തിനുമായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

**മെച്ചേരി**

**ആർ ആർ ധർമ്മരാജ് & മറിയസെൽവി**

വിശ്വാസിയായ വനിതയുടെ കന്നുകാലിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. കന്നെയായുടെ കൊച്ചുമകൾ നർമ്മദക്കു സുഖപ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. വിശ്വാസികൾക്കു തങ്ങളുടെ കൃഷിയിടത്തു വിത്തു വിതെക്കുന്ന തരത്തിൽ ദൈവം സമൃദ്ധിയായ മഴ നൽകി അനുഗ്രഹിച്ചു.

തങ്കരാജ്, രമേശ്, സെൽവരാജ്, ശേഖർ, രാജ്കുമാർ എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നടക്കുവാൻ കഴിയാതെ ഭാരപ്പെടുന്ന വെൻസിന്റെ ചലന ശേഷി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക ആശയകുഴപ്പത്തിൽ നിന്നും ശാരീരിക ബലഹീനതയിൽ നിന്നും അമല വിടുതൽ പ്രാപിക്കേണ്ടതിനായും അവളുടെ ഭാർത്താവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## 29 നവംബർ
### ശനി

## ജന്മദിനാശംസകൾ

മഗേഷ് ആർ

### എലംപിളെള

**സെൽവകുമാർ സ്റ്റാൻലി & ജപ ഹെലൻ റോസ്**



ഇവിടെ നടത്തിയ വേദപുസ്തക പരീക്ഷയിൽ അനേക കുട്ടികളും പ്രായമായവരും പങ്കെടുത്തു. രാത്രി യോഗങ്ങളിലും വേദപഠന ക്ലാസ്സിലും ഉപവാസ പ്രാർത്ഥനയിലും സജീവമായി പങ്കെടുക്കുന്ന വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കുന്നു. ബീഹാറിൽ നിന്നും കുടിയേറ്റ തൊഴിലാളിയായി വന്ന രജ്ജിത് ഉദരത്തിലും തോളത്തും ഉണ്ടായ വേദനകളിൽ നിന്നും സൗഖ്യം പ്രാപിച്ചു. ശസ്ത്രക്രീയ ചെയ്യാതെ പ്രാർത്ഥനയാൽ ദൈവം റാണിയുടെ സഹോദരൻ അജ്ജിയായെ കൃപയാൽ സൗഖ്യമാക്കി.



കാകപാളയം, വെമ്പടിത്താലം, നടുവാനെരി, വേലകൗണ്ട പാളയം എന്നീ ഗ്രാമങ്ങളിലുള്ള സുവിശേഷത്തിൽ വിശ്വസിക്കുന്നവർ തങ്ങളുടെ വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനുള്ള തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. ശീനിവാസൻ, വിഷ്ണു എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കണ്ണിൽ ഉണ്ടായ പരു നിമിത്തം വേദനിക്കുന്ന എഡ്വേർഡിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അളാകമ്മ, മറിയാമ്മ, നീല, പെരുമാൾ, മാഗേശ്വരി, വിഘ്നേശ്, ജ്യോതി, വീരരാഘവൻ എന്നീവർ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തടസ്സങ്ങളെ അതിജീവിച്ച് യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക.

## ക്രിസ്തുവിനു വേണ്ടി കഷ്ടം സഹിപ്പാൻ യോഗ്യരെന്നു എണ്ണി

മദ്ധ്യപ്രദേശിൽ ഉദൈനഗർ മിഷൻ വയിലിലുള്ള പത്ക്കുൻ ഗ്രാമത്തിൽ ജൂൺ 20 ന് വിശ്വാസികളായ മഞ്ജു, കിരൺ, മെയ്ദ, സച്ചിൻ, ജഗറാം ബാബ എന്നിവർ സന്തോഷപൂർവ്വം വിബിഎസ് നടത്തുകയായിരുന്നു. പെട്ടെന്ന് ഒരു കൂട്ടം സുവിശേഷ വിരോധികൾ കടന്നുവന്ന് പ്രശ്നമുണ്ടാക്കി പ്രോഗ്രാം അലങ്കോലമാക്കി. ആൾക്കൂട്ടം വ്യാജ കുറ്റാരോപണം നടത്തി ഈ വിശ്വാസികളെ വിവിധ ജയിലിൽ അടെച്ചു. ആദ്യം ഇതൊരു തിരിച്ചടിയായി തോന്നിയെങ്കിലും കർത്താവിന്റെ അപരാജിത വിശ്വസ്തതയുടെ സാക്ഷ്യമായി തീർന്നു. ഈ മേഖലയിലാകമാനമുള്ള കൂട്ടു വിശ്വാസികളും സംഘടന പ്രവർത്തകരും തീഷ്ണതയോടെ പ്രാർത്ഥിച്ചു. ദൈവം അവരുടെ കണ്ണുനീർ കണ്ടു. 89 -ാമത്തെ ദിവസം ദൈവം അവരെ അത്ഭുതകരമായി വിടുവിച്ചു. അവർ ദൈവീക വിടുതലിൽ സന്തോഷിച്ചാനന്ദിച്ച് ജയിലിനു വെളിയിൽ വന്നു.

അവരിൽ ഓരോരുത്തർക്കും ദൈവകൃപയുടെ അനുഭവങ്ങൾ പറയുവാനുണ്ട്. മജ്ജുവിന്റെ സർക്കാർ ജോലി നഷ്ടപ്പെട്ടു. പരീക്ഷ എഴുതുവാൻ കഴിഞ്ഞില്ല എന്നിട്ടും അവരുടെ ഭാവി ദൈവീക കരങ്ങളിൽ സുരക്ഷിതമെന്ന ഉത്തമ ബോധ്യത്തോടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. മൂന്നു മാസം ഗർഭിണിയായ കിരണിനെ ജയിലിൽ ദൈവം അത്ഭുതകരമായി പരിപാലിച്ചു. പതിനൊന്നാം ക്ലാസ്സ് വിദ്യാർത്ഥികളായ മെയ്ദ, സച്ചിൻ എന്നിവർ തങ്ങളുടെ പഠനം പുനരാരംഭിച്ചു. മെയ്ദ പൂർണ്ണ സമയ സുവിശേഷ ഘവേലക്കായി തന്നെ സമർപ്പിച്ചു. ജയിൽ മോചിതനായ ജഗറാംബാബ തന്റെ കുടുംബാംഗങ്ങളെയും മിത്രങ്ങളെയും വിളിച്ചു കൂട്ടി ക്രിസ്തുവിനു വേണ്ടി കഷ്ടം സഹിപ്പാൻ യോഗ്യനായി എണ്ണിയ ദൈവസാന്നിധ്യം ജയലിൽ അനുഭവിച്ച വിധങ്ങൾ വിവരിച്ചു.

അവർ മർദ്ദനം ഏറ്റെങ്കിലും പരിഹാസവും നിന്ദയും സഹിച്ചെങ്കിലും ക്രിസ്തുവിനു കഷ്ടം സഹിക്കുവാൻ ഭാഗ്യം ലഭിച്ചതിൽ ആനന്ദിച്ചു. അവരുടെ ഉറച്ച വിശ്വാസം, പീഡനം അനുഭവിക്കുന്ന വിശ്വാസികൾക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കുവാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. കർത്താവ് തനിക്കു വേണ്ടി നിലകൊള്ളുന്നവർക്കു എല്ലായ്പ്പോഴും സമീപസ്ഥനാണെന്നതും നാം അറിയുന്നു. എല്ലാ മഹത്വവും കർത്താവിനു മാത്രം!

**30** നവംബർ

ബുധൻ

## ജന്മദിനാശംസകൾ

സുഗന്ധി പുഷ്പം ജന്നീസ്

## പരിഭാഷ

### വാർളി പരിഭാഷ

**ഏബ്രഹാം ജി & ഹേമലത**



1 തിമൊഥെയൊസ് മുതൽ യൂദ വരെയുള്ള 12 പുസ്തകങ്ങളുടെ പരിഭാഷയുടെ തെറ്റുത്തിരുത്തലുകൾക്കായുള്ള പരിശോധന ദൈവകൃപയാൽ പൂർത്തികരിച്ചു. ദൈവം വാർളി ജനതയെ അവരുടെ സ്വന്തം മാതൃഭാഷയിൽ വേദപുസ്തകം വായിച്ചു പഠിക്കുവാൻ പ്രാപ്തരാക്കുന്നു. അവർ ദിവസവും ഒരു അദ്ധ്യായം വായിക്കുകയും വാട്ട്സ്ആപ്പ് ഗ്രൂപ്പിലൂടെ ഒരു വാക്യം മനഃപാഠമാക്കുകയും ചെയ്യുന്നു. ദൈവകൃപയാൽ ഈ ക്രമീകരണത്തിലൂടെ അനേകർ ആത്മീകമായി ബലപ്പെടുന്നു.



ഡോഗ്രി, നിഹാരി ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ വെളിപ്പാട് പുസ്തകത്തിന്റെ തെറ്റുത്തിരുത്തൽ പരിശോധന താമസിപ്പിക്കാതെ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വാർളി ഭാഷയിൽ പുതിയ നിയമം സങ്കീർത്തനവും സദൃശ്യവാക്യങ്ങളും ഉൾപ്പെടുത്തി അച്ചടിക്കുന്നത് വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. വാർളി വിശ്വാസികൾക്കു അവരുടെ വയലുകളിൽ നല്ല വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഓഡിയോ വേദപുസ്തകത്തിലൂടെ വിശ്വാസികൾ ദൈവവചനം ഗ്രഹിച്ച് ആത്മീകമായി ദൈവസ്നേഹത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. പരിഭാഷ പ്രവർത്തനത്തിനു പ്രാദേശിക സഹായം തുടർന്നു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.



**ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ!**

2025 സെപ്റ്റംബർ 14 ന് മുബൈ സി എൻ ഐ മഹായിടവകയുടെ ആദ്യ തമിഴ് ആർച്ച് ബിഷപ്പായി സ്ഥാനാരോഹിതനായ റൈറ്റ് റവ. പ്രഭു ദുരൈ സ്വാമി ജപമണി B.D., D.Min ബിഷപ്പിന് ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ഊഷ്മളമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ആഴമായ പ്രതിബദ്ധതയോടും സമർപ്പണത്തോടും കൂടെ കഴിഞ്ഞ 11 വർഷമായി മുംബൈയിൽ വിശ്വസ്തതയോടെ ദൈവവേല ചെയ്ത കർത്താവിന്റെ ദാസനായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. പൂനെ ബൈബിൾ കോളജിൽ ദൈവശാസ്ത്ര പഠനം പൂർത്തീകരിച്ചു.

സമൃദ്ധിയായ ദൈവകൃപയും പരിജ്ഞാനവും ശക്തിയും തുടർന്നും നൽകി ദൈവം അദ്ദേഹത്തെയും ഭാര്യയെയും രണ്ടു പെൺമക്കളെയും മുന്നോട്ടു നയിക്കേണ്ടതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

റോബിൻസൺ ഹസ്താക്ക് –
സോണൽ സെക്രട്ടറി,
ഉത്തരേന്ത്യൻ മോബലൈസേഷൻ

ക്രിസ്തുവിൽ പ്രീയപ്പെട്ട സഹോദരി സഹോദരന്മാരേ,

ക്രിസ്തുമസ് നാളുകൾ അടുത്തുവരുകയാണല്ലോ. ക്രിസ്തുമസ് ആഘോഷങ്ങൾക്കായി ഭവനവും സഭയും വിപണികളും ഒരുങ്ങുകയാണ്.

ഈ ക്രിസ്തുമസിന് ആഘോഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കരുത്. ക്രിസ്തുവിനു മാത്രം നൽകുവാൻ കഴിയുന്ന യഥാർത്ഥ സന്തോഷം, സാധാരണക്കാരെ നിത്യതയുടെ അവകാശികളാക്കി മാറ്റുന്ന സന്തോഷം പങ്കുവെക്കാം.

ഇന്ന്, നമ്മുടെ പ്രീയപ്പെട്ട രാജ്യമായ ഇന്ത്യയിലുടനീളം എണ്ണമറ്റ ഹൃദയങ്ങൾ വിശ്രമം, വിടുതൽ, സൗഖ്യം, രൂപാന്തരീകരണം, വീണ്ടെടുപ്പ് എന്നിവക്കായി ദാഹിക്കുന്നു. ഈ ആഴത്തിലുള്ള നിലവിളിക്ക് യേശുക്രിസ്തുവിലൂടെ ഒരു നിമിഷം കൊണ്ട് ഉത്തരം ലഭിക്കുമെന്നു പലർക്കും ഇപ്പോഴും അറിയത്തില്ല. ഈ ആത്മീക വിശപ്പിനിടയിൽ നമ്മുടെ മിഷനറിമാരും സുവിശേഷകരും നമ്മുടെ സഹകാരികളും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയോടെ വെല്ലുവിളികളെ നേരിട്ടു കൊണ്ട് രാവും പകലും വിശ്വസ്തതയോടെ കഠിനാദ്ധ്വാനം ചെയ്യുന്നു.

ഈ ക്രിസ്തുമസ് കാലഘട്ടത്തിൽ FMPB യുടെ പ്രാർത്ഥനക്കൂട്ട നേതാക്കന്മാർ, അംഗങ്ങൾ ക്രിസ്തുമസ് ആശംസകൾ അറിയിക്കുവാൻ നിങ്ങളുടെ അടുക്കൽ വരുമ്പോൾ സ്നേഹത്തോടും ഉദാരമനസ്കതയോടും കൂടെ പ്രതികരിക്കുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു.

പതിവു പോലെ ഈ വർഷവും നമ്മുടെ മിഷനറിമാർക്കും സുവിശേഷകർക്കും ബാലഭവനത്തിലെ കുട്ടികൾക്കും **ക്രിസ്തുമസ്/ പുതുവത്സരസമ്മാനങ്ങൾ** നാം നൽകുന്നതാണ്. ഈ ക്രിസ്തുമസ്/ പുതുവത്സര നാളുകളിൽ വിവിധ തരത്തിലുള്ള വെല്ലുവിളികളുടെ മദ്ധ്യേ ശുശ്രുഷ ചെയ്യുന്ന നമ്മുടെ സഹോദരി സഹോദരന്മാരായ മിഷനറിമാർ ഉത്സാഹപൂർവ്വം കർത്താവിന്റെ വേല തുടരുന്നതിനായി, അവർക്കു ഒരു സ്നേഹ സമ്മാനം നൽകുന്നതിനായി, ഈ ശുശ്രൂഷയിലുള്ള നിങ്ങളുടെ സജീവ പങ്കാളിത്വത്തിന്റെ തുടർച്ചയായി ഔദാര്യമായ സംഭാവനകൾ നൽകുക. നിങ്ങളുടെ സംഭാവനകൾ ക്രിസ്തുമസ്/പുതുവത്സര സമ്മാനം എന്നു പ്രത്യേകം രേഖപ്പെടുത്തി നൽകുക.

താഴെ കൊടുത്തിരിക്കുന്ന ബാങ്കിലേക്കു നേരിട്ടു പണമയക്കുന്നവർ ദയവായി "Christmas Gift" എന്നു രേഖപ്പെടുത്തുക. നിങ്ങളുടെ ഔദാര്യ മനസ്സിനെ കർത്താവ് അനുഗ്രഹിക്കുമാറാകട്ടെ!

**Details of online Banking & a/c name**

Cheque / DD to be drawn in favour of
"FRIENDS MISSIONARY PRAYER BAND"
State Bank of india: a/c no. 10402752621
IFs Code: SBIN0000987 Branch: Ambattur

29, High School Road, Ambattur,
Chennai - 600 053. South India.
Ph: 044-2657 0404 | 2657 4343